കേരള സർക്കാർ

# പുതുക്കിയ
# ബജറ്റ് പ്രസംഗം
# 2026-2027

വി.ഡി. സതീശൻ
മുഖ്യമന്ത്രി




19 ജൂൺ 2026

കേരള സർക്കാർ

# പുതുക്കിയ
# ബജറ്റ് പ്രസംഗം
# 2026-2027


## വി.ഡി.സതീശൻ
മുഖ്യമന്ത്രി


19 ജൂൺ 2026

# ഉള്ളടക്കം


| | |
|---|---|
| **ഭാഗം - I** | 1 |
| ആമുഖം | 1 |
| **ഭാഗം - II** | 7 |
| മിഷൻ സമുദ്ര | 7 |
| മാരിടൈം മ്യൂസിയം | 9 |
| സതേൺ കേരള ഇക്കണോമിക് കോറിഡോർ & റയർ എർത്ത് ആന്റ് ക്രിട്ടിക്കൽ മിനറൽസ് കോറിഡോർ | 9 |
| ഏവിയേഷൻ ഹബ്ബ് | 11 |
| ഇൻവെസ്റ്റ് കേരളം | 12 |
| കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം | 14 |
| വൺ കേരള കരുതൽ മിഷൻ | 15 |
| ഗ്ലോബൽ ജോബ് വാച്ച് ടവർ | 16 |
| സ്പേസ് ഇക്കോണമി | 16 |
| കേരള നോളജ് വാലി | 17 |
| വയനാട് ട്രൈബൽ സർവ്വകലാശാലയും തദ്ദേശീയ വിജ്ഞാന മേഖലയും | 18 |
| കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി | 19 |
| റിസർച്ച് പാർക്ക് | 20 |
| കേരള സിൽവർ ഇക്കോണമി | 20 |
| കെയർ ഗിവർ പദ്ധതി | 21 |
| ഭൂനിയമങ്ങളിലെ പരിഷ്കരണം | 22 |
| പുനരുപയോഗ ഊർജ്ജം | 23 |
| സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സോൺ | 24 |
| മലബാർ ഫുട്ബോൾ സ്റ്റേഡിയം | 25 |
| ബ്രാന്റ് കേരളം | 25 |
| ഫിഷറീസ് സബ് - പ്ലാൻ | 26 |

| | |
|---|---|
| കേരള അർബൻ ഗ്രോത്ത് മിഷൻ | 26 |
| ജെ.സി.ഡാനിയൽ ഇന്റർനാഷണൽ ഫിലിം സിറ്റി–ചിത്രനഗരം | 28 |
| എം. ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്ക് | 28 |
| ജോൺസൺ മ്യൂസിക് അക്കാദമി | 29 |
| ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി | 29 |
| പാചകകല ഇൻസ്റ്റിറ്റ്യൂട്ട് | 30 |
| കേരള ഡിസാസ്റ്റർ റസിലിയൻസ് പ്രോഗ്രാം | 30 |
| കേരള സ്കൂൾ ഓഫ് പ്ലാനിംഗ്, ആർക്കിടെക്ചർ & ഡിസൈൻ | 31 |
| പ്രവാസി പങ്കാളിത്തം | 32 |
| ഗ്ലോബൽ ഫർണിച്ചർ ഹബ്ബ് | 33 |
| ഗ്ലോബൽ ഗോൾഡ് ഹബ്ബ് | 33 |
| തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ | 34 |
| ജെൻ Z- ആന്റ് ന്യൂ-ജെൻ ടെക്നോളജി | 34 |
| **ഭാഗം - III** | 35 |
| ഇന്ദിരാ ഗ്യാരണ്ടി | 37 |
| കൃഷിയും അനുബന്ധ മേഖലയും | 38 |
| മൃഗ സംരക്ഷണം | 40 |
| മത്സ്യ ബന്ധനം | 42 |
| വനം-വന്യജീവി | 44 |
| ഗ്രാമ വികസനം | 46 |
| സഹകരണം | 48 |
| ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 49 |
| ഊർജ്ജം | 49 |
| വ്യവസായം | 50 |
| ഗതാഗതം | 52 |

| | |
|---|---|
| വിനോദ സഞ്ചാരം | 54 |
| ശാസ്ത്ര സേവനങ്ങളും ഗവേഷണവും | 56 |
| പൊതുവിദ്യാഭ്യാസം | 56 |
| ഉന്നത വിദ്യാഭ്യാസം | 58 |
| കല - സാംസ്കാരികം | 60 |
| കായിക-യുവജനകാര്യ മേഖല | 60 |
| വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും | 61 |
| തൊഴിലും തൊഴിലാളിക്ഷേമവും | 64 |
| പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം | 65 |
| സാമൂഹ്യ സുരക്ഷയും ക്ഷേമവും | 68 |
| എക്സൈസ് | 70 |
| പോലീസ് | 71 |
| റവന്യൂ | 74 |
| രജിസ്ട്രേഷൻ | 76 |
| പൊതുമരാമത്ത് | 79 |
| ഭക്ഷ്യ പൊതുവിതരണം | 80 |
| സംസ്ഥാന ചരക്ക് സേവന നികുതി | 85 |
| ലോട്ടറി | 86 |
| ജീവനക്കാര്യം | 87 |
| **ഭാഗം - IV** | 88 |
| വിഭവ സമാഹരണം | 88 |
| **ഭാഗം - V** | 94 |
| ഉപസംഹാരം | 94 |

## ഭാഗം – I

## ആമുഖം

1. സർ, കേരള സംസ്ഥാനത്തിന്റെ 2026-27-ലെ പുതുക്കിയ ബജറ്റ് ഞാൻ നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുക യാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഈ പുതുക്കിയ ബജറ്റ് അടുത്ത അഞ്ച് വർഷം കൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസന-ക്ഷേമ പ്രവർത്തനങ്ങളുടെ ഒരു ദിശാ സൂചിക ആയിരിക്കും. വ്യക്തവും നിർണ്ണായകവുമായ ജനവിധിയോടെയാണ് ഈ സർക്കാർ അധികാരത്തിൽ വന്നിട്ടുള്ളത്. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ – വിദ്യാഭ്യാസ - സാമൂഹ്യ മേഖലകൾ എന്നിവ സമീപകാലത്ത് കടുത്ത വെല്ലുവിളി കളും സമ്മർദവും നേരിടുകയാണ്. കേരളത്തിന്റെ സാമൂഹിക വികസന സൂചികകൾ കുറച്ച് വർഷങ്ങളായി സ്തംഭനാവസ്ഥയിലാണ്. കൂടാതെ, യുവജനങ്ങളുടെ തൊഴിലില്ലായ്മ ഒരു ആശങ്കയായി നിലകൊള്ളുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ആരോഗ്യ-വിദ്യാഭ്യാസ മേഖല കൾ മെച്ചപ്പെടുത്തുന്നതിനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, വയോജനങ്ങളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും പിന്നോക്കാവസ്ഥയിലുള്ളവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് സാമൂഹ്യനീതിയോടു കൂടിയ സാമ്പത്തിക വളർച്ചയും പാരിസ്ഥിതിക ഉത്തരവാദിത്തത്തോടുകൂടിയ ആധുനിക അടിസ്ഥാന സൗകര്യ വികസനവും സമന്വയിപ്പിക്കുന്ന ഒരു

പുതിയ കാലഘട്ടത്തിലെ ‘പുതുയുഗ കേരളം’ സൃഷ്ടിക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

2. തീർപ്പാകാതെയുള്ള പ്രതിബദ്ധതകളും സാമ്പത്തിക ബാദ്ധ്യതകളും ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ നിലവിലെ യഥാർത്ഥ ധനസ്ഥിതിയെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നതിനും സുതാര്യവും ഉത്തരവാദിത്ത പൂർണ്ണവുമായ സാമ്പത്തിക വീണ്ടെടുക്കൽ തന്ത്രത്തിന് അടിത്തറയിടുന്നതിനുമാണ് ധവളപത്രം ജനങ്ങൾക്ക് മുമ്പാകെ ഈ സർക്കാർ സമർപ്പിച്ചിട്ടുള്ളത്.

3. നിലവിൽ, 5.07 ലക്ഷം കോടി രൂപയുടെ (RBI യുടെ കണക്കനുസരിച്ച്) ആകെ കടബാധ്യത, മൊത്തം റവന്യൂ വരുമാനത്തിന്റെ 77% വരുന്ന ശമ്പളം, പെൻഷൻ, പലിശ എന്നിവയടങ്ങുന്ന നിർബന്ധിത ചെലവുകൾ (Committed Expenditure), റവന്യൂ വരുമാനത്തിന്റെ 20.9% വരുന്ന പലിശ അടവുകൾ എന്നീ വലിയ സാമ്പത്തിക വെല്ലുവിളികളാണ് കേരളം നേരിടുന്നത്. സംസ്ഥാനത്തിന്റെ മൂലധനചെലവ് മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.3% ആണ്. ഇത് ഇന്ത്യയിലെ തന്നെ ഏറ്റവും താഴ്ന്ന നിരക്കുകളിലൊന്നാണ്. 2015-16-ൽ, കേരളത്തിന്റെ തനത് നികുതി വരുമാനം ജി.എസ്.ഡി.പി-യുടെ 6.94 ശതമാനമായിരുന്നു. ഇത് പ്രധാന സംസ്ഥാനങ്ങളുടെ ശരാശരിയായ 6.35 ശതമാനത്തേക്കാൾ 0.59 ശതമാനം മുകളിലായിരുന്നു. 2025-26-ൽ, ജി.എസ്.ഡി.പി-യുടെ 6.41 ശതമാനത്തിൽ നിൽക്കുന്ന കേരളത്തിന്റെ തനതു വരുമാനം ഇപ്പോൾ സമാന സംസ്ഥാനങ്ങളുടെ ശരാശരിയായ 6.84 ശതമാനത്തിനും പ്രധാന

സംസ്ഥാനങ്ങളുടെ ശരാശരിയായ 7 ശതമാനത്തിനും ദേശീയ ശരാശരിയായ 7.14 ശതമാനത്തിനും താഴെയാകുകയും ചെയ്തു.

4. 2026 ജനുവരിയിൽ അവതരിപ്പിച്ച ബജറ്റിൽ തെറ്റായ അനുമാനത്തിൽ റവന്യു ഡെഫിസിറ്റ് ഗ്രാന്റ് (14,137.69 കോടി രൂപ), മറ്റ് ഗ്രാന്റുകൾ, കേന്ദ്രനികുതി വിഹിതം എന്നീ ഇനങ്ങളിലായി ആകെ 20,500 കോടി രൂപ അധികമായാണ് കഴിഞ്ഞ സർക്കാർ കണക്കാക്കിയിരുന്നത്. ഇക്കാരണത്താൽ ഈ സർക്കാർ പുതുക്കിയ ബജറ്റ് അവതരിപ്പിക്കുമ്പോൾ റവന്യു ഡെഫിസിറ്റ് ഗ്രാന്റ്, മറ്റ് ഗ്രാന്റുകൾ, കേന്ദ്രനികുതി വിഹിതം എന്നീ ഇനങ്ങളിലായി ആകെ 20500 കോടി രൂപയുടെ കുറവുണ്ടാകുന്നു. പ്രതീക്ഷിത വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഈ ഗണ്യമായ കുറവ് കണക്കിലെടുക്കാതെയാണ് പദ്ധതി അടങ്കൽ 35,750 കോടി രൂപയായി മുൻ സർക്കാർ നിശ്ചയിച്ചിരുന്നത്. ഈ കുറവ് കണക്കിലെടുക്കുമ്പോൾ യഥാർത്ഥ പദ്ധതി അടങ്കലിൽ ആനുപാതികമായ കുറവ് ഉണ്ടാകും.

5. കൊടുത്തു തീർക്കേണ്ട ബാദ്ധ്യതകളിൽ ക്ഷാമബത്ത കുടിശ്ശികയിനത്തിൽ 21,670 കോടി രൂപയും ക്ഷാമാശ്വാസ കുടിശ്ശികയിനത്തിൽ 14,387 കോടി രൂപയും ബിൽ ഡിസ്കൗണ്ടിംഗ് വഴി ബാങ്കുകൾക്കും കരാറുകാർക്കുമായി നൽകാനുള്ള 3,431 കോടി രൂപയും മാറ്റിവെക്കപ്പെട്ട 9,245 കോടി രൂപയുടെ മറ്റ് ബാദ്ധ്യതകളും കിഫ്ബിയുടെ 21,000 കോടി രൂപയുടെ വായ്പാ തിരിച്ചടവിന്റെ ബാദ്ധ്യതയും ധവളപത്രപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പെൻഷൻ കമ്പനിയുടെ (Kerala Social Security Pension

Ltd.) 17,279 കോടി രൂപയുടെ ബാദ്ധ്യതയും ചേർത്ത് 2026 മാർച്ച് 31 വരെ ആകെ 87,012 കോടി രൂപയാണ് ഈ സർക്കാരിന് നൽകേണ്ടി വരുന്നത്. ഇതിനു പുറമെ ഏകദേശം 35,000 കോടി രൂപ ചെലവ് വരുന്ന കിഫ്ബിയുടെ പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തേണ്ടതിന്റെ ബാദ്ധ്യതയും ഈ സർക്കാരിന്റെ ചുമലിലാണ്. സർക്കാർ എടുത്ത വായ്പയുടെ പലിശ നിരക്കിനെക്കാൾ ഉയർന്ന നിരക്കിലാണ് കിഫ്ബി ബജറ്റിതര (Off-Budget Borrowing) വായ്പ എടുക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ വായ്പയും കടബാധ്യതയും അനുവദനീയമായ പരിധിക്കപ്പുറത്തേക്ക് വർദ്ധിക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക അസന്തുലിതാവസ്ഥയ്ക്കും കാരണമാകുന്നുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച് കിഫ്ബിയുടെ നിലവിലെ പ്രവർത്തനരീതി സമഗ്രമായി പരിഷ്കരിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്. 01.07.2024 മുതൽ നടപ്പിലാക്കേണ്ട ജീവനക്കാരുടെ ശമ്പള-പെൻഷൻ പരിഷ്കരണം നടപ്പിലാക്കുകയും ലീവ് സറണ്ടർ ആനുകൂല്യം പുന:സ്ഥാപിക്കുകയും ചെയ്താൽ ഇതിലും കൂടുതൽ ബാധ്യത ഈ സർക്കാരിന് ഏറ്റെടുക്കേണ്ടി വരും.

6. പദ്ധതി അടങ്കൽ വർദ്ധിപ്പിക്കാതെ പദ്ധതി ചെലവ് പെരുപ്പിച്ച് കാണിക്കുവാൻ, കഴിഞ്ഞ സർക്കാർ യഥാർത്ഥ പദ്ധതി കണക്കുകളിൽ കിഫ്ബിയുടെയും ചില പൊതുമേഖലാ സ്ഥാപനങ്ങളുടെയും കണക്കുകൾ ബജറ്റ് എസ്റ്റിമേറ്റിൽ ചേർക്കാതെ പദ്ധതി ചെലവിൽ ഉൾപ്പെടുത്തുകയുണ്ടായി. ഈ തെറ്റായ പ്രവണത പദ്ധതി ചെലവിന്റെ യഥാർത്ഥ

വസ്തുത പ്രതിഫലിപ്പിക്കാത്ത സാഹചര്യം സൃഷ്ടിക്കുകയും സ്വതവേ ദുർബലമായ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലാക്കുകയും ചെയ്തു. പശ്ചിമേഷ്യൻ സംഘർഷം ഉളവാക്കിയിട്ടുള്ള അനിശ്ചിതത്വവും തന്മൂലം പ്രവാസി പണത്തിൽ (Remittance) ഉണ്ടാകാൻ സാധ്യതയുള്ള കുറവും എണ്ണ വിലയിലെ മാറ്റങ്ങൾ സൃഷ്ടിച്ച പണപെരുപ്പവും സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന ധവളപത്രത്തിലെ കണ്ടെത്തലുകളുടെയും മേൽ പ്രതിസന്ധികളുടെയും പശ്ചാത്തലത്തിലാണ് ഈ സർക്കാരിന്റെ പ്രഥമ ബജറ്റ് ഞാൻ അവതരിപ്പിക്കുന്നത്.

7. സർ, ഇത്തരം കടുത്ത പ്രതിസന്ധികൾക്കിടയിലും ഈ സർക്കാർ പ്രഖ്യാപിച്ച ആറ് ഇന്ദിരാ ഗാരന്റികളിൽ കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡേഴ്സിനും സൗജന്യയാത്ര, വയോജന ക്ഷേമ വകുപ്പ് രൂപീകരണം എന്നിവ ഈ സർക്കാർ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ/ഹെൽപ്പർമാർ, പ്രീ-പ്രൈമറി ടീച്ചർമാർ/ഹെൽപ്പർമാർ എന്നീ വിഭാഗങ്ങളുടെ ഓണറേറിയവും, പാചകത്തൊഴിലാളികളുടെ വേതനവും വർദ്ധിപ്പിച്ചിട്ടുണ്ട്.

8. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ നിക്ഷേപങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് കേരളത്തെ ഒരു **'ഡെസ്റ്റിനേഷൻ പോയിന്റ്'** ആയി ഉയർത്തുകയാണ് സർക്കാരിന്റെ പ്രാഥമിക ലക്ഷ്യം.

9. സംസ്ഥാനത്തിന്റെ ജനസംഖ്യയിൽ ഘടനാപരമായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഡിമോഗ്രാഫിക് ഡിവിഡന്റ് (Demographic Dividend) ആയി മാറിയിരിക്കുന്ന യുവാക്കളുടെ എണ്ണം സംസ്ഥാനത്തിന്റെ ജനസംഖ്യയിൽ കുറഞ്ഞുവരികയാണ്. ഇതു കൂടാതെ യുവാക്കൾ തൊഴിൽ തേടി വിദേശ രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നുണ്ട്. ജനസംഖ്യയിലുണ്ടാകുന്ന ഘടനാപരമായ മാറ്റം സംബന്ധിച്ച് ഒരു സമഗ്രമായ പഠനം അനിവാര്യമാണ്. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാകേണ്ട, വിദേശത്തേയ്ക്ക് തൊഴിൽ തേടി പോകുന്ന യുവാക്കൾക്ക് മികച്ച വിദ്യാഭ്യാസവും, തൊഴിലവസരവും നൽകിക്കൊണ്ട് അവരെ സംസ്ഥാനത്തിന്റെ വികസനത്തിൽ പങ്കാളികളാക്കേണ്ടതുണ്ട്. അതോടൊപ്പം ജനസംഖ്യാനുപാതികമായി വർദ്ധിച്ചു വരുന്ന വയോജനങ്ങൾക്ക് സംസ്ഥാനത്ത് ആവശ്യമായ മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനോടൊപ്പം അവരുടെ കഴിവും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു സിൽവർ എക്കോണമിയും സൃഷ്ടിക്കേണ്ടതായിട്ടുണ്ട്.

10. സംസ്ഥാനത്തിന്റെ സാമ്പത്തികമായ പരാധീനതകളും ഘടനാപരമായ മാറ്റങ്ങളും പരമ്പരാഗത മാർഗ്ഗങ്ങളിൽ കൂടി മാത്രം പരിഹരിക്കുവാൻ സാധിക്കുകയില്ല. ആധുനികവും നൂതനവുമായ മാർഗ്ഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച് വിവിധ മേഖലകളിൽ വൻകിട നിക്ഷേപം ആകർഷിച്ച് ഖജനാവിൽ പണം സമാഹരിച്ചുകൊണ്ട് ആ സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം (Equitable Distribution of Wealth) ഉറപ്പാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്വപ്ന പദ്ധതികളെക്കുറിച്ചാണ് ഞാൻ ഇനി വ്യക്തമാക്കുവാൻ പോകുന്നത്.

## ഭാഗം – II

## മിഷൻ സമുദ്ര

11. സർ, കേരളത്തിന്റെ 600 കിലോമീറ്റർ തീരദേശം, രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങൾ, ഒരു കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ, 17 നോൺ മേജർ തുറമുഖങ്ങൾ മറ്റനേകം ജലസ്രോതസ്സുകൾ, തുടങ്ങിയ സാധ്യതകൾ സംയോജിപ്പിച്ച് അഞ്ചുവർഷത്തിനുള്ളിൽ കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ വൻ ശക്തിയായി ഉയർത്തുന്നതിനുള്ള പദ്ധതിയായ "മിഷൻ സമുദ്ര" നടപ്പിലാക്കും. കേരളത്തെ ഒരു പോർട്ട് സിറ്റിയായി വിഭാവനം ചെയ്ത് റോഡ്, സമുദ്രം, റെയിൽ, ഉൾനാടൻ ജലപാതകൾ, നിർമ്മാണ മേഖലകൾ, ഗ്രീൻഫീൽഡ് സിറ്റി, എന്നിവയെല്ലാം ബന്ധിപ്പിച്ചുകൊണ്ടുള്ള മാരിടൈം സമ്പദ്വ്യവസ്ഥയിലേക്ക് കേരളത്തെ മാറ്റും.

12. വിഴിഞ്ഞം ട്രാൻസ്ഷിപ്മെന്റ് ടെർമിനലിനെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഗതാഗത ബന്ധം മെച്ചപ്പെടുത്തുന്നതിനുമായി ബാലരാമപുരം - വിഴിഞ്ഞം ഭൂഗർഭ റയിൽ, വിഴിഞ്ഞം – നാവായിക്കുളം ഔട്ടർ റിംഗ് റോഡ് എന്നീ പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും വേഗത്തിൽ നടപ്പിലാക്കും.

13. വിഴിഞ്ഞം, കൊച്ചി തുറമുഖങ്ങൾക്ക് ചുറ്റും നിർമ്മാണ മേഖലകൾ, സ്റ്റഫിങ് സെന്ററുകൾ, ഡ്രൈ പോർട്ട് എന്നിവ ആരംഭിക്കും. ആഗോള ഷിപ്പിംഗ് വ്യവസായം ഹരിത ഇന്ധനങ്ങളിലേക്ക് മാറിയ അവസരം പ്രയോജനപ്പെടുത്തി, ഗ്രീൻ ബങ്കറിംഗ് സേവനം നൽകുന്ന ഇന്ത്യയിലെ ആദ്യ

തുറമുഖമായി വിഴിഞ്ഞത്തെ ഉയർത്തും. മദർഷിപ്പ് നിർമ്മാണം, അവയുടെ അറ്റകുറ്റപ്പണി എന്നിവ ലക്ഷ്യമാക്കി കപ്പൽ നിർമ്മാണ കേന്ദ്രം സ്ഥാപിക്കും. ഇതിനായി ആവശ്യമായ സ്ഥലം ഏറ്റെടുത്ത് അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കും. ഇത്തരത്തിലുണ്ടാകുന്ന തൊഴിലവസരങ്ങളിൽ തീരപ്രദേശത്ത് ജീവിക്കുന്ന സാധാരണക്കാർക്ക് സംവരണം നൽകും.

14. സംസ്ഥാനത്തെ നിർണ്ണായകമായ നാല് പ്രധാന നോൺ മേജർ തുറമുഖങ്ങളായ വിഴിഞ്ഞം - കോവളം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവയുടെ വികസനത്തിനായും, കടൽ വഴിയുള്ള ചരക്ക് ഗതാഗതത്തിനും, മറ്റ് തുറമുഖ അധിഷ്ഠിത വ്യവസായങ്ങൾക്കും, ലോജിസ്റ്റിക്സ്, കപ്പൽ അനുബന്ധ പ്രവർത്തനങ്ങൾക്കും, മറ്റ് 13 നോൺ മേജർ തുറമുഖങ്ങളിലെ തുറമുഖ ഭൂമികൾ, കെട്ടിടങ്ങൾ, മറ്റ് ആസ്തികൾ പ്രയോജനപ്പെടുത്തി സ്വകാര്യ പങ്കാളിത്ത ത്തോടെ മാരിടൈം ടൂറിസം, ലോജിസ്റ്റിക്സ്, മാരിടൈം വ്യവസായം, മാരിടൈം നിയമ വിദ്യാഭ്യാസം, മാരിടൈം മ്യൂസിയം എന്നിവ ഉൾപ്പെടുന്ന കേരള മാരിടൈം പോളിസി രൂപീകരിക്കും.

15. വൻകിട-ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് ഘട്ടംഘട്ട മായി ജലഗതാഗത സംവിധാനം വികസിപ്പിക്കും. ആദ്യഘട്ടത്തിൽ കാര്യക്ഷമമായ ചരക്ക് ഗതാഗതം, തുടർന്ന് യാത്രാ സേവനങ്ങൾ, അവസാന ഘട്ടത്തിൽ ജലാശയങ്ങളെ ബന്ധിപ്പിച്ച് ഏകീകൃത നെറ്റ്‌വർക്ക് എന്നിവ സ്ഥാപിക്കും.

**പോർട്ട് സിറ്റി ഉൾപ്പെടുന്ന മിഷൻ സമുദ്ര പദ്ധതിക്കായി 400 കോടി രൂപ വകയിരുത്തുന്നു.**

**മാരിടൈം മ്യൂസിയം**

16. പുരാതന തുറമുഖമായ മുസിരിസ് മുതൽ പേരുകേട്ട ബേപ്പൂർ ഉരു നിർമ്മാതാക്കൾ വരെയും കൊല്ലം (ക്വായിലോൺ) ട്രേഡ് റൂട്ട് മുതൽ ആധുനിക കാലത്തെ വിഴിഞ്ഞം ആഴക്കടൽ തുറമുഖം വരെയും കേരളത്തിന് മാരിടൈം ചരിത്രത്തിൽ കേന്ദ്രസ്ഥാനമുണ്ട്. ഈ പൈതൃകം സംരക്ഷിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഇതേക്കുറിച്ച് അറിവ് നൽകുന്നതിനുമായി കേരളത്തിന്റെ സമുദ്രയാത്രാ ചരിത്രം, കപ്പൽ നിർമ്മാണ പാരമ്പര്യം, വാണിജ്യപൈതൃകം, കടൽമേഖലാ ജീവിത സംസ്കാരം എന്നിവയെ ഒരുമിപ്പിക്കുന്ന ഒരു **അന്തർദേശീയ മാരിടൈം മ്യൂസിയം** സ്ഥാപിക്കും. സംവേദനാത്മക പ്രദർശനങ്ങൾ, പൗരാണിക രേഖകളുടെ ശേഖരങ്ങൾ, ഗവേഷണ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്ന കേരള മാരിടൈം ടൂറിസത്തിന്റെ അടിത്തറ യായിരിക്കും ഇത്. കേരളത്തെ മുൻനിര എക്കോണമിയും മാരിടൈം ലോജിസ്റ്റിക്സ് ഹബ്ബും ആയി മാറ്റുന്നതിനുള്ള സർക്കാരിന്റെ ലക്ഷ്യത്തിന് നിദർശനമായിരിക്കും ഈ മ്യൂസിയം. **ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.**

**സതേൺ കേരളാ ഇക്കണോമിക് കോറിഡോർ & റയർ എർത്ത് ആന്റ് ക്രിട്ടിക്കൽ മിനറൽസ് കോറിഡോർ**

17. ലോകോത്തരമായ വിഴിഞ്ഞത്തെ ആഴക്കടൽ തുറമുഖം, തീരദേശത്തെ നിർണായക ധാതുസമ്പത്ത്, അപൂർവ്വ ധാതുക്കളുടെ നിക്ഷേപങ്ങൾ, ബഹിരാകാശ - സാങ്കേതിക സ്ഥാപനങ്ങൾ, സമാനതകളില്ലാത്ത സാധ്യതകളുള്ള ഒരു ബ്ലൂ ഇക്കോണമി എന്നിങ്ങനെ സവിശേഷ ഘടകങ്ങൾ

ഒത്തു ചേരുന്ന തെക്കൻ ജില്ലകളാണ് തിരുവനന്തപുരവും കൊല്ലവും ആലപ്പുഴയും. ഈ മൂന്ന് ജില്ലകളെയും, തന്ത്രപരമായ ദേശീയ പ്രാധാന്യമുള്ള ഒരു ഏകീകൃത സാമ്പത്തിക മേഖലയായി സംയോജിപ്പിക്കുന്ന '**സതേൺ കേരളാ ഇക്കണോമിക് കോറിഡോർ**' സൃഷ്ടിക്കും. തിരുവനന്തപുരത്തെ (മേഖല 1) കേരളത്തിന്റെ നോളജ് ആൻഡ് സ്പേസ് ടെക്നോളജി ഹബ്ബായും കൊല്ലത്തെ (മേഖല 2) ധാതു സംസ്കരണത്തിന്റെയും അപൂർവ്വ ധാതുക്കളുടെ കേന്ദ്രമായും; ആലപ്പുഴയെ (മേഖല 3) ഇന്ത്യയുടെ ബ്ലൂ ഇക്കോണമി തലസ്ഥാനമായും മാറ്റും. ഒറ്റപ്പെട്ട പദ്ധതികളിലൂടെയല്ല, സംയോജിത പ്രാദേശിക ക്ലസ്റ്ററുകളിലൂടെയാണ് ആധുനിക സാമ്പത്തിക വളർച്ച കൂടുതലായി സംഭവിക്കുന്നത്. ലോജിസ്റ്റിക്സ്, സാങ്കേതിക വിദ്യ, ഉൽപ്പാദനം, ഗവേഷണം, പ്രകൃതിവിഭവങ്ങൾ എന്നിവയെ ഒരൊറ്റ വികസന ചട്ടക്കൂടിലേക്ക് ബന്ധിപ്പിക്കുന്നതിലൂടെ, ഈ ദക്ഷിണ കേരള സാമ്പത്തിക ഇടനാഴി ശക്തമായ ഒരു സമ്മിശ്ര സമ്പദ്വ്യവസ്ഥ സൃഷ്ടിക്കുകയും സ്വകാര്യ നിക്ഷേപം ആകർഷിക്കുകയും ഭാവിയിൽ കേരളത്തെ രാജ്യത്തിന്റെ തന്നെ തന്ത്രപ്രധാനവും സമുദ്രബന്ധിതവുമായ വികസന മേഖലകളിൽ മുൻനിര സ്ഥാനത്ത് എത്തിക്കുന്നതിനും ഇത് സഹായകമാകും. ഈ ആശയങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഭരണപരവും നയപരവുമായ ഇടപെടലുകൾ എന്നിവയെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ധ ഏജൻസി വഴി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കും. **റയർ എർത്ത് ആന്റ് ക്രിട്ടിക്കൽ മിനറൽസ് കോറിഡോറിനായി 100 കോടി രൂപയും സതേൺ കേരളാ ഇക്കണോമിക് കോറിഡോറിനായി 50 കോടി രൂപയും വകയിരുത്തുന്നു.**

## ഏവിയേഷൻ ഹബ്ബ്

18. വർധിച്ചുവരുന്ന വ്യോമയാന ആവശ്യകത, കയറ്റുമതി-ലോജിസ്റ്റിക്സ്, വിനോദ സഞ്ചാര മേഖലകളിലെ സാധ്യതകൾ എന്നിവ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ നാല് അന്താരാഷ്ട്ര വിമാനത്താവള ങ്ങളെയും കേന്ദ്രീകരിച്ച് കേരളത്തെ ഏഷ്യയിലെ പ്രധാന ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കുന്ന തിനുള്ള വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. **ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപ വകയിരുത്തുന്നു.**

19. വിമാന അറ്റകുറ്റപ്പണി-പരിപാലന മേഖലയെ ശക്തി പ്പെടുത്തും. സിമുലേറ്റർ അധിഷ്ഠിത പൈലറ്റ് പരിശീലന കേന്ദ്രങ്ങൾ, DGCA മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള വിമാന പരിപാലന എഞ്ചിനീയറിംഗ് പരിശീലന-നൈപുണ്യ വികസന സംവിധാനങ്ങൾ എന്നിവയും വിമാനത്താവള കേന്ദ്രീകൃത സാമ്പത്തിക മേഖലകളുടെ രൂപീകരണത്തിനും സാമ്പത്തിക വളർച്ചയ്ക്കും പ്രാധാന്യം നൽകി വിവരസാങ്കേതികവിദ്യ-വിവരസാങ്കേതിക സേവന മേഖലകൾ (IT/ITES), ഗ്ലോബൽ കേപബിലിറ്റി സെന്ററുകൾ (GCC), ഹോസ്പിറ്റാലിറ്റി, വ്യോമയാന അനുബന്ധ വ്യാപാര-സേവന മേഖലകൾ എന്നിവ ഉൾക്കൊള്ളുന്ന എയ്റോപാർക്ക്, എയ്റോസിറ്റി പദ്ധതികളും നടപ്പിലാക്കും. ഇതുമായി ബന്ധപ്പെട്ട് ഒരു വ്യോമയാന നയം പ്രഖ്യാപിക്കും.

20. കാർഷിക, മത്സ്യ, ഫാർമ മേഖലകളിലെ കയറ്റുമതി ശക്തിപ്പെടുത്തുന്നതിനായി സംയോജിത പാക്ക്ഹൗസ് (Pack House) സൗകര്യവും ഫാർമ-കാർഗോ സൗകര്യങ്ങളും

വികസിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ലോജിസ്റ്റിക്സ് പാർക്കുകൾ, ഫ്രീ ട്രേഡ് വെയർഹൗസ് സോണുകൾ എന്നിവ ഉൾപ്പെടുന്ന അനുബന്ധ വികസന പദ്ധതികളും ആവിഷ്കരിക്കും. കൊച്ചിൻ എയർപോർട്ടിനോട് അനുബന്ധമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്ലോബൽ കൺവെൻഷൻ സെന്റർ ആരംഭിക്കും.

**ഇൻവെസ്റ്റ് കേരളം**

21. മികച്ച മനുഷ്യ വിഭവ ശേഷി, ഉയർന്ന സാക്ഷരത, മികച്ച ആരോഗ്യ-വിദ്യാഭ്യാസ സൂചികകൾ, ശക്തമായ ഉപഭോക്തൃ വിപണി, സാമൂഹിക സ്ഥിരത എന്നിവ കേരളത്തിന്റെ വലിയ ശക്തികളാണ്. എന്നാൽ ഭൂമി ലഭ്യതയിലെ പരിമിതികൾ, ഉയർന്ന ഭൂവിലയും വേതനനിരക്കും നടപടിക്രമങ്ങളിലെ കാലതാമസം, എന്നീ ഘടകങ്ങൾ കേരളത്തെ നിക്ഷേപ സൗഹൃദമല്ലാതാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഈ തടസ്സങ്ങൾ മാറിയാൽ മാത്രമേ സാമ്പത്തിക വളർച്ചയ്ക്കും സമഗ്ര പ്രാദേശിക വികസനത്തിനും ഉതകുന്ന തരത്തിലുള്ള നിക്ഷേപകരെ ആകർഷിക്കുവാൻ സാധിക്കുകയുള്ളൂ. അതിനായി ഡാറ്റാ അധിഷ്ഠിത **ഇൻവെസ്റ്റ് കേരളം** എന്ന പേരിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കും. ഭൂമി ഏറ്റെടുക്കലിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി സത്വര നടപടികൾ സ്വീകരിക്കും. നിക്ഷേപകർക്ക് ആവശ്യമായ ഭൂമി, നിയമപരമായ വിവിധ അനുമതികൾ (റെഗുലേറ്ററി & സ്റ്റാറ്റ്യൂട്ടറി) നിക്ഷേപാനന്തര പിന്തുണ എന്നിവ ഓരോ ഘട്ടത്തിലും ഉറപ്പു വരുത്തുന്ന ഒരു

ഏകജാലക സംവിധാനമായിരിക്കും **ഇൻവെസ്റ്റ് കേരളം സെൽ.** ഇതിനുള്ള മാർഗ്ഗരേഖയായി **Project Implementation Protocol** നടപ്പിലാക്കും. പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിലൂടെയും, നിക്ഷേപ കരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിലൂടെയും, കേരളത്തിലുടനീളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തിനും, വ്യാവസായിക വൈവിധ്യവൽക്കരണത്തിനും, സാങ്കേതിക വിദ്യയുടെ കൈമാറ്റത്തിനും, സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്കും ഇത് മികച്ച സംഭാവന നൽകും. നിക്ഷേപത്തിന് തയ്യാറായ പദ്ധതികളുടെ ഒരു നിര (pipeline) നിലനിർത്തുന്നതിലൂടെ കേരളത്തിന്റെ ദീർഘകാല വികസന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നതും വിവിധ മേഖലകളിൽ മുൻഗണനാടിസ്ഥാനത്തിൽ നിക്ഷേപം ആകർഷിക്കുന്നതുമായ പ്രവർത്തനങ്ങൾ ഈ സംവിധാനം വഴി ഏറ്റെടുക്കാൻ കഴിയും. പദ്ധതികളുടെ പുരോഗതിയും പൂർത്തീകരണവും കൃത്യമായി നിരീക്ഷിച്ച് വിജയകര മാകുമെന്ന് ഉറപ്പു വരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും മുഖ്യമന്ത്രി അദ്ധ്യക്ഷനായും വ്യവസായ മന്ത്രി ഉപാദ്ധ്യക്ഷനായും ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി **ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കൗൺസിൽ** രൂപീകരിക്കും. സർക്കാരിന്റെ നിക്ഷേപ പ്രോത്സാഹന സംവിധാനങ്ങളിൽ മികച്ച പ്രൊഫഷണലിസം കൊണ്ടു വരുന്നതിനും പുതുയുഗ കേരളത്തിനു വഴിയൊരുക്കുന്നതിനും ഇത് ഒരു നിർണ്ണായക ചുവടു വയ്പ്പായിരിക്കും.

**കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം**

22. സർ, സംസ്ഥാനത്തെ വ്യാവസായിക വളർച്ചയിൽ എം.എസ്.എം.ഇ. കളുടെ പങ്ക് നിസ്തുലമാണ്. ആധുനിക സാമ്പത്തിക വ്യവസ്ഥയിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ വെറും തൊഴിൽ സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾ മാത്രമല്ല, നവീകരണത്തിന്റെയും പ്രാദേശിക വികസനത്തിന്റെയും പ്രധാന ചാലക ശക്തികളാണ്. ഡിജിറ്റൽ സാങ്കേതിക വിദ്യ, ഇ-കൊമേഴ്സ്, നിർമ്മിത ബുദ്ധി (AI), ഓട്ടോമേഷൻ എന്നിവയുടെ സഹായത്തോടെ ഇന്ന് എം.എസ്.എം.ഇ. കൾക്ക് ആഗോള വിപണികളിലേക്ക് എത്തിച്ചേരാനും വലിയ കമ്പനികളുമായി മത്സരിക്കാനും കഴിയുന്നു. ഈ ലക്ഷ്യം മുൻനിർത്തി പതിനായിരം എം.എസ്.എം.ഇ. സംരംഭങ്ങൾ സംസ്ഥാനമൊട്ടാകെ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്ന സമഗ്ര പദ്ധതിയായ **കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീമിന്** രൂപം നൽകും. ഇവർക്ക് നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിക്കുവാനുമുള്ള സഹായവും പ്രോത്സാഹനവും ടാക്സ് ഇൻസെന്റീവും സർക്കാർ നൽകും.

23. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട്, ചാലഞ്ച് ഫണ്ട് എന്നിവ ലഭ്യമാക്കും. സാങ്കേതിക/മാനേജ്മെന്റ് മേഖലകളിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ടെക്നോ–മെന്റർ/മാനേജ്-മെന്റർ മാരുടെ സഹായം ഉറപ്പാക്കും. **ഈ പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തുന്നു.**

**വൺ കേരള കരുതൽ മിഷൻ**

24. മാരക രോഗങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ സാധിക്കാത്തതും, കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് കഴിയാത്ത തരത്തിൽ സാമ്പത്തിക പരാധീനത അനുഭവിക്കുന്നതുമായ ഒരു വിഭാഗം ഇന്നും കേരളത്തിലുണ്ട്. ഇത്തരത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് സഹായം നേരിട്ട് എത്തിക്കുന്നതിനുള്ള ഒരു സാങ്കേതികവിദ്യാധിഷ്ഠിത പ്ലാറ്റ്ഫോമായി 'വൺ കേരള കരുതൽ മിഷൻ' സ്ഥാപിക്കും. സർക്കാരിതര സംഘടനകൾ, സി.എസ്.ആർ. ഫണ്ടുകൾ, സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള സഹായം എന്നിങ്ങനെ സംഭാവനയായി ലഭിക്കുന്ന ഓരോ രൂപയും അർഹരായവരിൽ തന്നെ എത്തിച്ചേരണം എന്ന സുതാര്യവും വിട്ടുവീഴ്ചയില്ലാത്തതുമായ തത്വമായിരിക്കും ഈ മിഷന്റെ അടിസ്ഥാനം. ഇതിന്റെ ഭരണപരവും പ്രവർത്തനപരവുമായ ചെലവുകൾ സർക്കാർ നേരിട്ട് വഹിക്കുകയും സംഭാവനകൾ പൂർണ്ണമായും കാരുണ്യ പ്രവർത്തനങ്ങൾക്ക് മാത്രമായിരിക്കും ഉപയോഗിക്കപ്പെടുക എന്ന് ഉറപ്പ് വരുത്തുകയും ചെയ്യും. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സമയബന്ധിതമായ സഹായം ഉറപ്പാക്കുന്ന തിനൊപ്പം സംഭാവന നൽകുന്നവരിൽ വിശ്വാസം വളർത്തിയെടുക്കുന്നതിനായി ഡിജിറ്റൽ വെരിഫിക്കേഷൻ സംവിധാനങ്ങൾ, സുതാര്യമായ ഗുണഭോക്തൃ തിരിച്ചറിയൽ പ്രോട്ടോക്കോളുകൾ, തത്സമയ പൊതു വെളിപ്പെടുത്തൽ (Real-Time Public Disclosure) സംവിധാനങ്ങൾ തുടങ്ങിയവ ഇതിനായി പ്രയോജനപ്പെടുത്തും. **ഈ പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.**

## ഗ്ലോബൽ ജോബ് വാച്ച് ടവർ

25. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആഗോള സമ്പദ് വ്യവസ്ഥയ്ക്ക് അനുസൃതമായി കേരളത്തിലെ യുവജനങ്ങളെ സജ്ജരാക്കുകയും, നമ്മുടെ വിദ്യാഭ്യാസ-നൈപുണ്യ വികസന സംവിധാനങ്ങൾ ഭാവിയിലെ തൊഴിലവസരങ്ങളുമായി കൂടുതൽ യോജിപ്പിക്കുകയും ചെയ്യുന്നതിനായി, സർക്കാർ **"ഗ്ലോബൽ ജോബ് വാച്ച് ടവർ"** എന്ന സംസ്ഥാനതല ഫ്യൂച്ചർ സ്കിൽസ് ആൻഡ് എംപ്ലോയ്മെന്റ് ഇന്റലിജൻസ് മിഷൻ സ്ഥാപിക്കും.

26. രാജ്യത്തിനകത്തും പുറത്തുമുള്ള പുതിയ തൊഴിൽ പ്രവണതകൾ നിരീക്ഷിച്ച് ഭാവിയിൽ ആവശ്യമായി വരുന്ന നൈപുണ്യങ്ങൾ തിരിച്ചറിഞ്ഞ് പാഠ്യപദ്ധതി പരിഷ്കരണങ്ങൾക്ക് മാർഗനിർദേശം നൽകി വ്യവസായ-അക്കാദമിക് പങ്കാളിത്തം ശക്തിപ്പെടുത്തി പ്രധാന മേഖലകളിലെ തൊഴിൽശക്തി ആസൂത്രണത്തിന് മിഷൻ പിന്തുണ നൽകും. നിർമ്മിത ബുദ്ധി (AI), ഡിജിറ്റൽ സാങ്കേതിക വിദ്യകൾ, അത്യാധുനിക നിർമാണമേഖല, ആരോഗ്യ പരിപാലനം, ഹരിത സമ്പദ്‌വ്യവസ്ഥ, ലോജിസ്റ്റിക്സ്, ടൂറിസം, അന്തർദേശീയ തൊഴിൽ മേഖലകൾ എന്നിവയ്ക്ക് മിഷൻ പ്രത്യേക പ്രാധാന്യം നൽകും. **ഈ പദ്ധതിക്കായി പ്രാരംഭ ഘട്ടത്തിൽ 2 കോടി രൂപ വകയിരുത്തുന്നു.**

## സ്പേസ് ഇക്കോണമി

27. ബഹിരാകാശ മേഖലയിലെ വർദ്ധിച്ചുവരുന്ന സ്വകാര്യ സ്റ്റാർട്ടപ്പുകൾ യുവ എഞ്ചിനീയർമാർക്ക് അപ്സ്ട്രീം (സാറ്റലൈറ്റ്/റോക്കറ്റ് നിർമ്മാണം) മുതൽ ഡൗൺസ്ട്രീം

(ഡാറ്റ അനലിറ്റിക്സ്) വരെയുള്ള മേഖലകളിൽ വൻ തൊഴിലവസരങ്ങളാണ് തുറന്നിടുന്നത്. സാറ്റലൈറ്റ് ടെക്നോളജിക്ക് ഊന്നൽ നൽകിയുള്ള ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കും. ഇതിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ നടപടികൾ സ്വീകരിക്കും.

28. സ്വകാര്യ സാറ്റലൈറ്റ് നിർമ്മാണ/വിക്ഷേപണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകും. ഇവർക്കായി ഭൂമി ലഭ്യമാക്കും. സ്പേസ് പാർക്കിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കും. **ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.**

**കേരള നോളജ് വാലി (Kerala Knowledge Valley)**

29. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനും അതു വഴി ഉയർന്ന ഗുണ നിലവാരമുള്ള വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തു പോകുന്ന പ്രവണത മാറ്റുന്ന തിനും ഈ സർക്കാർ ദൃഢനിശ്ചയമെടുത്തിട്ടുണ്ട്. ഏറ്റവും സമകാലിക അക്കാദമിക് പ്രോഗ്രാമുകൾ, അത്യാധുനിക ഗവേഷണ പാർക്കുകൾ, മികവിന്റെ കേന്ദ്രങ്ങൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ഒരു ലോകോത്തര ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി **'കേരള നോളജ് വാലി (Kerala Knowledge Valley)'** സ്ഥാപിക്കും. പ്രത്യേക നിയമ നിർമ്മാണത്തിലൂടെ, ദേശീയ-അന്തർദേശീയ സർവകലാശാലാ റാങ്കിംഗുകളിൽ മുൻനിരയിലുള്ള സർവകലാശാലകളെയും ലോകോത്തര പാരമ്പര്യ സർവ്വകലാശാലകളെയും (Legacy Universities) ആകർഷിക്കുന്ന രീതിയിലാകും ഈ

വിദ്യാഭ്യാസ കേന്ദ്രം രൂപകൽപ്പന ചെയ്യുക. ഉയർന്ന അക്കാദമിക മികവും ശാസ്ത്രവൈദഗ്ദ്ധ്യവും അടങ്ങുന്ന ഒരു ഉപദേശക സമിതിയുടെ മാർഗ്ഗനിർദേശങ്ങളോടെ പ്രവർത്തിക്കുന്നതും ഇന്ത്യയിലെയും വിദേശത്തെയും മുൻനിര സ്ഥാപനങ്ങളുമായി സഹകരിച്ച്, ദൃഢമായ വ്യവസായ-അക്കാദമിക് ബന്ധങ്ങൾ സൃഷ്ടിക്കുന്നതുമാകും ഈ കേന്ദ്രം. വിദ്യാർത്ഥികൾക്ക് കേരളത്തിൽ തന്നെ ലോകോത്തര അവസരങ്ങൾ കണ്ടെത്താനും, ഗവേഷണ നേട്ടങ്ങൾ സംരംഭങ്ങളാക്കി മാറ്റാനും, കേരളത്തെ ഏഷ്യയുടെ തന്നെ ബൗദ്ധിക തലസ്ഥാനമായി മാറ്റാനും കഴിയുന്ന ഊർജ്ജസ്വലവും സ്വയംപര്യാപ്തവുമായ ഒരു പശ്ചാത്തലമായിരിക്കും ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നത്. ഇതിനായി സ്വകാര്യ സർവ്വകലാശാലാ ബില്ലിൽ കാലോചിതമായ മാറ്റങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും. **ഈ പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തുന്നു.**

**വയനാട് ട്രൈബൽ സർവകലാശാലയും തദ്ദേശീയ വിജ്ഞാന മേഖലയും**

30. ആദിവാസി സമൂഹങ്ങളുടെ സവിശേഷമായ സാംസ്കാരിക പൈതൃകം, പരമ്പരാഗത വിജ്ഞാന സമ്പ്രദായങ്ങൾ, വികസനാഭിലാഷങ്ങൾ എന്നിവയെ അംഗീകരിച്ചുകൊണ്ട്, വിദ്യാഭ്യാസ പുരോഗതി, ഗവേഷണം, നവീകരണം, സാമൂഹ്യ-സാമ്പത്തിക പരിവർത്തനം എന്നിവ ലക്ഷ്യമാക്കി **"വയനാട് ട്രൈബൽ സർവകലാശാലയും തദ്ദേശീയ വിജ്ഞാന മേഖലയും"** (Wayanad Tribal University and Indigenous

Knowledge Zone) എന്ന സുപ്രധാന സംരംഭം സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. **ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.**

31. തദ്ദേശീയ പഠനങ്ങൾ, ആദിവാസി സംരംഭകത്വം, ജൈവവൈവിധ്യ സംരക്ഷണം, കാലാവസ്ഥാ പ്രതിരോധ ശേഷി, ഭാവി ആവശ്യങ്ങൾക്കനുസൃതമായ നൈപുണ്യ വികസനം എന്നിവയ്ക്കായുള്ള ലോകോത്തര കേന്ദ്രമായി വിഭാവനം ചെയ്യുന്ന ഈ സ്ഥാപനം, ആദിവാസി സമൂഹങ്ങളുടെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യവും വിജ്ഞാന സമ്പ്രദായങ്ങളും സംരക്ഷിച്ചുകൊണ്ട് വിദ്യാഭ്യാസത്തെ ഉപജീവനമാർഗങ്ങൾ, സാങ്കേതികവിദ്യ, സാമൂഹിക വികസനം എന്നിവയുമായി സമന്വയിപ്പിച്ച് ദേശീയ–അന്തർദേശീയ തലങ്ങളിലെ സഹകരണം പ്രോത്സാഹിപ്പിക്കും. പദ്ധതിയുടെ സ്ഥാപനഘടന, നടപ്പി ലാക്കൽ പ്രക്രിയ (Implementation Roadmap), വിഭവ സമാഹരണ തന്ത്രം എന്നിവ സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു **വിദഗ്ധ സമിതി** രൂപീകരിക്കും.

### കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റി

32. മൾട്ടി-സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, പരിശീലന കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ, ഡയഗ്നോസ്റ്റിക് കേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ അനുബന്ധ സൗകര്യങ്ങളും സംയോജിപ്പിച്ച് വികസിപ്പിക്കുന്ന ആരോഗ്യ സംവിധാനമാണ് **കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ്**

**സിറ്റി.** ഇതുവഴി ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നതിനും, മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും, മെഡിക്കൽ ടൂറിസം വികസിപ്പിക്കുന്നതിനും, ആരോഗ്യ മേഖലയിലെ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും സാധിക്കും. **ഈ പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തുന്നു.**

**റിസർച്ച് പാർക്ക്**

33. രാജ്യത്തെ പ്രമുഖ വ്യവസായ സ്ഥാപനങ്ങളേയും ഗവേഷണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ശാസ്ത്രീയ അറിവുകളെ സമൂഹത്തിനും, സമ്പദ് വ്യവസ്ഥയ്ക്കും പ്രയോജനപ്പെടുന്ന തരത്തിൽ കേരളത്തിലെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റിസർച്ച് സംവിധാനങ്ങളും നൂതന ആശയങ്ങളും IIT മദ്രാസ് റിസർച്ച് പാർക്ക് മാതൃകയിൽ വിപുലീകരിക്കും. KUHS –നു കീഴിലുള്ള തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിനും KTU–നു കീഴിലുള്ള തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനും 'കോൺസ്റ്റിറ്റ്യുവന്റ് കോളേജ് ഓഫ് ദി യൂണിവേഴ്സിറ്റി' പദവി നൽകും. ഇതിലൂടെ സാങ്കേതിക പരിജ്ഞാനമുള്ള യുവജനങ്ങളുടെ സേവനം സംസ്ഥാനത്തിന് തന്നെ പ്രയോജനപ്പെടുത്തുവാനും, തൊഴിൽ തേടിയുള്ള കുടിയേറ്റം തടയുവാനും സാധിക്കും. **റിസർച്ച് പാർക്കിനായി 60 കോടി രൂപ വകയിരുത്തുന്നു.**

**കേരള സിൽവർ ഇക്കോണമി**

34. വയോജനങ്ങൾക്കു വേണ്ടി ആദ്യമായി വയോജന വകുപ്പ് രൂപീകരിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം.

ഇതിനെ അടിസ്ഥാനമാക്കി, സർക്കാർ നയരേഖ കൾ രൂപീകരിച്ചുകൊണ്ടും ആവശ്യമായ സ്ഥാപനങ്ങൾ, വ്യയശേഷി നേടാനുതകുന്ന സാമ്പത്തിക സഹായം, സംരംഭകത്വം, വയോജനങ്ങളുടെ വൈദഗ്ദ്ധ്യം എന്നിവ ഉൾപ്പെടുന്ന 'സിൽവർ ഇക്കോണമി' വികസിപ്പിക്കും.

35. വയോജന സേവനം, റിട്ടയർമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ, വാർദ്ധക്യകാല ആരോഗ്യ പരിപാലന രംഗത്തെ നവീന കണ്ടുപിടിത്തങ്ങൾ, സിൽവർ സംരംഭകത്വം തുടങ്ങിയവ ഉൾക്കൊള്ളുന്ന ഒരു സമാഹൃത സിൽവർ ഇക്കണോമിക് പോളിസി വികസിപ്പിച്ച് നടപ്പിലാക്കും. ഈ സംരംഭത്തിന്റെ നടപ്പാക്കൽ മുൻഗണനകളെയും പ്രവർത്തനരീതികളെയും കുറിച്ച് മുതിർന്ന പൗരന്മാരുടെ അഭിപ്രായങ്ങൾ ശേഖരി ക്കുന്നതിനായി സംസ്ഥാനവ്യാപകമായി സമഗ്രമായ ഒരു സർവേ സർക്കാർ നടത്തും. അതിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി കേരളത്തിലെ വയോജനങ്ങളെ സജീവരാക്കുന്നതിനും സിൽവർ ഇക്കോണമി വികസന ത്തിനുമായി ദീർഘകാല റോഡ്മാപ്പ് തയ്യാറാക്കും. **വയോജന വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

**കെയർ ഗിവർ പദ്ധതി**

36. വിട്ടുമാറാത്ത രോഗങ്ങൾ അല്ലെങ്കിൽ വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ, വൈകല്യങ്ങൾ എന്നിവ നേരിടുന്നവരെ സഹായിക്കുന്നതിനായി തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സർക്കാർ-സ്വകാര്യ നഴ്സിംഗ് കോളേജു കളിലും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലും ആറ് മാസകാലയളവിലേക്കുള്ള സർക്കാർ അംഗീകാരത്തോടെ

യുള്ള അന്താരാഷ്ട്ര നിലവാരമുള്ള കെയർ ഗിവർ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കും. ഇതിലൂടെ ആവശ്യമുള്ളവർക്ക് പരിചരണവും തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് മാന്യമായ തൊഴിലും ലഭ്യമാകും. മുതിർന്ന പൗരന്മാരെ സജീവരാക്കുന്നതിന് വയോജന പാർക്കുകളും പകൽ വീടുകളും ഫിറ്റ്നസ് സെന്ററുകളും ഒരുക്കും.

**ഭൂനിയമങ്ങളിലെ പരിഷ്കരണം**

37. ഭൂമിയുടെ ലഭ്യതക്കുറവ്, ഭൂമി സ്വായത്തമാക്കുന്നതിനുള്ള പരിമിതികൾ, നിയമപരമായ വ്യക്തതയില്ലായ്മ എന്നിവ യാണ് കേരളത്തിലെ വ്യാവസായിക അടിസ്ഥാന സൗകര്യ അഭിലാഷങ്ങൾക്ക് ഏറ്റവും വലിയ തടസ്സം. സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സമ്പദ് വ്യവസ്ഥയെ പരിവർത്തനം ചെയ്യാൻ കഴിയുന്ന പദ്ധതികൾക്കായി നിക്ഷേപകർ ഭൂമി തേടുമ്പോൾ പോലും, വിശാലമായ ഭൂമി ഉപയോഗിക്കപ്പെടാതെയോ ചുവപ്പുനാട യിൽ കുരുങ്ങിക്കിടക്കുകയോ ചെയ്യുന്നു. ഈ ഘടനാ പരമായ വെല്ലുവിളിയെ അഭിസംബോധന ചെയ്യുന്ന സമഗ്രമായ ഒരു ലാൻഡ് മാനേജ്മെന്റ് നയം സർക്കാർ രൂപീകരിക്കും. വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപന ങ്ങളുടെയും മിച്ചമുള്ളതും ഉപയോഗിക്കാത്തതുമായ ഭൂമി ഉപയോഗിച്ച് ഒരു ലാൻഡ് ബാങ്ക് സൃഷ്ടിക്കുന്നതിനായി ഒരു ലാൻഡ് മാനേജ്മെന്റ് ഫ്രെയിം വർക്ക് ഉണ്ടാക്കുകയും അവശ്യമായ നിയമനിർമ്മാണം നടത്തുകയും ചെയ്യും. മുൻകാലങ്ങളിൽ പ്രസക്തമായിരുന്ന ഭൂനിയമങ്ങൾ പരിശോധിക്കുകയും കാലാനുസൃതമായ മാറ്റങ്ങൾ

ആവശ്യമായവ പരിഷ്കരിക്കുകയും (ഭൂപരിഷ്കരണം 2.0) ചെയ്യും. വാണിജ്യ സംരംഭങ്ങൾക്കായി ഭൂമി പരിവർത്തനം ചെയ്യുന്ന പ്രക്രിയ വേഗത്തിലാക്കും. വലിയ പദ്ധതി കൾക്കായി ലാൻഡ് പൂളിംഗ് ഫ്രെയിംവർക്ക് (Land Pooling Framework) അവതരിപ്പിക്കും. ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കൾ സമയബന്ധിതവും സുതാര്യവും പ്രൊഫഷണലായും കൈകാര്യം ചെയ്യുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്ന തിനും സർക്കാർ ഏജൻസികളായ KINFRA-യെയും INKEL –നെയും ശക്തിപ്പെടുത്തും. ഈ നയം കേരളത്തിന്റെ സാമ്പത്തിക ഭാവിയുടെയും ജനങ്ങളുടെയും പ്രയോജന ത്തിനായി ഭൂവിഭവങ്ങളെ ഉപയോഗപ്രദമാക്കുന്നതിന് സഹായിക്കും.

**പുനരുപയോഗ ഊർജ്ജം (Renewable Energy)**

38. നിലവിലെ ആഗോള ഊർജ്ജ പ്രതിസന്ധിയും പാരിസ്ഥിതിക പ്രശ്നങ്ങളും ഫോസിൽ ഇന്ധനങ്ങൾ ഉയർത്തുന്ന പരിസ്ഥിതി മലിനീകരണ ഭീഷണികളും മറികടക്കുന്നതിന് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ വലിയ തോതിലുള്ള ഉപയോഗം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. കേരളത്തിലെ നിരവധി റിസർവോയറുകൾ ഫ്ളോട്ടിംഗ് സോളാർ പാനൽ സിസ്റ്റം ഉപയോഗിക്കുവാൻ അനുയോജ്യ മാണ്. പമ്പ്ഡ് ഹൈഡ്രോ എനർജി സ്റ്റോറേജ് (Pumped Hydro Energy Storage) കേരളത്തിന്റെ ഭാവി ഊർജ്ജ രംഗത്തിന് പ്രതീക്ഷ നൽകുന്ന സാങ്കേതിക വിദ്യയാണ്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്കൊപ്പം അവയെ ഗ്രീൻ അമോണിയ, ഗ്രീൻ മെഥനോൾ, ഗ്രീൻ ഹൈഡ്രജൻ എന്നിവയാക്കി മാറ്റുന്നതിലൂടെ ഒരു ഗ്രീൻ ഹൈഡ്രജൻ

ഹബ്ബായി കേരളത്തിന് മാറുവാൻ കഴിയും. ഇതിനു പുറമേ പീക്ക് ഡിമാന്റ് നേരിടാൻ വൻകിട ബാറ്ററി സ്റ്റോറേജ് സംവിധാനം സ്ഥാപിക്കും. Community based Battery Energy Storage സംവിധാനം എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പുനരുപയോഗ ശേഷിയുള്ള ഊർജ്ജം, ഗ്രീൻ ഹൈഡ്രജൻ, ഇതര ഊർജ്ജ സ്രോതസ്സുകൾ **എന്നിവയ്ക്കായി 100 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.**

**സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സോൺ**

39. സംയോജിത അടിസ്ഥാന സൗകര്യം, നിയമങ്ങളിലും ചട്ടങ്ങളിലുമുള്ള വ്യക്തത എന്നിവ ആവശ്യമുള്ള ബൃഹത്തായ വ്യാവസായിക സാമ്പത്തിക നിക്ഷേപങ്ങൾക്ക് വ്യക്തിഗത വ്യവസായ പാർക്കുകൾക്കപ്പുറമുള്ള ഒരു സ്ഥാപന ചട്ടക്കൂട് (Institutional Framework) കേരളത്തിന് അത്യാവശ്യമാണ്. ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, സമർപ്പിതവും ആസൂത്രിതവുമായ ഒരു സാമ്പത്തിക മേഖല, അനുമതികൾക്കുള്ള സുഗമമായ നടപടിക്രമങ്ങൾ, പദ്ധതി വേഗവും വിജയവും വാഗ്ദാനം നൽകുന്ന ഭരണരീതി എന്നിവ നിക്ഷേപകർക്ക് ഉറപ്പ് നൽകുന്ന ഒരു **സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സോൺ** (Special Investment Zone) സർക്കാർ കൊണ്ടുവരും. ഉൽപാദനം, ലോജിസ്റ്റിക്സ് സാങ്കേതിക വിദ്യ, പുനരുപയോഗ ഊർജ്ജം തുടങ്ങിയ മേഖലകളിലെ ആങ്കർ നിക്ഷേപകരെ ആകർഷിക്കുന്നതിനായി പ്രത്യേക നിക്ഷേപ മേഖലാ രൂപരേഖ തയ്യാറാക്കി കേരളത്തെ ഇന്ത്യയിലെ ഏറ്റവും വലിയ നിക്ഷേപ മേഖലകളുമായി മത്സരിക്കാൻ പ്രാപ്തമാക്കും.

**മലബാർ ഫുട്ബോൾ സ്റ്റേഡിയം**

40. ലോകകപ്പ് ഫുട്ബോളിന്റെ ആവേശത്തിലാണ് ഇന്ന് കേരളം. കായിക കേരളത്തിൽ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുന്നതിനും അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ലോക നിലവാരത്തിലുള്ള ഒരു ഫുട്ബോൾ സ്റ്റേഡിയം ആവശ്യമായിട്ടുണ്ട്. കേരളത്തിലെ ഫുട്ബോൾ ആരാധകരുടെ ആവേശവും കളിയോടുള്ള സ്നേഹവും മുൻനിർത്തി, അന്താരാഷ്ട്ര നിലവാരത്തിലുള്ളതും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ ഒരു ഫുട്ബോൾ സ്റ്റേഡിയം മലബാറിൽ നിർമ്മിക്കും. **ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.**

**ബ്രാൻഡ് കേരളം**

41. സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോത്പന്നങ്ങൾ, കൈത്തറി ഉൽപ്പന്നങ്ങൾ, ആയുർവേദ കൂട്ടുകൾ, കശുവണ്ടി, കയർ എന്നീ കേരളീയ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ലോകപ്രശസ്തമാണ്, എന്നിരുന്നാലും അവ പലപ്പോഴും ആഗോള വിപണികളിൽ ഇടനിലക്കാരുടെ ലേബലുകളിലാണ് എത്തുന്നത്. ഇതുവഴി കേരളത്തിലെ ഉൽപാദകർക്ക് അർഹിക്കുന്ന മൂല്യം ലഭിക്കാതെ വരുന്നു. ഇതിനു പരിഹാരമായി ഈ ഉൽപ്പന്നങ്ങൾക്ക് മികച്ച ഗുണനിലവാരവും ബ്രാൻഡിംഗും ഉറപ്പു വരുത്താൻ ഒരു സമഗ്രമായ വിപണി വികസന സംരംഭമായ ‘ബ്രാൻഡ് കേരളം’ സർക്കാർ ആരംഭിക്കും. ഓരോ മലയാളിയെയും കേരളത്തിന്റെ മികച്ച ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് പ്രേരിപ്പിക്കുംവിധം അഭിലഷണീയ മൂല്യം (Aspirational Value) പ്രദാനം ചെയ്യുന്നതായിരിക്കണം അവ. ഗുണനിലവാരവും ആധികാരികതയും ഉറപ്പുനൽകുന്ന ഒരു സർട്ടിഫിക്കേഷൻ

ചട്ടക്കൂടായ 'കേരള മാർക്ക്' വികസിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി ഒരു പ്രത്യേക സംവിധാനം ഉണ്ടാകും. ഈ സർട്ടിഫിക്കേഷൻ ഉപഭോക്തൃ ആത്മ വിശ്വാസം ശക്തിപ്പെടുത്തുകയും ആഭ്യന്തര-അന്തർദേശീയ വിപണികളിലുടനീളം കേരളത്തിലെ ഉൽപാദകർക്ക് വിപണിയിലേക്കുള്ള പ്രവേശനം വർദ്ധിപ്പിക്കുകയും ചെയ്യും.

**ഫിഷറീസ് സബ് പ്ലാൻ**

42. മത്സ്യ ലഭ്യതയിലുള്ള കുറവ്, കാലാവസ്ഥാ വ്യതിയാനം, തൊഴിലിടങ്ങളിലെ അപകടങ്ങൾ, ഉയർന്ന ഇന്ധനവില, വിലയിലെ അസ്ഥിരത എന്നിവ മൂലം മത്സ്യ മേഖലയും മത്സ്യത്തൊഴിലാളികളും പ്രതിസന്ധിയിലാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ കഴിഞ്ഞാൽ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ഈ വിഭാഗത്തിന് പദ്ധതി നിർവ്വഹണത്തിൽ ഒരു ഫിഷറീസ് സബ് പ്ലാൻ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. മത്സ്യ തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും നിലവിലെ അപകട ഇൻഷുറൻസ് തുക പരിഷ്കരിക്കും. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും വിദേശ പഠനത്തിനും സഹായം നൽകും. വേഗത്തിലുള്ള രക്ഷാപ്രവർത്തനങ്ങൾക്ക് റെസ്ക്യൂ ബോട്ടുകളും വനിതകൾക്ക് മത്സ്യ വിപണനത്തിന് സഹായകമായി ഷീ സ്കൂട്ടറുകളും അനുവദിക്കും. മിഷൻ സമുദ്രയുടെ ഭാഗമായി പോർട്ട്സിറ്റിയുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളിൽ പ്രത്യേക പരിഗണനയും ഉറപ്പാക്കും.

**കേരള അർബൻ ഗ്രോത്ത് മിഷൻ**

43. കേരളം ഇന്ന് അതിവേഗ നഗരവത്കരണ പാതയിലാണ്. ഈ വളർച്ച സാമ്പത്തികമായി ശക്തവും പരിസ്ഥിതി സൗഹൃദവുമായ ആഗോള മത്സരക്ഷമതയുള്ള നഗര

ങ്ങളാക്കി മാറേണ്ടതുണ്ട്. ഇതിനായി **കേരള അർബൻ ഗ്രോത്ത് മിഷൻ (Kerala Urban Growth Mission)** എന്ന സമഗ്ര പദ്ധതിയ്ക്ക് രൂപം നൽകുകയാണ്. **ഇതിനായി 100 കോടി രൂപ വകയിരുത്തുന്നു.** അന്തർദേശീയ നിലവാരമുള്ള നഗരാസൂത്രണ, അടിസ്ഥാന സൗകര്യ ഉപദേശക സ്ഥാപനങ്ങളുടെ സഹായത്തോടെ നഗരങ്ങൾക്ക് വിശദ മായ മാസ്റ്റർ പ്ലാനുകളും നിക്ഷേപത്തിന് അനുയോജ്യമായ വികസന പദ്ധതികളും തയ്യാറാക്കും. സർക്കാരിന്റെ തുറമുഖ കേന്ദ്രീകൃത വ്യവസായവത്കരണ വികസന നയവുമായി നഗരവികസനത്തെ ഏകോപിപ്പിക്കും. ഹരിത നഗരങ്ങളുടെ ആശയം അടിസ്ഥാനമാക്കി പുതിയ നഗര വികസന കേന്ദ്രങ്ങൾ രൂപീകരിക്കുകയും നിലവിലെ നഗരങ്ങളിലെ തിരക്ക് കുറയ്ക്കുകയും ആധുനിക അടിസ്ഥാന സൗകര്യങ്ങളും ഗതാഗത സൗകര്യങ്ങളും ഉൾക്കൊള്ളുന്ന സാമ്പത്തിക ഇടനാഴികൾ വികസിപ്പിക്കുകയും ചെയ്യും.

44. നഗരങ്ങളിലെ പൊതുഗതാഗതം മെച്ചപ്പെടുത്തുന്നതിനും സമഗ്രമായ മഴവെള്ള നിയന്ത്രണ പദ്ധതികൾ ആവിഷ്കരി ക്കുന്നതിനും ശാസ്ത്രീയ മാലിന്യ സംസ്കരണം നടപ്പിലാ ക്കുന്നതിനും പ്രാധാന്യം നൽകും. ഇതിനെല്ലാമായി അർബൻ ചലഞ്ച് ഫണ്ട് ഫലപ്രദമായി പ്രയോജനപ്പെടുത്തും. കൂടാതെ നഗര തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക സുസ്ഥിരത വർദ്ധിപ്പിക്കുന്നതിനും ഭരണസംവിധാനം പ്രൊഫഷണൽ ആക്കുന്നതിനുമാവശ്യമായ പരിഷ്കാരങ്ങളും നടപ്പിലാക്കും. യൂണിഫൈഡ് മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി തിരുവനന്തപുരത്തും കോഴിക്കോടും സ്ഥാപിക്കും. കൊച്ചിയിൽ നിലവിലുള്ള അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കും.

## **ജെ. സി. ഡാനിയേൽ ഇന്റർനാഷണൽ ഫിലിം സിറ്റി – ചിത്രനഗരം**

45. മലയാള സിനിമാ മേഖലയെ വികസിപ്പിക്കാൻ സർക്കാർ സമഗ്ര പദ്ധതികൾ നടപ്പിലാക്കും. ഇതിന്റെ ഭാഗമായി **ജെ. സി. ഡാനിയേൽ ഇന്റർനാഷണൽ ഫിലിം സിറ്റി – ചിത്രനഗരം** കൊച്ചിയിൽ സ്ഥാപിക്കും. സിനിമയ്ക്ക് വ്യവസായ പദവി നൽകൽ, അന്താരാഷ്ട്ര ചലച്ചിത്രോത്സവ ത്തിനായി സ്ഥിരമായ വേദി സൃഷ്ടിക്കൽ, ആന്റി പൈറസി സെല്ലുകൾ രൂപീകരിക്കൽ, ദേശീയ-അന്താരാഷ്ട്ര സിനിമ നിർമ്മാണത്തെ ആകർഷിക്കുന്നതിന് അനുയോജ്യമായ അന്തരീക്ഷം രൂപപ്പെടുത്തൽ എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. **ഇതിനായി 100 കോടി രൂപ വകയിരുത്തുന്നു.**

## **എം.ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്ക്**

46. ലോകം ഡിജിറ്റൽ സംസ്കാരത്തിന്റെ സ്വാധീന വലയ ത്തിലായതോടെ നമ്മുടെ സാംസ്കാരികത്തനിമ ഭീഷണി നേരിടുകയാണ്. കേരളത്തിന്റെ തനത് കലാ-സാംസ്കാരിക മേഖലയെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്ന തിനുമായി യശ:ശരീരനായ എം.ടി. വാസുദേവൻ നായരുടെ പേരിൽ കോഴിക്കോട് ഒരു കൾച്ചറൽ പാർക്ക് സ്ഥാപിക്കും. ഇവിടെ കഥകളി, കൂത്ത്, തുള്ളൽ, തെയ്യം, ഒപ്പന, മാപ്പിളപ്പാട്ട്, മാർഗ്ഗംകളി, അയനിപ്പാട്ട്, ഗോത്ര കലാരൂപങ്ങൾ എന്നിവ അവതരിപ്പിക്കുന്നതിനുള്ള സൗകര്യമുണ്ടാകും. ജെൻ-സി കുട്ടികളുടെ ഷോർട്ട് ഫിലിമുകളും ഡോക്യുമെന്ററികളും പ്രദർശിപ്പിക്കുന്നതിനും നൃത്ത-സംഗീത കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കും. ഇതിനു പുറമേ സിനിമാ തിയേറ്ററുകൾ, ലൈബ്രറി, ആർട്ട് ഗാലറി,

ചരിത്ര മ്യൂസിയം, സാഹിത്യ-ഭാഷാ മ്യൂസിയം, എഴുത്തു കാരുടെയും മറ്റു പ്രതിഭാശാലികളുടെയും ശബ്ദ മ്യൂസിയം, കുട്ടികൾക്കും വയോജനങ്ങൾക്കും പ്രത്യേക ഇടങ്ങൾ, വിശ്രമ വേളകൾ കുടുംബമായി ചെലവഴിക്കുന്നതിനുള്ള ഇടം, ഫുഡ് കോർട്ടുകൾ, ബുക്ക് ഷോപ്പുകൾ, ആർട്ട് മെറ്റീരിയൽ ഷോപ്പുകൾ, ടൂറിസ്റ്റ് ഗസ്റ്റ് ഹൗസുകൾ, ഡോർമിറ്ററികൾ എന്നിവ സജ്ജീകരിക്കും. കലാ-സാഹിത്യ ആസ്വാദകർക്കും വിദ്യാർത്ഥികൾക്കും ഒരു വിനോദ വിജ്ഞാന കേന്ദ്രമായി ഇത് മാറും. **ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.** ഈ കൾച്ചറൽ പാർക്കിന്റെ നടത്തി പ്പിനായി കൾച്ചറൽ-ടൂറിസം ട്രസ്റ്റ് രൂപീകരിക്കും.

**ജോൺസൺ മ്യൂസിക് അക്കാദമി**

47. മൺമറഞ്ഞ പ്രശസ്ത സംഗീത സംവിധായകൻ ജോൺസൺ മാസ്റ്ററുടെ പേരിൽ തൃശ്ശൂരിൽ പുതിയ മ്യൂസിക് അക്കാദമി ആരംഭിക്കും. **ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.**

**ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

48. അപ്രതീക്ഷിതമായ ചികിത്സാ ചെലവുകൾ പല കുടുംബ ങ്ങളിലും വൻ സാമ്പത്തിക ബാധ്യതയാണ് സൃഷ്ടിക്കുന്നത്. ഇത്തരം ബാധ്യത ലഘൂകരിക്കുന്നതിനും കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്നതിനുമായി എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സൗജന്യ "ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി” നടപ്പിലാക്കും. ഇതിന്റെ പ്രാരംഭ ചെലവുകൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

## പാചകകലാ ഇൻസ്റ്റിറ്റ്യൂട്ട് (Culinary Institute)

49. കേരളത്തിന്റെ തനതായ പാചക കലയെയും രുചികളെയും ലോകത്തിനു മുന്നിൽ പരിചയപ്പെടുത്താനും പാചകകല, ബേക്കറി, ഹോട്ടൽ മാനേജ്മെന്റ്, ഭക്ഷ്യ ഉൽപ്പാദനം, ഭക്ഷ്യസുരക്ഷ എന്നിവയിൽ പരിശീലനവും വിദ്യാഭ്യാസവും നൽകുന്നതിനുമായി **പാചകകലാ ഇൻസ്റ്റിറ്റ്യൂട്ട്** (Culinary Institute) സ്ഥാപിക്കും. പ്രൊഫഷണൽ ഷെഫുമാരെ പരിശീലിപ്പിക്കുക, ഭക്ഷ്യവ്യവസായത്തിന് വിദഗ്ധരെ സൃഷ്ടിക്കുക, പാചക മേഖലയിലെ നവീകരണവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക, ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിലവസരങ്ങൾ വർധിപ്പിക്കുക എന്നിവയാണ് പാചകകലാ ഇൻസ്റ്റിറ്റ്യൂട്ടിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. **ഈ പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തുന്നു.**

## കേരള ഡിസാസ്റ്റർ റെസിലിയൻസ് പ്രോഗ്രാം

50. ഉരുൾപൊട്ടലുകൾ, തീരശോഷണം, മുണ്ടക്കൈ-ചൂരൽമല യിലെ ഹൃദയഭേദകമായ ദുരന്തം, വെള്ളപ്പൊക്കങ്ങൾ എന്നിങ്ങനെ നിരവധി വിനാശകരമായ പ്രകൃതി ദുരന്തങ്ങൾ കഴിഞ്ഞ ദശകത്തിൽ കേരളം നേരിട്ടു. ഓരോ ദുരന്തവും ശാസ്ത്രീയമായ തയ്യാറെടുപ്പിന്റെയും മുൻകരുതലിന്റെയും അനിവാര്യത വെളിപ്പെടുത്തിയിട്ടുണ്ട്. ഇതിനായി നിലവി ലുള്ള സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നടപടി കൈക്കൊള്ളും. പ്രത്യേക മുന്നറിയിപ്പ് സംവിധാനങ്ങൾ, കാലാവസ്ഥാ മോഡലിംഗ്, ജിയോസ്പേഷ്യൽ ഇന്റലിജൻസ്, റിസ്ക് അനലിറ്റിക്സ്, അടിയന്തര പ്രതികരണ ഏകോപനം എന്നിവ

സമന്വയിപ്പിക്കുന്ന ഒരു അത്യാധുനിക കേന്ദ്രമായി 'കേരള ഡിസാസ്റ്റർ റെസിലിയൻസ് പ്രോഗ്രാ'മിന്റെ ഭാഗമായി 'കേരള ഡിസാസ്റ്റർ റെസിലിയൻസ് സെന്റർ' സ്ഥാപിക്കും. ഈ കേന്ദ്രം ശാസ്ത്രീയ വൈദഗ്ധ്യം, സാങ്കേതിക കഴിവുകൾ, കമ്മ്യൂണിറ്റി അധിഷ്ഠിത തയ്യാറെടുപ്പ് എന്നിവ ഒരൊറ്റ സ്ഥാപന ചട്ടക്കൂടിനുള്ളിൽ കൊണ്ടുവരും. ദുരന്ത പ്രതിരോധത്തിനു നിക്ഷേപിക്കുന്ന ഓരോ രൂപയും ജീവനും ജീവനോപാധികളും അടിസ്ഥാന സൗകര്യങ്ങളും സംരക്ഷിക്കുന്നതിനും ഭാവിയിൽ ദുരന്തങ്ങൾ കാരണം ഉണ്ടായേക്കാവുന്ന കനത്ത സാമ്പത്തിക ബാധ്യതകളിൽ നിന്നും സംസ്ഥാനത്തെ സംരക്ഷിക്കുന്നതിനും സഹായിക്കും. ഈ സ്ട്രാറ്റജിക്ക് സംവിധാന കേന്ദ്രം നിലവിൽ വരുന്നതിലൂടെ ദുരന്ത നിവാരണത്തിലും കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന ദുരന്തങ്ങളുടെ പ്രതിരോധത്തിലും കേരളം ഒരു മാതൃകയാകും. **ഈ പദ്ധതിയുടെ നടത്തിപ്പിനായി 15 കോടി രൂപ വകയിരുത്തുന്നു.**

### കേരള സ്കൂൾ ഓഫ് പ്ലാനിംഗ്, ആർക്കിടെക്ച്ചർ & ഡിസൈൻ

51. ആഗോള തലത്തിൽ ഡിസൈൻ/ആർക്കിടെക്ചർ മേഖല ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സമകാലിക ഡിസൈൻ വിദ്യാഭ്യാസം ക്ലാസ് മുറിയിലെ പരമ്പരാഗത വിദ്യാഭ്യാസ രീതിയിൽ നിന്ന് മാറി സൃഷ്ടിപരവും, നൂതനവും, വിമർശനാത്മക ചിന്തയും, നേതൃത്വപാടവ കഴിവുകളും പരിപോഷിപ്പിച്ചുകൊണ്ട് വിവിധ പഠന ശാഖകളും വ്യവസായാധിഷ്ഠിതവുമായ ഒരു മാതൃകയിലേക്ക് മാറേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് PPP മോഡലിൽ കേരള സ്കൂൾ

ഓഫ് പ്ലാനിംഗ്, ആർക്കിടെക്ച്ചർ & ഡിസൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. നമ്മുടെ കുട്ടികൾക്ക് ഈ സ്ഥാപനത്തിൽ നിന്ന് ആർക്കിടെക്ച്ചർ & ഡിസൈൻ കോഴ്സുകളിൽ ബിരുദവും, ബിരുദാനന്തര ബിരുദവും, അർബൻ പ്ലാനിംഗിൽ ബിരുദാനന്തര ബിരുദ പഠനത്തിനൊപ്പം ഗവേഷണത്തിനും സൗകര്യമുണ്ടാകും. **ഇതിനായി 2 കോടി രൂപ വകയിരുത്തുന്നു.** സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിലെ എഞ്ചിനീയർമാർക്കും ആർക്കിടെക്റ്റുമാർക്കുമായി റീ-ഓറിയെന്റേഷൻ കോഴ്സുകൾ ആരംഭിക്കും.

**പ്രവാസി പങ്കാളിത്തം**

52. കേരള സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് പ്രവാസി നിക്ഷേപം. പതിറ്റാണ്ടുകളായി ഗൾഫ് രാജ്യങ്ങളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമായി ജോലി ചെയ്യുന്ന മലയാളികൾ അയയ്ക്കുന്ന പണം, കേരളത്തിന്റെ ഉപഭോഗ ശേഷിയും ജീവിത നിലവാരവും ഉയർത്തുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ, ഭാവിയിലെ കേരള വികസനത്തിന് പണം അയക്കൽ മാത്രം മതിയാകില്ല. പ്രവാസികൾ നിക്ഷേപകരായും സംരംഭകരായും അറിവ് പങ്കിടുന്നവരായും മാറേണ്ടതുണ്ട്. സ്റ്റാർട്ടപ്പുകൾ, ടൂറിസം, കാർഷിക മൂല്യവർദ്ധിത സംരംഭങ്ങൾ, ആരോഗ്യ രംഗം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ കൂട്ടായ നിക്ഷേപം നടത്താൻ അവർക്ക് കഴിയും. റെമിറ്റൻസ് ഇക്കോണമി എന്ന നിലയിൽ നിന്ന് ഇൻവെസ്റ്റ്മെന്റ് ഇക്കോണമി എന്ന നിലയിലേക്ക് കേരളത്തെ മാറ്റുന്നതിൽ പ്രവാസികളുടെ പങ്ക് ഉറപ്പാക്കുന്നതിനായി പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട് രൂപീകരിക്കും.

## ഗ്ലോബൽ ഫർണിച്ചർ ഹബ്ബ്

53. ഇന്ത്യയിലെ ഏറ്റവും വലിയ പ്ലൈവുഡ് നിർമാണ കേന്ദ്രങ്ങളിലൊന്നാണ് പെരുമ്പാവൂർ. ഫർണിച്ചർ, ഹോം വെയർ നിർമ്മാണ ഇടനാഴിയായി ഇത് മാറിയിരിക്കുന്നു. കൊച്ചി-ആലുവ-പെരുമ്പാവൂർ ബെൽറ്റിനെ ഒരു ഫർണിച്ചർ നിർമ്മാണ കേന്ദ്രമാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ സ്വപ്നം. **ഈ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.** പ്രമുഖ അന്താരാഷ്ട്ര ബ്രാൻഡുകളുമായി സഹകരിച്ച് കേരളത്തെ അവരുടെ വിതരണ ശൃംഖലയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അതിനായി പ്ലൈവുഡ് യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതികൾ നടപ്പാക്കും. ഫർണിച്ചറുകളുടെയും, ഹോംവെയറുകളുടെയും രൂപകല്പനയ്ക്കും, നിർമ്മാണത്തിനും ഒരു സമഗ്ര പരിശീലന പരിപാടി ആരംഭിക്കും.

## ഗ്ലോബൽ ഗോൾഡ് ഹബ്ബ്

54. ഇന്ന് ഇന്ത്യൻ സ്വർണ്ണാഭരണ വ്യാപാര രംഗത്ത് ഏറ്റവും ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ ഏറ്റവും വലിയ സ്വർണ്ണ ഉപഭോഗ സംസ്ഥാനമാണ് കേരളമെങ്കിലും സ്വർണ്ണാഭരണ നിർമ്മാണ മേഖലയിൽ പിന്നിലാണ്. നമുക്ക് കേരളത്തെ ഒരു സ്വർണ്ണ വിനിമയ കേന്ദ്രമാക്കി മാറ്റുവാൻ സാധിക്കും. ഇതിനായി കൊച്ചി – തൃശ്ശൂർ ബെൽറ്റിനെ ഒരു പ്രധാന ആഭരണ നിർമ്മാണ ഇടനാഴിയാക്കി മാറ്റേണ്ടതുണ്ട്. സ്വർണ്ണ വിനിമയ കേന്ദ്രവും ആഭരണ നിർമ്മാണ പാർക്കും സ്ഥാപിക്കുന്നതിന് സർക്കാർ പിന്തുണ നല്കും. കൂടാതെ നമ്മുടെ കുട്ടികളെ

ആഭരണ ഡിസൈനർമാരും നിർമ്മാതാക്കളുമായി വളർത്തുന്നതിന് ആവശ്യമായ പരിശീലനം നൽകും. **ഈ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

**തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ**

55. അടിസ്ഥാന സൗകര്യ വികസനത്തിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളെ മുൻപന്തിയിൽ എത്തിക്കുന്നതിനായി കാലാകാലങ്ങളിലായി വിവിധ സർക്കാരുകൾ വാഗ്ദാനം ചെയ്യുകയും എന്നാൽ ഇതുവരെ നടപ്പിലാക്കാൻ സാധിക്കാതെ വന്നതുമായ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കും. തിരുവന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി വരുന്നു. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ സാധ്യതാപഠന ത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. **ഈ പദ്ധതി പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ വകയിരുത്തുന്നു.**

**ജെൻ -Z ആന്റ് ന്യൂ ജെൻ ടെക്നോളജി**

56. ഇന്ന് ലോകത്തെ ഏറ്റവും വേഗത്തിൽ മാറ്റിമറിക്കുന്ന ശക്തികളിലൊന്നാണ് ജനറേഷൻ Z (Gen-Z). ഡിജിറ്റൽ യുഗത്തിൽ ജനിച്ചുവളർന്ന ഇവർക്ക് സാങ്കേതികവിദ്യ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. റോബോട്ടിക്സ്, ഡാറ്റാ സയൻസ്, ഇന്റർനെറ്റ് ഓഫ് തിങ്സ് (IoT), വെർച്വൽ റിയാലിറ്റി (VR) തുടങ്ങിയ മേഖലകളിലെ മുന്നേറ്റങ്ങൾ ഇവർ ഏറ്റവും വേഗത്തിൽ സ്വീകരിക്കുകയും പ്രയോജന പ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഡിജിറ്റൽ ധാർമ്മികത, സ്വകാര്യതയുടെ സംരക്ഷണം, സൈബർ സുരക്ഷ, മാനുഷിക മൂല്യങ്ങൾ തുടങ്ങിയവയ്ക്ക് പ്രാധാന്യം

നൽകിക്കൊണ്ട് കേരളത്തിന്റെ സ്റ്റാർട്ടപ്പുകൾ, ഇന്നവേഷൻ ഹബ്ബുകൾ, ഗവേഷണ കേന്ദ്രങ്ങൾ, സ്മാർട്ട് വ്യവസായങ്ങൾ എന്നിവ വികസിപ്പിക്കാൻ യുവതലമുറയുടെ സൃഷ്ടിപരമായ കഴിവുകളും സാങ്കേതിക മികവുകളും ഒരുമിപ്പിക്കാവുന്ന താണ്. പ്രശ്നങ്ങൾക്ക് സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിക്കാനും മാറ്റങ്ങൾ സൃഷ്ടിക്കാനും ശ്രമിക്കുന്ന തിലൂടെ ഭാവിയിലെ സമ്പദ്‌വ്യവസ്ഥയുടെയും വ്യവസായ ങ്ങളുടെയും പ്രധാന ചാലക ശക്തിയായി ഈ തലമുറ മാറും. **ഈ മേഖലയുടെ വികസനത്തിനായി 50 കോടി രൂപ വകയിരുത്തുന്നു.**

57. മലയാളം നമ്മുടെ അഭിമാനവും വിജ്ഞാന പൈതൃകവു മാണ്; നിർമിതബുദ്ധിയുടെ (AI) ഈ യുഗത്തിൽ അത് പിന്തള്ളപ്പെട്ടുപോകരുത്. മലയാളത്തിന്റെ ഒരു തുറന്ന ഡാറ്റാസെറ്റ് എല്ലാവർക്കും സൗജന്യമായി ലഭ്യമാക്കിയും, വിപണിയിലെത്തിക്കാവുന്ന മലയാളം AI മാതൃകകളുടെ വികസനത്തിന് പിന്തുണ നൽകിയും കേരളം ഒരു 'മലയാളം AI സംരംഭം' ആരംഭിക്കും. **ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.**

## ഭാഗം – III

58. സർ, മുൻ സർക്കാർ അവതരിപ്പിച്ച അവസാന ബജറ്റ് എസ്റ്റിമേറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരുമാനത്തിൽ ഉണ്ടായ ഗണ്യമായ ഇടിവ് കണക്കിലെടുത്തുകൊണ്ട് 2026-27 വർഷത്തെ പദ്ധതി അടങ്കൽ തുക 35,750 കോടി രൂപയിൽ നിന്നും 30,370 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി അടങ്കൽ തുക കുറഞ്ഞത് കാരണം മുൻ സർക്കാർ അവതരിപ്പിച്ച അവസാന ബജറ്റ് എസ്റ്റിമേറ്റിൽ കണക്കാക്കിയ തുകയേക്കാൾ പട്ടികജാതി-പട്ടികവർഗ്ഗ

മേഖലയ്ക്ക് ഉണ്ടായ കുറവ് പരിഹരിക്കുവാനായി പട്ടികജാതി മേഖലയ്ക്ക് 527.68 കോടി രൂപയും പട്ടികവർഗ്ഗ മേഖലയ്ക്ക് 152.52 കോടി രൂപയും പ്രത്യേക പദ്ധതിക്കായി അധികതുകയായി വകയിരുത്തുന്നു. ഇതിനു പുറമെ മത്സ്യബന്ധന മേഖലയ്ക്ക് 50 കോടി രൂപയും അധികമായി വകയിരുത്തുന്നു.

**തദ്ദേശ സർക്കാരുകൾ**

59. ഓരോ അഞ്ച് വർഷ ഇടവേളകളിലും സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിക്കുകയും കമ്മീഷൻ ശിപാർശകൾ അംഗീകരിച്ച് കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 7-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ 2026-27 ലേക്കുള്ള പുതുക്കിയ ശിപാർശകൾ സമർപ്പിക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2026-27 ലേക്കുള്ള പുതുക്കിയ ബജറ്റ് പ്രകാരം തദ്ദേശ സർക്കാരുകൾക്കുള്ള ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 3,236.77 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 4,315.69 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം പുതുക്കിയ പദ്ധതി വിഹിതത്തിന്റെ 28.5 ശതമാനമായ 8,655.45 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ടായി നീക്കി വയ്ക്കുന്നു. വികസന ഫണ്ടിന് പുറമേ കേരള ഖരമാലിന്യ സംസ്കരണ പരിപാടി (KSWMP) പദ്ധതിയിൻ കീഴിൽ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് Urban Local Body Grant ആയി 160 കോടി രൂപയും പുതുക്കിയ വിഹിതമായി നീക്കിവച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം യഥാസമയത്ത് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കും.

## ഇന്ദിരാ ഗ്യാരണ്ടി

60. ഈ സർക്കാർ അധികാരമേറ്റയുടൻ ചേർന്ന ആദ്യ മന്ത്രിസഭായോഗത്തിൽ തന്നെ സ്ത്രീകൾക്ക് ബസുകളിൽ സൗജന്യയാത്ര അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം വയോജന ക്ഷേമവകുപ്പ് രൂപീകരിക്കുകയും ഉമ്മൻചാണ്ടി ഇൻഷുറൻസ് പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രായഭേദമന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡേഴ്സിനും കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ഓർഡിനറി ബസുകളിലും സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. **ഇതിലേയ്ക്കുള്ള ചെലവുകൾക്കായി 600 കോടി രൂപ വകയിരുത്തുന്നു.**

## ക്ഷേമ പദ്ധതികൾ

61. ശിശുക്ഷേമ രംഗത്ത് വിലപ്പെട്ട സേവനം അനുഷ്ഠിക്കുന്ന സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ ഓണറേറിയം 2026 ജൂൺ 1 മുതൽ 1,000 രൂപ വർധിപ്പിച്ചു. **ഇതിനായി 66.20 കോടി രൂപ വകയിരുത്തുന്നു.**

62. പൊതുജനാരോഗ്യ മേഖലയിലെ നെടുംതൂണുകളായ ആശാ വർക്കർമാരുടെ പ്രതിമാസ ഓണറേറിയം 2026 ജൂൺ 1 മുതൽ 3,000 രൂപ വർധിപ്പിച്ച് 9,000 രൂപയിൽ നിന്ന് 12,000 രൂപയായി ഉയർത്തി. **ഇതിനായി 78.40 കോടി രൂപ വകയിരുത്തുന്നു.**

63. വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് നിർണായക പങ്കുവഹിക്കുന്ന പാചകത്തൊഴിലാളികളുടെ വേതനം 1,000 രൂപ വർധിപ്പിച്ച് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. **ഇതിനായി 13.30 കോടി രൂപ വകയിരുത്തുന്നു.**

64. സംസ്ഥാനത്തെ പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ അധ്യാപകരുടെയും ആയമാരുടെയും സേവനങ്ങൾ മാനിച്ച്, അവരുടെ പ്രതിമാസ ഓണറേറിയം 2026 ജൂൺ 1 മുതൽ നിലവിലുള്ള തുകയേക്കാൾ 1,000 രൂപ വർധിപ്പിച്ചു. **ഇതിനായി 4.72 കോടി രൂപ വകയിരുത്തുന്നു.**

**തിങ്ക് - ടാങ്ക്**

65. കേരളത്തിന്റെ ധനസ്ഥിതിയെക്കുറിച്ച് അടുത്തിടെ പുറത്തിറക്കിയ ധവളപത്രത്തിലെ നിർദ്ദേശ പ്രകാരം, സംസ്ഥാന ആസൂത്രണ ബോർഡിനെ സർക്കാരിന്റെ ഒരു 'തിങ്ക് - ടാങ്ക്' (ചിന്താ സമിതി) ആയി പുനഃസംഘടിപ്പിക്കും. മുൻഗണനാ പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ആശയങ്ങളെ പ്രായോഗിക പദ്ധതികളായി മാറ്റുന്നതിനുമായി സിവിൽ സൊസൈറ്റി സംഘടനകളും സംസ്ഥാന സർക്കാരും തമ്മിലുള്ള ഒരു കണ്ണിയായി ആസൂത്രണ ബോർഡ് പ്രവർത്തിക്കും.

**കൃഷിയും അനുബന്ധമേഖലയും**

66. സർ, കൃഷിക്കും അനുബന്ധ മേഖലയ്ക്കുമായി ആകെ പദ്ധതി അടങ്കൽ തുകയായി 1534.98 കോടി രൂപ വകയിരുത്തുന്നു.

67. റബ്ബറിന്റെ വിലയിടിവിൽ നിന്നും റബ്ബർ കർഷകരെ സഹായിക്കാനായി ആരംഭിച്ചിട്ടുള്ള "റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം" പ്രകാരം നിശ്ചയിച്ചിട്ടുള്ള റബ്ബറിന്റെ നിലവിലെ താങ്ങുവില 200 രൂപയിൽ നിന്നും 250 രൂപയായി വർദ്ധിപ്പിക്കും.

68. കേരളത്തിലെ ഫ്രൂട്ട് ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കയറ്റുമതി ഗുണനിലവാരമുള്ള

ഫലവർഗ്ഗങ്ങളും പുഷ്പവും ഉൽപാദിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകും.

69. കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും കമ്മീഷൻ അവാർഡ് പ്രഖ്യാപിച്ച കർഷകരുടെ പ്രമാണങ്ങൾ തിരിച്ചു നൽകാനും നടപടികൾ സ്വീകരിക്കും.

70. നെല്ലിന്റെ സംഭരണം കാര്യക്ഷമമാക്കുന്നതിനും സംഭരണ വില കർഷകർക്ക് കൃത്യമായി ലഭിക്കുന്നതിനും നടപടി സ്വീകരിക്കും.

71. നാളികേരത്തിന് സർക്കാർ തലത്തിൽ പുതിയ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കും.

72. കേരളത്തിലെ കാർഷിക മേഖലയിൽ വനിതകളുടെ ശക്തമായ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനും വനിതകളുടെ നേതൃത്വത്തിലുള്ള കാർഷിക സംരംഭങ്ങളും കർഷക കൂട്ടായ്മകളും പ്രോത്സാഹിപ്പിക്കുന്നതിനുമായി "കൃഷി സഖി - വനിതാ കർഷക വികസന പരിപാടി" എന്ന പദ്ധതി നടപ്പിലാക്കുന്നു.

73. കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുന്നതിനും കാലാവസ്ഥാ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നതിനുമായി നിർമ്മിത ബുദ്ധി (AI), ഡ്രോണുകൾ, ഐ.ഒ.ടി കാർഷിക സാങ്കേതികവിദ്യകൾ ഉപകരണങ്ങൾ എന്നിവയുൾപ്പെടെയുള്ള നൂതന സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കും.

74. സംസ്ഥാനത്ത് ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളും.

75. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കും. യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ പദ്ധതി തയ്യാറാക്കും.

**മണ്ണ് ജല സംരക്ഷണം**

76. സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും, കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കാനുള്ള ശേഷി ശക്തിപ്പെടുത്തുന്നതിനും, കർഷകർക്ക് പുതിയ വരുമാന അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ 'കേരള കാർബൺ ഫാമിംഗ് ആൻഡ് സോയിൽ ക്രെഡിറ്റ് ഫ്രെയിംവർക്ക് പദ്ധതി നടപ്പിലാക്കും.

**മൃഗസംരക്ഷണം**

77. മൃഗസംരക്ഷണ മേഖലയ്ക്ക് 258.88 കോടി രൂപ വകയിരുത്തുന്നു. ഇതിൽ മൃഗസംരക്ഷണ വകുപ്പിന് 137.24 കോടി രൂപയും കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന് 29.89 കോടി രൂപയും കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന് 8 കോടി രൂപയും മീറ്റ് പ്രോഡക്റ്റ് ഓഫ് ഇൻഡ്യയ്ക്ക് 5.85 കോടി രൂപയും കേരള ഫീഡ്സിന് 19.20 കോടി രൂപയും കേരള വെറ്ററിനറി & ആനിമൽ സയൻസ് സർവ്വകലാശാലയ്ക്ക് 52 കോടി രൂപയും കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കെറ്റിംഗ് ഫെഡറേഷന് 6.70 കോടി രൂപയും ഉൾപ്പെടുന്നു.

78. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ മണിക്കൂറിൽ 1,000 കോഴികളെ പ്രോസസ്

ചെയ്യാൻ ശേഷിയുള്ള ഒരു ആധുനിക കോഴിമാംസ പ്രോസസിംഗ് പ്ലാന്റും ഒരു പെറ്റ് ഫുഡ് ഫാക്ടറിയും ആരംഭിക്കും.

79. ദാരിദ്ര്യനിർമ്മാർജനം, വനിതാ ശാക്തീകരണം, വിധവകളുടെയും അശരണരുടെയും സാമ്പത്തിക സുരക്ഷ എന്നിവ ലക്ഷ്യമാക്കി "കെപ്കോ ആശ്രയ" പദ്ധതിയും, സ്കൂൾ കുട്ടികളുടെ പോഷകാഹാരനില മെച്ചപ്പെടുത്തുന്നതിനും കോഴിവളർത്തലിനോടുള്ള താൽപര്യം കുട്ടികളിൽ വളർത്തുന്നതിന് സ്കൂൾ പൗൾട്രി ക്ലബ് പദ്ധതിയും, നഗര-അർദ്ധനഗര പ്രദേശങ്ങളിലെ വനിതാ ഗുണഭോക്താക്കൾക്കുള്ള പദ്ധതികളിലൂടെ മുട്ട ഉൽപ്പാദനം വർധിപ്പിക്കുന്നതിനും കുട്ടികൾ ഉൾപ്പെടെയുള്ള ജനങ്ങളുടെ പോഷകാഹാരനില മെച്ചപ്പെടുത്തുന്നതിനുമായി "കേജുകളിലെ കോഴിവളർത്തൽ" എന്ന നൂതന പദ്ധതിയും കന്നുകാലികളുടെ ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിന് ഹൈഫർ റിയറിംഗ് സെന്ററുകൾ സ്ഥാപിക്കുക എന്നീ പദ്ധതികളും നടപ്പിലാക്കും.

**ക്ഷീരവികസനം**

80. ക്ഷീരവികസന മേഖലയ്ക്ക് 102.88 കോടി രൂപ വകയിരുത്തുന്നു. ഇതിൽ ഗ്രാമീണ ക്ഷീര വിപുലീകരണത്തിനും കാർഷിക ഉപദേശക സേവനങ്ങൾക്കുമുള്ള 9 കോടി രൂപയും ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള സഹായമായ 21 കോടി രൂപയും പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്ന ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള 7 കോടി രൂപയും വാണിജ്യ ക്ഷീരവികസന പ്രവർത്തനങ്ങളും മിൽക്ക് ഷെഡ് വികസന പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായുള്ള 36.37 കോടി രൂപയും

കാലിത്തീറ്റ സബ്സിഡി നൽകുന്നതിനുള്ള 7 കോടി രൂപയും തീറ്റപ്പുല്ലുകളുടെ ഉൽപ്പാദനവും സംരക്ഷണത്തിനുമുള്ള 8.5 കോടി രൂപയും ഉൾപ്പെടുന്നു.

81. കേരളത്തിൽ നിലവിൽ 70 ലക്ഷം ലിറ്റർ പാലാണ് പ്രതിദിനം ഉൽപാദിപ്പിക്കുന്നത്. എന്നാൽ സംസ്ഥാനത്ത് 86 ലക്ഷം ലിറ്റർ പാലിന്റെ ആവശ്യകതയുണ്ട്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ പാലിന്റെ പ്രതിദിന ഉൽപാദനം ഒരു കോടി ലിറ്ററായി ഉയർത്തുവാനും അധികമായി വരുന്ന പാൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

82. കേരള ഡയറി ഫാർമേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് മുഖേന ക്ഷീരകർഷകരുടെ സാമൂഹ്യ-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി ക്ഷീരസാന്ത്വനം പദ്ധതി നടപ്പിലാക്കും. ഡയറി സഹകരണ സംഘങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം ലളിതവും ഏകീകൃതവും സുതാര്യവുമാക്കുന്ന തിനായി യൂണിഫൈഡ് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും, തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരിയിൽ പുതിയ സംസ്ഥാന തീറ്റപ്പുൽ ഫാം/ മാതൃകാ ക്ഷീര യൂണിറ്റ് സ്ഥാപിക്കുന്നതിനും നടപടി കൈക്കൊള്ളും.

**മത്സ്യബന്ധനം**

83. മത്സ്യബന്ധന വകുപ്പിന് 133.43 കോടി രൂപയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 34 കോടി രൂപയും കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന് 33.5 കോടി രൂപയും ഉൾപ്പെടെ ആകെ 200.93 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമേ മത്സ്യ ബന്ധന വകുപ്പിന്റെ

വിവിധ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ അധികമായി വകയിരുത്തുന്നു.

84. മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന മണ്ണെണ്ണ സബ്സിഡി 75 രൂപയായി വർദ്ധിപ്പിക്കുന്നു.

85. കടലിന്റെ അവകാശം കടലിന്റെ മക്കൾക്ക് ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കും.

86. കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെപ്പോലെ മത്സ്യബന്ധന മേഖലയിലെ പിന്നാക്കാവസ്ഥയിലുള്ള വരെയും ഉയർത്തിക്കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കും. മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഭവന പദ്ധതി നടപ്പാക്കും.

87. മത്സ്യത്തൊഴിലാളി മേഖലകളിൽ കൂടുതൽ വൈവിധ്യമാർന്ന തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും, മത്സ്യത്തൊഴിലാളി സമൂഹത്തിന് മറ്റ് തൊഴിൽ മാർഗ്ഗങ്ങൾ കണ്ടെത്താനുമുള്ള പരിശീലന പരിപാടികൾ ആരംഭിക്കും.

88. മത്സ്യതൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് സ്വയം തൊഴിലിനായി സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കാൻ ആവശ്യമായ സഹായം ലഭ്യമാക്കും.

89. പട്ടയം ലഭിച്ചിട്ടില്ലാത്ത എല്ലാ തീരദേശ നിവാസികൾക്കും പട്ടയം ലഭ്യമാക്കും.

90. സർക്കാർ മുന്നറിയിപ്പ് പ്രകാരം മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളി കൾക്ക് വേതന സഹായം ലഭ്യമാക്കും.

91. ഹൈടെക് ഫിഷ് നഴ്സറികൾക്കും, അലങ്കാര മത്സ്യകൃഷിക്കുമായി സർക്കാർ പ്രോത്സാഹനം നൽകും.

92. തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനുള്ള കടൽഭിത്തി, ബ്രേക്ക് വാട്ടർ, ബീച്ച് നറിഷ്മെന്റ് അടക്കമുള്ള ശാസ്ത്രീയ നടപടികൾ സ്വീകരിക്കും.

93. മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കും.

**വനം – വന്യജീവി വകുപ്പ്**

94. വനം-വന്യജീവി സംരക്ഷണപ്രവർത്തനങ്ങൾക്കായി 243.80 കോടി രൂപ വകയിരുത്തുന്നു.

95. സംസ്ഥാനത്ത് മലയോര കർഷകരും മറ്റു ജനങ്ങളും വന്യജീവി ആക്രമണങ്ങളുടെ ഭീഷണിയിലാണ്. കേരളത്തിലെ കടുവ, പുലി എന്നിവയുടെ ശാസ്ത്രീയ സെൻസസ് നടത്തി അവയെ മാറ്റി പാർപ്പിക്കുന്നതിനുള്ള നിയമ വിധേയമായ നടപടി സ്വീകരിക്കും. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തും. **ഇതിനായി ആകെ 192.20 കോടി രൂപ വകയിരുത്തുന്നു.**

96. വന്യജീവി ശല്യം ഏറെ രൂക്ഷമായ പ്രദേശങ്ങളിൽ കൂടുതൽ RRT സംഘത്തെ വിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

**പരിസ്ഥിതി വകുപ്പ്**

97. പരിസ്ഥിതി മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി 22.02 കോടി രൂപ വകയിരുത്തുന്നു.

98. വായു-ജലം-ഭൂമി-പ്രകാശ മലിനീകരണം തടയുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി “സീറോ ടോളറൻസ്" നയം നടപ്പിലാക്കും.

99. 2050-ഓടു കൂടി കേരളത്തെ പൂർണ്ണമായും കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കും. സോയിൽ കാർബൺ/Carbon sequestration വർദ്ധിപ്പിക്കുന്ന കൃഷി രീതികൾ പ്രോത്സാഹിപ്പിച്ച്, കാർബൺ ക്രെഡിറ്റ് ക്ലെയിം ചെയ്യാൻ സംസ്ഥാനതല സംവിധാനം രൂപപ്പെടുത്തി കർഷകർക്ക് നേരിട്ടുള്ള സാമ്പത്തിക നേട്ടം ഉറപ്പാക്കും.

**മലയോര കർഷക ക്ഷേമം**

100. മലയോര മേഖലയിൽ ബഹുവിള കൃഷി രീതി (Multi crops) പ്രോത്സാഹിപ്പിക്കും. ഇതിനായി ആവശ്യമായ നിയമ നിർമ്മാണം നടത്തും.

101. മലയോര മേഖലയിൽ പട്ടയവിതരണത്തിന് തടസ്സമായിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കും സമയബന്ധിതമായി പരിഹാരം കാണും. ബഹു. സുപ്രീം കോടതിയിലെ സി.എച്ച്.ആർ. കേസ്, 1964 റൂൾ, പട്ടയവിതരണവുമായി ബന്ധപ്പെട്ട ബഹു. ഹൈക്കോടതിയിലെ കേസ് എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്നുമുള്ള നടപടികൾ വേഗത്തിലാക്കി കർഷക താല്പര്യം സംരക്ഷിച്ച് പട്ടയ വിതരണം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കും. ഏലം പട്ടയ ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകാൻ പാടില്ലെന്ന സർക്കാർ ഉത്തരവ് നിയമവിധേയമായി പുനഃപരിശോധിക്കും. പട്ടയഭൂമിയിൽ നിലവിലുള്ള നിർമ്മാണങ്ങൾ ഉപാധിരഹിതമായി ക്രമവൽക്കരിച്ച് നൽകും.

### ഗ്രാമവികസനം

102. ഗ്രാമവികസന മേഖലയ്ക്കാകെ 2138.80 കോടി രൂപ വകയിരുത്തുന്നു. ഇതിൽ ഗ്രാമവികസന പരിപാടി കൾക്കുള്ള 583.24 കോടി രൂപയും സാമൂഹ്യ വികസന ത്തിനും പഞ്ചായത്തുകൾക്കുമായുള്ള 1136.07 കോടി രൂപയും മേഖല വികസനത്തിനുള്ള പ്രത്യേക പരിപാടിയ്ക്കായി 419.40 കോടി രൂപയും ഉൾപ്പെടുന്നു.

### തൊഴിലുറപ്പ് പദ്ധതി

103. ഇന്ത്യയിലെ സാധാരണ ജനങ്ങൾക്ക് ഏറെ സഹായകരമായിരുന്ന UPA സർക്കാർ നടപ്പിലാക്കിയ ജനകീയ പദ്ധതിയാണ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി (MGNREGA). എന്നാൽ കേന്ദ്ര സർക്കാർ ഈ പദ്ധതിയെ നിർത്തലാക്കുന്ന രീതിയിൽ VB-G RAM G ആയി പരിഷ്കരിച്ച് പുനർനാമകരണം ചെയ്യുകയും സംസ്ഥാന വിഹിതം 40% ആയി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ആയിരുന്നപ്പോൾ സംസ്ഥാന വിഹിതമായി നൽകേണ്ടിയിരുന്നത് ഏകദേശം 250 കോടി രൂപയായിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയം കാരണം ഇത് 2090.96 കോടി രൂപയായിട്ടുണ്ട്. ഈ ജനകീയ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് ആദ്യഘട്ടം എന്ന നിലയ്ക്ക് 1422.60 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.

### ഓൺലൈൻ ഗ്രാമസഭ

104. ഗ്രാമസഭയിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്ത ഗ്രാമസഭാംഗങ്ങൾക്ക് ഓൺലൈനായി പങ്കെടുക്കുന്നതി

നുള്ള സൗകര്യം ഏർപ്പെടുത്തും. ലോകത്തിന്റെ ഏത് കോണിൽ നിന്നും സ്വന്തം നാട്ടിലെ ഗ്രാമസഭയിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ അറിയിക്കുന്നതിനും നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും ഇതുമൂലം അവസരം ലഭിക്കും. ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും.

**വിലങ്ങാട് പാക്കേജ്**

105. 2024-ലെ ഉരുൾപൊട്ടലിൽ കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജക മണ്ഡലത്തിലെ വിലങ്ങാട് വില്ലേജിൽ നിരവധി വീടുകൾ, കച്ചവട സ്ഥാപനങ്ങൾ, കൃഷി തുടങ്ങിയവയ്ക്ക് വൻ നാശനഷ്ടങ്ങൾ ഉണ്ടായി. ദുരിത ബാധിത പ്രദേശത്തെ അടിസ്ഥാന സൗകര്യ പുനർ നിർമ്മാണം, ദുരിതബാധിതരുടെ പുനരധിവാസം, കാർഷിക മേഖലയുടെ പുനരുജ്ജീവനം, പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള മാതൃക സൃഷ്ടിക്കൽ എന്നീ ലക്ഷ്യത്തോടെ വിലങ്ങാട് വില്ലേജിന്റെ സമഗ്രവും സുസ്ഥിരവുമായ പുനർനിർമ്മിതിക്ക് 'വിലങ്ങാട് പാക്കേജ്' പ്രഖ്യാപിക്കുന്നു. **ഇതിലേക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

106. സംസ്ഥാനത്തെ വയനാട്, കാസർഗോഡ്, ഇടുക്കി എന്നീ പിന്നാക്ക ജില്ലകൾക്കായുള്ള പ്രത്യേക പാക്കേജുകളുടെ കീഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനമാർഗ്ഗങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ടുള്ള വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾക്ക് ഇവിടെ പ്രത്യേക ഊന്നൽ നൽകും. വയനാട്, കാസർഗോഡ്,

ഇടുക്കി ജില്ലകൾക്കായുള്ള പാക്കേജുകൾ ഊർജ്ജിതമായി നടപ്പാക്കാൻ നടപടി കൈക്കൊള്ളും.

**എൻഡോസൾഫാൻ ബാധിതർക്കുള്ള ധനസഹായം**

107. എൻഡോസൾഫാൻ ബാധിതർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കും. ദുരിത ബാധിതരായ കുടുംബങ്ങളെ സർക്കാർ ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കും.

**സഹകരണം**

108. സഹകരണ മേഖലയ്ക്കായി ആകെ 114.44 കോടി രൂപ വകയിരുത്തുന്നു.

109. സമീപകാലത്ത് സഹകരണ മേഖലയുടെ വിശ്വാസ്യതയ്ക്ക് നിക്ഷേപകരുടെ ഇടയിൽ മങ്ങലേറ്റിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും.

110. സഹകരണ സംഘങ്ങളിലെ നിക്ഷേപത്തുക യഥാസമയം മടക്കി നൽകാൻ കഴിയുന്ന തരത്തിൽ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നിക്ഷേപകരുടെ വിശ്വാസം വീണ്ടെടുക്കാനുള്ള പദ്ധതി നടപ്പിലാക്കും.

111. സപ്ലൈകോയുടെ നേതൃത്വത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന സപ്ലൈചെയിൻ മാനേജ്മെന്റിലും വൈദ്യുതി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പുനരുപയോഗ ഊർജ്ജ പദ്ധതി കളിലും സഹകരണ മേഖലയെ കൂടി പങ്കാളിയാക്കുന്ന താണ്. സംസ്ഥാനത്തിന്റെ പുനരുപയോഗ ഊർജ്ജ സാധ്യതകളിൽ സഹകരണ മേഖലയെ പ്രോത്സാഹിപ്പി ക്കുന്നതിനായി '100% ഊർജ്ജ സ്വയംപര്യാപ്ത സഹകരണ സംഘങ്ങൾ' എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

112. സഹകരണ മേഖലയിൽ പി.സി.പി. (പൊതുസഹകരണ പങ്കാളിത്തം) മാതൃകയിൽ പദ്ധതികളാരംഭിക്കാൻ പ്രോത്സാഹനം നൽകും.

**ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും**

113. ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരദേശ പരിപാലനത്തിനുമായി 559.39 കോടി രൂപ വകയിരുത്തുന്നു. ഇതിൽ വൻകിട-ഇടത്തരം ജലസേചന ത്തിനായി 213.39 കോടി രൂപയും, ചെറുകിട ജലസേചനത്തിനായി 176.27 കോടി രൂപയും, കമാന്റ് ഏരിയ വികസനത്തിനായി 1.50 കോടി രൂപയും, വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരദേശ സംരക്ഷണത്തിനുമായി 168.23 കോടി രൂപയും ഉൾപ്പെടുന്നു.

114. ജലവിതരണ കാര്യക്ഷമത ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജലസേചന അടിസ്ഥാന സൗകര്യങ്ങൾക്കും കനാൽ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി നെയ്യാർ ജലസേചന പദ്ധതി മെച്ചപ്പെടുത്തും.

115. ജലസേചന വകുപ്പിന് കീഴിലുള്ള ഇറിഗേഷൻ മ്യൂസിയം, അണക്കെട്ടുകളിലെ ഡാം ടൂറിസം, കനാൽ ടൂറിസം പദ്ധതി, ഇറിഗേഷൻ ഗസ്റ്റ് ഹൗസുകളുടെ നിർമ്മാണം, തുടങ്ങിയവ പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നതാണ്.

**ഊർജ്ജം**

116. ഊർജ്ജ മേഖലയ്ക്ക് 1284.75 കോടി രൂപ വകയിരുത്തുന്നു. ഇതിൽ ഊർജ്ജമേഖലാ വികസനത്തിനായി കെ.എസ്.ഇ.ബി.-യ്ക്ക് വിവിധ ധന സ്രോതസ്സുകളിലൂടെ

1218.71 കോടി രൂപയും പാരമ്പര്യേതരവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്കായി 66.04 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

### വ്യവസായം

117. വ്യവസായ മേഖലയ്ക്കുള്ള ആകെ വിഹിതം 1115.48 കോടി രൂപയാണ്. ഗ്രാമ-ചെറുകിട വ്യവസായങ്ങൾക്കായി 445.51 കോടി രൂപയും, ചെറുകിട-വൻകിട വ്യവസായ ങ്ങൾക്കായി 669.97 കോടി രൂപയും, ധാതുക്കൾക്കായി 8.20 കോടി രൂപയും വിവരസാങ്കേതിക വിദ്യയ്ക്കായി 434.40 കോടി രൂപയും ഉൾപ്പെടെ വ്യവസായവും ധാതുക്കളും എന്ന മേഖലയ്ക്ക് ആകെ 1558.08 കോടി രൂപ വകയിരുത്തുന്നു.

### വിവരസാങ്കേതിക വിദ്യ

118. കോഴിക്കോട് സൈബർ പാർക്കിനെ കൊച്ചി ഇൻഫോ പാർക്കിന്റെയും തിരുവനന്തപുരം ടെക്നോപാർക്കിന്റെയും നിലവാരത്തിലേയ്ക്ക് ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിക്കും.

### പരമ്പരാഗത വ്യവസായം

119. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഗ്രാമീണ മേഖലയിലെ സ്ത്രീ തൊഴിലാളികൾ കൂടുതലുള്ള കശുവണ്ടി, കയർ, കൈത്തറി അടക്കമുള്ള പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ സഹായം അത്യാവശ്യമാണ്.

120. ഈ മേഖലയിലെ തൊഴിലാളികൾക്ക് സുസ്ഥിരമായ വരുമാനം ഉറപ്പാക്കാൻ പരമ്പരാഗത വ്യവസായങ്ങൾക്ക് വേതന സഹായം (Income support scheme) നൽകും.

121. കശുവണ്ടി വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കാൻ സമഗ്ര പാക്കേജിനു രൂപം നൽകും. പൂട്ടി കിടക്കുന്ന ഫാക്ടറികൾക്ക് ബാങ്കുകളുമായി ചേർന്ന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കായി നടപടികൾ സ്വീകരിക്കും.

122. കൈത്തറി, കരകൗശല വ്യവസായങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ ആഗോള തലത്തിൽ വിൽക്കാൻ ഡിജിറ്റൽ പ്ലാറ്റ്ഫോം നിർമ്മിക്കുകയും നൂതന യന്ത്ര സാമഗ്രികൾ ലഭ്യമാക്കാനും തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും പ്രത്യേക പ്രോത്സാഹനം നൽകും.

123. സംസ്ഥാനത്തെ പ്രതിസന്ധി നേരിടുന്ന മൺപാത്ര തൊഴിലാളികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നടപ്പിലാക്കും.

124. കയർ ഉൽപന്നങ്ങളുടെ വിപണി ഉറപ്പുവരുത്താനായി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി വർദ്ധിപ്പിക്കാൻ സർക്കാർ സഹായം നൽകും.

125. കയർ മേഖലയ്ക്ക് 107.64 കോടി രൂപയും കശുവണ്ടി മേഖലക്കായി 56 കോടി രൂപയും വകയിരുത്തുന്നു.

126. കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായമായി (50 ശതമാനം സംസ്ഥാനത്തിന്റെ തുല്യ വിഹിതം) 10 കോടി രൂപ വകയിരുത്തുന്നു.

127. കയർ ഉൽപന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനു സഹായം നൽകുന്നതിനുള്ള പദ്ധതിയ്ക്കായി 11 കോടി രൂപ വകയിരുത്തുന്നു. വിലസ്ഥിരതാ ഫണ്ടായി 35 കോടി രൂപ വകയിരുത്തുന്നു.

**ഇൻകുബേഷൻ സെന്റർ**

128. പുതുതലമുറ സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങളെ പ്രായോഗിക ബിസിനസ്സ് നിർദ്ദേശങ്ങളാക്കി മാറ്റുന്നതിന്

സഹായകമാകുന്ന ഇടമാണ് ഇൻകുബേഷൻ സെന്റർ. വളർന്നുവരുന്ന സംരംഭകർക്ക് ഏറ്റവും നഷ്ടസാധ്യത കുറഞ്ഞ ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയെന്നതാണ് ഇൻകുബേഷൻ സെന്ററിന്റെ പ്രാഥമിക ഉദ്ദേശം. സ്റ്റാർട്ട്-അപ്പുകൾക്കും വ്യക്തിഗത സംരംഭകർക്കും ബിസിനസ്സ് സംരംഭങ്ങൾ വികസിപ്പിക്കുന്നതിനായി മാനേജ്മെന്റ് പരിശീലനം, ഓഫീസ് സൗകര്യം, പ്രാഥമിക മൂലധന സഹായം എന്നിവ ലഭ്യമാക്കുന്നതിന് ഇൻകുബേഷൻ സെന്റർ സഹായമാകും. നിലവിലുള്ള ഇൻകുബേഷൻ സെന്ററുകൾ ആധുനിക വൽക്കരിച്ച് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിന് നടപടിയെടുക്കും കേരള വികസനത്തിനുള്ള ഒരു ഉപകരണമായി ഇൻകുബേഷൻ സെന്റർ മാറും. **ഇതിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

**ഗതാഗതം**

129. തുറമുഖങ്ങൾ, ലൈറ്റ് ഹൗസസ് ആൻഡ് ഷിപ്പിംഗ് എന്നിവയുടെ വികസനത്തിന് 77.17 കോടി രൂപയും റോഡുകൾ പാലങ്ങൾ എന്നിവക്ക് 985.77 കോടി രൂപയും റോഡ് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് 179.47 കോടി രൂപയും ഉൾനാടൻ ജലഗതാഗതം മെച്ചപ്പെടുത്തുന്നതിന് 113.59 കോടി രൂപയും മറ്റ് ഗതാഗത സേവനങ്ങൾക്ക് 222.83 കോടി രൂപയും ഉൾപ്പെടെ ഗതാഗത മേഖലയ്ക്ക് ആകെ 1578.83 കോടി രൂപ വകയിരുത്തുന്നു.

130. തീരദേശ–ജലഗതാഗതം മെച്ചപ്പെടുത്തുന്നതിനായി വേഗത യേറിയതും കുറഞ്ഞ ഇന്ധന ഉപഭോഗവുമുള്ള, വെള്ളത്തിന് മുകളിൽ ഉയർന്ന് സഞ്ചരിക്കുന്ന ഹൈഡ്രോഫോയിൽ

(Hydrofoil Transport System) ജലഗതാഗത സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കും.

**മോട്ടോർ വാഹന വകുപ്പ്**

131. സംസ്ഥാനത്ത് സേഫ് ഡ്രൈവിങ് പ്രോത്സാഹിപ്പിക്കുകയും ട്രാഫിക് നിയമങ്ങൾ കർശനമാക്കുകയും കാൽനട യാത്രക്കാർക്ക് സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യുന്ന റോഡ് സംസ്കാരം വളർത്തുന്നതിന് സമഗ്രമായ ട്രാഫിക് നയം രൂപീകരിക്കും. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങൾ കുറയ്ക്കാൻ പ്രത്യേക പദ്ധതിക്ക് രൂപം നൽകും.

132. മോട്ടോർ വാഹന വകുപ്പ് പൊതുജനങ്ങൾക്ക് സാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ നൽകി വരുന്നു. വാഹന രജിസ്ട്രേഷൻ, ഡ്രൈവിംഗ് ലൈസൻസുകൾ, പെർമിറ്റുകൾ, ഫിറ്റ്നസ് സർട്ടിഫിക്കേഷൻ, തുടങ്ങിയ സേവനങ്ങൾ ക്കൊപ്പം മോട്ടോർ വാഹന നികുതി പിരിവ്, റോഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു. ഈ സേവനങ്ങളുടെ സമയബന്ധിതമായ തീർപ്പാക്കലിന് ശക്തമായ ഐടി അടിസ്ഥാന സൗകര്യങ്ങളും വിശ്വസനീയ മായ കമ്പ്യൂട്ടർ നെറ്റ്‌വർക്ക് കണക്റ്റിവിറ്റിയും അത്യാവശ്യ മാണ്. അതിനാൽ, വകുപ്പിലെ ഐസിടി അടിസ്ഥാന സൗകര്യങ്ങൾ, നെറ്റ്‌വർക്കിംഗ് സംവിധാനങ്ങൾ എന്നിവ നവീകരിക്കുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു.

133. നികുതിവെട്ടിപ്പ് തടയുന്നതിനും വരുമാനചോർച്ച ഒഴിവാക്കുന്നതിനുമായി പ്രത്യേക ടാക്സ് ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ വിങ്ങ് രൂപീകരിക്കുന്നു.

## വിനോദസഞ്ചാരം

134. വിനോദസഞ്ചാര മേഖലയ്ക്ക് 325.36 കോടി രൂപ വകയിരുത്തുന്നു.

135. കേരളത്തിൽ ടൂറിസത്തെ മുൻഗണന മേഖലയായി മാറ്റാനുള്ള നടപടികൾ സ്വീകരിക്കും. വ്യവസായങ്ങൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ടൂറിസം മേഖലയ്ക്കും ലഭ്യമാക്കാൻ ടൂറിസത്തെ വ്യവസായമായി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കും.

136. തോട്ടം മേഖലയിൽ കൂടുതൽ സ്ഥലം ടൂറിസത്തിനായി ഉപയോഗിക്കാവുന്ന വിധത്തിൽ ആവശ്യമായ നിയമഭേദഗതി കൊണ്ടുവരും.

137. ആലപ്പുഴ ജില്ലയിൽ യു.പി.എ. സർക്കാരിന്റെ കാലത്ത് കേന്ദ്രസഹായത്തോടെ നടപ്പിലാക്കിയ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ടൂറിസം അമിനിറ്റി സെന്ററുകളും ഹൗസ്ബോട്ട് ടെർമിനലുകളും പരിഷ്കരിച്ച് ഉപയോഗപ്പെടുത്തും.

138. ആലപ്പുഴയിൽ ഹൗസ്ബോട്ട് മാലിന്യം ഉൾപ്പെടെ സംസ്കരിക്കുന്നതിനു മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കും.

139. അർത്തുങ്കൽ ബസലിക്ക, അമ്പലപ്പുഴ ക്ഷേത്രം, കാക്കഴം പള്ളി, മണ്ണാറശ്ശാല, കൃഷ്ണപുരം കൊട്ടാരം, മാതാ അമൃതാനന്ദമയി മഠം, ഓച്ചിറ ക്ഷേത്രം തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി തീർത്ഥാടന ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കും.

140. പാതിരാമണൽ ദ്വീപ് ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ സമഗ്ര വികസനത്തിനായി മാസ്റ്റർപ്ലാനോട് കൂടിയ പദ്ധതി നടപ്പിലാക്കും. ഒപ്പം മുഹമ്മ ജെട്ടിയിൽ നിന്നും ദ്വീപിലേക്ക് സഞ്ചാരികൾക്കു വേണ്ടി റോപ്പ്‌വേ സൗകര്യം ഏർപ്പെടുത്തും.

141. മുസിരിസ് ടൂറിസം പദ്ധതി പ്രദേശങ്ങളിലെ പുരാതന സ്മാരകങ്ങൾ സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതി സൗഹൃദ മായ ടൂറിസം വികസിപ്പിക്കുന്നതിനായി മുസിരിസ് ടൂറിസം പദ്ധതി കൂടുതൽ വിപുലമാക്കി ഹെറിറ്റേജ് ടൂറിസത്തിന്റെ ഇന്ത്യയിലെ ഏറ്റവും പ്രധാന കേന്ദ്രമാക്കി മാറ്റും. ലൈവ് മ്യൂസിയം, പൈതൃക മ്യൂസിയങ്ങൾ, പരമ്പരാഗത ജലപാതകളിലൂടെയുള്ള ബോട്ടുയാത്ര എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തും. **ഈ പദ്ധതിക്കായി ആകെ 19 കോടി രൂപ വകയിരുത്തുന്നു.**

142. ഫോർട്ട് കൊച്ചി, മൂന്നാർ, കോവളം, ആലപ്പുഴ എന്നിവ ഉൾപ്പെടെയുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പുതിയ "ഗ്രീൻ മാർഷൽസ്" പദ്ധതി ആരംഭിക്കും. ഈ പദ്ധതിയുടെ ഭാഗമായി സ്ത്രീകളെ ഗ്രീൻ മാർഷൽമാരായി പരിശീലിപ്പിക്കുകയും വിന്യസിക്കു കയും ചെയ്ത് ശുചിത്വം, ഉത്തരവാദിത്തപരമായ സന്ദർശക പെരുമാറ്റം, പരിസ്ഥിതി അവബോധം എന്നിവ പ്രോത്സാഹിപ്പിക്കും.

143. കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ രീതിയിൽ വികസിപ്പിക്കുന്ന തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കും. ഇക്കോ, ജൈവ വൈവിധ്യ, കണ്ടൽക്കാട്, ഫാം, കാർഷിക, ഗ്രാമീണ

ജീവിതാനുഭവ വിനോദസഞ്ചാര മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകും. കൂടാതെ, കേരളത്തിന്റെ തനത് പാരമ്പര്യവും ഭക്ഷ്യസംസ്കാരവും സാംസ്കാരിക പൈതൃകവും സംരക്ഷിച്ചുകൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം ഹബ്ബുകളും സാംസ്കാരിക ടൂറിസം ഹബ്ബുകളും സ്ഥാപിക്കും. 'ബ്രാൻഡ് വയനാട്' ആശയം അവതരിപ്പിക്കും. അഷ്ടമുടി ടൂറിസം പ്രോത്സാഹിപ്പിക്കും. സ്ത്രീകൾ നയിക്കുന്ന ടൂറിസം സംരംഭങ്ങൾ, ഹോംസ്റ്റേകൾ, ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ എന്നിവ സംസ്ഥാനത്തുടനീളം വിപുലീകരിക്കും. നിർമ്മിത ബുദ്ധി (AI) അധിഷ്ഠിത ഡിജിറ്റൽ ടൂറിസം പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെയുള്ള സ്മാർട്ട് ടൂറിസം ആപ്ലിക്കേഷനുകൾ വികസിപ്പിക്കും.

**ശാസ്ത്ര സേവനങ്ങളും ഗവേഷണവും**

144. ശാസ്ത്ര സേവനങ്ങൾക്കും ഗവേഷണത്തിനുമായി 205.18 കോടി രൂപ വകയിരുത്തുന്നു.

145. JNTBGRI, CWRDM, MBGIPS, നാറ്റ്പാക്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, NHRI, KFRI, ശ്രീനിവാസ് രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം ലഭിക്കുന്ന വിധത്തിൽ പുനഃസംഘടിപ്പിക്കും.

**പൊതു വിദ്യാഭ്യാസം**

146. പൊതു വിദ്യാഭ്യാസ മേഖലയ്ക്കാകെ 1477.57 കോടി രൂപ വകയിരുത്തുന്നു.

147. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും അക്കാദമിക നിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി 1032.28 കോടി രൂപ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തുന്നു.

148. കായിക വിനോദങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വളരെ അനിവാര്യമാണ്, അത് സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കി മാറ്റും. പുരോഗമനപരവും സുസ്ഥിരവുമായ അടിസ്ഥാന സൗകര്യങ്ങളിലൂടെ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഭാവിയിലെ കായിക പ്രതിഭകളെ വാർത്തെടുക്കുന്ന തിനുമായി 8.00 കോടി രൂപ വകയിരുത്തുന്നു.

149. 'പെൺകുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള ആർത്തവ ശുചിത്വ സംരംഭം' പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം പെൺകുട്ടികൾക്കിടയിൽ ആർത്തവ ശുചിത്വം പ്രോത്സാഹി പ്പിക്കുകയും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ്. എല്ലാ പെൺകുട്ടികൾക്കും സാനിറ്ററി നാപ്കിനുകളുടെ ലഭ്യത വരുത്തുക, സാനിറ്ററി നാപ്കിനുകൾ സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ സംസ്കരണത്തിനുള്ള സൗകര്യം ഒരുക്കുക, സ്കൂൾ ടോയ്‌ലറ്റുകൾ വൃത്തിയും ശുചിത്വവുമുള്ളതായി സൂക്ഷിക്കുക, ഒരു പെൺകുട്ടി സൗഹൃദ ക്യാമ്പസ് നിർമ്മിക്കുക, അവബോധം സൃഷ്ടിക്കുക, ശില്പശാല, സംസ്ഥാന/ജില്ലാ തല നിരീക്ഷണം എന്നിവയാണ് പദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങൾ.

**ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെംബർ**

150. വിദ്യാർത്ഥികളിൽ ശാസ്ത്രബോധം വളർത്തുന്നതിനും കേരളത്തെ ഒരു ആഗോള വിജ്ഞാന ഹബ്ബായി മാറ്റുന്നതിനുമായി ജവഹർലാൽ നെഹ്റു സെന്റർ ഫോർ

സയന്റിഫിക് ടെംബർ എന്ന ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്നതാണ്. **ഈ പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തുന്നു.**

**ഉന്നത വിദ്യാഭ്യാസം**

151. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ മാറ്റം കൊണ്ടു വരും. വിദ്യാഭ്യാസത്തെ തൊഴിൽ സാധ്യതകൾ ഉറപ്പാക്കുന്ന സംവിധാനമായി മാറ്റുന്നതിനോടൊപ്പം ഗവേഷണത്തിനും പുതുമയുള്ള ആശയങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു വിദ്യാഭ്യാസ അന്തരീക്ഷം രൂപപ്പെടുത്തും.

152. മാറുന്ന തൊഴിൽ സാധ്യതകൾ മനസ്സിലാക്കി പാഠ്യ പദ്ധതിയും നൈപുണ്യ വികസന പരിപാടികളും പരിഷ്കരിക്കും.

153. നിർമ്മിത ബുദ്ധി, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബയോടെക്നോളജി ഉൾപ്പെടെയുള്ള അത്യാധുനിക സാങ്കേതികവിദ്യയുടെ സാധ്യതകളെ മുൻകൂട്ടി മനസിലാക്കി ഉപയോഗപ്പെടുത്താൻ Future Readiness Think Tank രൂപീകരിക്കും.

154. വിദേശ വിദ്യാർത്ഥികൾക്ക് കേരളത്തിൽ വന്നു പഠിക്കാൻ അവസരം ഒരുക്കുന്ന “സെമസ്റ്റർ ഇൻ കേരള" പദ്ധതി പുനരാരംഭിച്ച് അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തും.

155. സംസ്ഥാന സർവകലാശാലകൾക്കിടയിൽ ക്രെഡിറ്റ് ട്രാൻസ്ഫർ നടപ്പാക്കും. ഇത് 'Student mobility' ഉറപ്പുവരുത്താൻ സഹായിക്കും. അന്താരാഷ്ട്ര അടിസ്ഥാന ത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ ലോകത്തിനു പരിചയപ്പെടുത്താൻ എജ്യൂക്കേഷൻ ഫെയറുകൾ സംഘടിപ്പിക്കും.

156. ലോകത്തിലെ എല്ലാ പ്രമുഖ സർവകലാശാലകളും 'Student diversity'ക്ക് പ്രധാന പരിഗണന നൽകുന്നവയാണ്. ഉദാഹരണത്തിനു ഹാർവാർഡിൽ നൂറോളം രാജ്യങ്ങളിലെ വിദ്യാർത്ഥികളാണ് പഠിക്കുന്നത്. ജെ.എൻ.യു.-ഉം ഇന്ത്യയുടെ പരിച്ഛേദമാണ്. കേരളത്തിലെ ക്യാമ്പസുകളിൽ 'Student diversity'-ക്ക് പ്രധാന പരിഗണന നൽകും.

157. സംസ്ഥാനത്തെ കോളേജുകളിൽ റാഗിങ്ങും ആക്രമണങ്ങളും ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് വിദ്യാർത്ഥികൾ അഡ്മിഷൻ നേടുന്നതിന് ഒരു വിലങ്ങുതടിയായി ഇത് നിൽക്കുകയാണ്. കേരളത്തിലെ ക്യാമ്പസുകളിൽ റാഗിങ്ങ് തടയാൻ 'Sidharthan Student Distress App' ഉം, റാഗിംഗ് തടയാനും വിദ്യാർത്ഥികളുടെ ക്ഷേമം ഉറപ്പുവരുത്താനും 'Sidharthan Anti Ragging & Student Welfare Act' നടപ്പാക്കും.

158. ബിരുദധാരികൾക്ക് വേഗത്തിൽ ജോലി ലഭിക്കാൻ സഹായിക്കുന്ന ബ്രിഡ്ജ് പ്രോഗ്രാമുകളും കോഴ്സുകളും നടപ്പിലാക്കും.

159. അക്കാദമിക് വിഷയങ്ങൾ അമിത രാഷ്ട്രീയ ഇടപെടൽ ഒഴിവാക്കാൻ അക്കാദമിക് കൗൺസിൽ രൂപീകരിക്കും.

160. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ അന്വേഷിക്കാനും പരിഹരിക്കാനും കോളേജുകളിൽ ഓംബുഡ്സ്മാൻ സംവിധാനം നടപ്പിലാക്കും.

**സാങ്കേതിക വിദ്യാഭ്യാസം**

161. സാങ്കേതിക വിദ്യാഭ്യാസത്തിനായി ആകെ 232.11 കോടി രൂപ നീക്കി വയ്ക്കുന്നു.

**ജവഹർലാൽ നെഹ്റു സയന്റിഫിക് സിറ്റി**

162. ജവഹർലാൽ നെഹ്റു സയന്റിഫിക് സിറ്റി സ്ഥാപിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു.

**കല - സാംസ്കാരികം**

163. കല-സാംസ്കാരിക മേഖലയ്ക്ക് ആകെ 203.93 കോടി രൂപ വകയിരുത്തുന്നു.

164. തൃശ്ശൂർ ജില്ലയിലെ ചരിത്ര പ്രസിദ്ധമായ തേക്കിൻകാട് മൈതാനം നവീകരിക്കുന്നതിന് നടപടി കൈക്കൊള്ളുന്ന താണ്. **ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.**

165. ശിവഗിരി ശ്രീനാരായണ ധർമ സംഘം ട്രസ്റ്റിന്റെ കീഴിൽ അന്താരാഷ്ട്ര നിലവാരത്തോടെ ശിവഗിരി തീർത്ഥാടന പ്ലാറ്റിനം ജൂബിലി സ്മാരക കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. മഠത്തിന്റെ ചരിത്ര പ്രാധാന്യവും സ്വതന്ത്ര മാനവികതയും സാമൂഹ്യ പ്രതിബദ്ധതയും പരിഗണിച്ച് സെന്ററിന്റെ നിർമ്മാണ ത്തിനുള്ള ധനസഹായമായി 5 കോടി രൂപ വകയിരുത്തുന്നു.

**കായിക-യുവജനകാര്യ മേഖല**

166. കായിക-യുവജനകാര്യ മേഖലയ്ക്ക് ആകെ 173.77 കോടി രൂപ വകയിരുത്തുന്നു.

167. കോളേജ് ക്യാമ്പസുകളിലെ കളിസ്ഥലങ്ങൾ പൂർണ്ണമായും ഉപയോഗക്ഷമമാക്കുകയും കുട്ടികൾക്ക് ഏതെങ്കിലും കായിക ഇനങ്ങളിലോ എൻ.സി.സി.യിലോ പങ്കെടുക്കുന്നത് നിർബന്ധിതമാക്കുകയും ചെയ്യും. ഇതിലൂടെ കുട്ടികൾ മയക്കുമരുന്ന്, മറ്റ് അനഭിലഷണീയമായ പ്രവർത്തികൾ എന്നിവയിൽ ഏർപ്പെടുന്നത് നിരുത്സാഹപ്പെടുത്താനാകും.

കായിക പരിശീലനത്തിന് വിരമിച്ച കോച്ചുമാരുടെ സേവനം ഉപയോഗപ്പെടുത്തും.

168. 2036–ലെ ഒളിംപിക്സിൽ മത്സരിക്കാൻ പ്രാപ്തിയുള്ള കായികതാരങ്ങളെ വാർത്തെടുക്കാൻ വിഷൻ 2036 നടപ്പിലാക്കും. കായിക രംഗത്ത് പ്രത്യേക കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി ഊർജ്ജിത പരിശീലനം നൽകി ദേശീയ, അന്തർദേശീയ, ഒളിംപിക്സ് മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ വേണ്ടി പ്രാപ്തരാക്കാൻ നടപടി സ്വീകരിക്കും.

**വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും**

169. ആരോഗ്യമേഖലയ്ക്ക് പ്രഥമ പരിഗണന നൽകും. വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യ മേഖലയ്ക്കുള്ള പദ്ധതി വിഹിതമായി 2076.02 കോടി രൂപ വകയിരുത്തുന്നു.

170. കേരളത്തിൽ ഉയർന്ന് നിൽക്കുന്ന ആരോഗ്യ ചികിത്സാ ചെലവ് (Out of Pocket Expenditure) കുറച്ച് കൊണ്ടുവരാൻ സർക്കാർ ഇടപെടൽ നടത്തും.

171. കാസറഗോഡ്, ഇടുക്കി, വയനാട്, മഞ്ചേരി മെഡിക്കൽ കോളേജുകളുടെ അവസ്ഥ ഇപ്പോഴും ശോചനീയമായി തുടരുകയാണ്. ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാർ, ഉപകരണങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. തിരുവനന്തപുരത്തെ രണ്ടാം മെഡിക്കൽ കോളേജ് പ്രവർത്തനക്ഷമമാക്കും. ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കും. ഇതിനെല്ലാമായി **100 കോടി രൂപ വകയിരുത്തുന്നു.**

172. കേരളത്തെ ആരോഗ്യ ടൂറിസത്തിന്റെ ഡെസ്റ്റിനേഷൻ ആക്കി മാറ്റാൻ ‘Reach Kerala’ എന്ന പദ്ധതി ആവിഷ്കരിക്കും.

ഇതിന്റെ ഭാഗമായി ആരോഗ്യം-ആയുഷ്-ടൂറിസം മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവ തമ്മിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മികച്ച ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും.

173. തിരഞ്ഞെടുത്ത മെഡിക്കൽ കോളേജുകൾക്ക് സ്വയംഭരണ പദവിയും അവയ്ക്ക് എയിംസ് നിലവാരത്തിലുള്ള സേവനങ്ങളും അക്കാദമിക മികവും കൈവരിക്കാൻ ആവശ്യമായ പിന്തുണയും സർക്കാർ നൽകും.

174. വിദ്യാർത്ഥികൾക്കും പുതുതലമുറയ്ക്കും ആരോഗ്യപരവും ശുചിത്വപരവുമായ ജീവിതശൈലികളെക്കുറിച്ചും പരിശീലനവും പ്രായോഗിക അറിവും നൽകുന്നതിനു വേണ്ടി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ ഹെൽത്ത് ബ്രിഗേഡ് രൂപീകരിക്കും.

175. അത്യാഹിത-ട്രോമ ചികിത്സ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനായി ആരോഗ്യ സ്ഥാപനങ്ങൾ തമ്മിൽ മികച്ച ഏകോപനം ഉറപ്പാക്കിക്കൊണ്ടും ഡിജിറ്റലൈസ്ഡ് സംവിധാനം ലഭ്യമാക്കിക്കൊണ്ടും 'ഗോൾഡൻ അവർ പ്രോജക്ട്' നടപ്പിലാക്കും.

176. പകർച്ച വ്യാധികളെ ഫലപ്രദമായി തടയുന്നതിനും നേരിടുന്നതിനുമായി ആരോഗ്യവകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും തമ്മിലുള്ള ഏകോപനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കും.

177. രോഗങ്ങൾ വരുന്നതിനു മുൻപു തന്നെ അവ കണ്ടെത്തി തടയുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനായി 40 വയസ്സ് കഴിഞ്ഞവർക്ക് വർഷത്തിലൊരിക്കൽ ആരോഗ്യ പരിശോധന നടത്തുന്നതിനുമായി ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കും.

178. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും പിരിക്കുന്ന പണം കൃത്യമായ രീതിയിൽ രോഗികൾക്ക് വേണ്ടി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താനും പരിഷ്കാരങ്ങൾ നടപ്പിലാക്കും. സർക്കാർ ആശുപത്രികളുടെ നടത്തിപ്പിൽ അമിത രാഷ്ട്രീയ ഇടപെടൽ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കും.

179. കെ.എം.എസ്.സി.എൽ.-ന്റെ മരുന്ന് സംഭരണ പ്രക്രിയ പുനപരിശോധിക്കുകയും, കാര്യക്ഷമമാക്കാനുള്ള നടപടികൾ കൈകൊള്ളുകയും ചെയ്യും.

180. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിലെ കുടിശ്ശിക ഘട്ടം ഘട്ടമായി തീർത്ത് പദ്ധതിയുടെ കാര്യക്ഷമത ഉറപ്പുവരുത്തും.

181. ആദിവാസി മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി 'ട്രൈബൽ ഹെൽത്ത് ക്ലസ്റ്ററുകൾ' ആരംഭിക്കും.

182. തീരദേശ മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി പ്രത്യേക 'കോസ്റ്റൽ കെയർ യൂണിറ്റുകൾ' സ്ഥാപിച്ച് ചികിത്സ ഉറപ്പാക്കും.

183. സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകും. ഇതിനായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും.

184. രോഗ നിർണ്ണയ ടെസ്റ്റുകൾക്കായി ലാബ് സൗകര്യങ്ങൾ കുറവുള്ള ഗ്രാമീണ മേഖലകളിൽ മൊബൈൽ ടെസ്റ്റിംഗ് ലാബ് സൗകര്യം ഏർപ്പെടുത്തും. ആദ്യഘട്ടമായി 2 കോടി

രൂപ വീതം ചെലവിൽ 10 ലാബുകൾ സജ്ജീകരിക്കുന്ന താണ്. **ഇതിനായി 20 കോടി രൂപ വകയിരുത്തുന്നു.**

185. സംസ്ഥാനത്ത് എസ്.എം.എ. (Spinal Muscular Atrophy) അടക്കമുള്ള അപൂർവ്വ രോഗങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കും.

**ജലവിതരണവും മാലിന്യ നിർമ്മാർജ്ജനവും**

186. ജലവിതരണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി ആകെ 895.59 കോടി രൂപ വകയിരുത്തുന്നു. കുടിവെള്ളത്തിൽ നിന്നാണ് പല പകർച്ചവ്യാധികളും ഉണ്ടാകുന്നത്. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്താൻ പുതിയ ലാബുകൾ ആരംഭിക്കും. ഇതിനായി കോളേജ് ലാബുകളും ഉപയോഗപ്പെടുത്തും.

**ഭവന നിർമ്മാണം**

187. ഭവന നിർമ്മാണ മേഖലയ്ക്കായി 58.15 കോടി രൂപ വകയിരുത്തുന്നു.

**നഗര വികസനം**

188. സംസ്ഥാന പദ്ധതിയിൽ നഗരവികസനത്തിനായി 997.88 കോടി രൂപ വകയിരുത്തുന്നു.

**വിവര വിനിമയവും പ്രചാരണവും**

189. വിവര വിനിമയവും പ്രചാരണവും മേഖലയ്ക്കായി 36.23 കോടി രൂപ വകയിരുത്തുന്നു.

**തൊഴിലും തൊഴിലാളി ക്ഷേമവും**

190. തൊഴിലും തൊഴിലാളി ക്ഷേമവും മേഖലയ്ക്കായി 650.46 കോടി രൂപ വകയിരുത്തുന്നു.

191. ഭരണപരമായ ചെലവുകൾ കുറച്ചുകൊണ്ടുവരുന്നതിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ ലയിപ്പിക്കുന്ന തിനുള്ള നടപടികൾ കൈക്കൊള്ളും.

192. ഗിഗ്, ഓൺലൈൻ പ്ലാറ്റ്ഫോം തൊഴിലാളികളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും.

193. ഐ.ടി. അടക്കമുള്ള പ്രൊഫഷണൽ തൊഴിൽ മേഖലയിൽ ഓഫീസ് വെൽനസ് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കും.

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം**

194. പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി പട്ടികജാതി ഉപപദ്ധതിയ്ക്ക് ആകെ സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81 ശതമാനമായ 2,979.32 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 1638.02 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും ബാക്കി 1341.30 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കുമായി വകയിരുത്തുന്നു. ഇതിനു പുറമേ പട്ടികജാതി ഉപ പദ്ധതിയ്ക്കായി 527.68 കോടി രൂപ അധിക വിഹിതമായി വകയിരുത്തുന്നു.

195. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 2.83 ശതമാനമായ 859.48 കോടി രൂപ പട്ടികവർഗ്ഗ ഉപ പദ്ധതിയ്ക്കായി (TSP) നീക്കിവച്ചിട്ടുണ്ട്. ഇതിൽ 657.93 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിനും ശേഷിക്കുന്ന 201.55 കോടി രൂപ പ്രാദേശിക സർക്കാരുകൾക്കുമായി വകയിരുത്തുന്നു. ഇതിനു പുറമേ പട്ടികവർഗ്ഗ ഉപ പദ്ധതിയ്ക്കായി 152.52 കോടി രൂപ അധിക വിഹിതമായി വകയിരുത്തുന്നു.

196. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്നും, പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്നും ഉറപ്പുവരുത്തുന്ന നിയമം കൊണ്ടുവരും.

197. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പുതിയ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കും.

198. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സർക്കാർ ജോലിയിൽ അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തും.

199. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കും.

**പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം**

200. പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ ഉപജീവനം എന്നിവയ്ക്ക് പിന്തുണ നൽകുന്നതിന് 164.16 കോടി രൂപ വകയിരുത്തുന്നു.

**ന്യൂനപക്ഷങ്ങളുടെ ക്ഷേമം**

201. സ്കോളർഷിപ്പ്, നൈപുണ്യ വികസന പദ്ധതികൾ, തൊഴിലധിഷ്ഠിത പദ്ധതികൾ, ഇമ്പിച്ചി ബാവ ഭവന പദ്ധതി, ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആധുനികവത്കരണം, കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ ഒരു ന്യൂനപക്ഷ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന് ഓഹരി മൂലധന സഹായം, 'മാർഗ്ഗദീപം' പ്രീ-മെട്രിക് സ്കോളർഷിപ്പ്, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി, മുഖ്യമന്ത്രിയുടെ

ന്യൂനപക്ഷങ്ങൾക്കായുള്ള ഗവേഷണ ഫെലോഷിപ്പ് (ന്യൂനപക്ഷ ഗവേഷകർക്ക് റിസർച്ച് ഫെല്ലോഷിപ്പ്), ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വിദേശ സ്കോളർഷിപ് എന്നിവയ്ക്കായി 77.91 കോടി രൂപ വകയിരുത്തുന്നു.

**മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം**

202. മെറിറ്റ് സ്കോളർഷിപ്പുകൾ, കോച്ചിംഗ് ക്ലാസ്സുകളുടെ സംഘാടനവും നടത്തിപ്പും, സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പലിശ സബ്സിഡി, നൈപുണ്യ/ സംരംഭകത്വ വികസന പ്രവർത്തനങ്ങൾ, ശിഥിലമായിക്കൊണ്ടിരിക്കുന്ന അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം, വിവാഹ ധനസഹായം, പ്രവർത്തന ചെലവുകൾ, വനിതകൾക്ക് സംരംഭകത്വ പരിപാടിക്കുള്ള മൂലധന സബ്സിഡി (ക്ഷീരോൽപാദനം), വനിതകൾക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനുള്ള മൂലധന സബ്സിഡി എന്നിവയും കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനുള്ള മൂലധനസഹായവും ഉൾപ്പടെ 31.29 കോടി രൂപ വകയിരുത്തുന്നു.

**ഭിന്നശേഷി ക്ഷേമം**

203. കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കും. ഭിന്നശേഷിക്കാർക്ക് തടസ്സരഹിത യാത്ര (Barrier free) ഉറപ്പുവരുത്താൻ കർശന നടപടി സ്വീകരിക്കും. ഇതിന്റെ ഭാഗമായി പൊതു ഇടങ്ങളിൽ റാംപ് അടക്കമുള്ള സൗകര്യങ്ങൾ സർക്കാർ ഉറപ്പ് വരുത്തും.

204. ഭിന്നശേഷിക്കാരുടെ കലാപരമായ കഴിവുകൾ പ്രദർശിപ്പിക്കാൻ അവസരങ്ങൾ സർക്കാർ ഒരുക്കും. അംഗനവാടികൾ

വഴി പഠന വൈകല്യങ്ങളും ഭിന്നശേഷിയും നേരത്തെ തിരിച്ചറിയാനുള്ള സ്ക്രീനിങ് സംവിധാനങ്ങൾ കാര്യക്ഷമമാക്കും.

**സാമൂഹ്യസുരക്ഷയും ക്ഷേമവും**

205. സാമൂഹ്യ സുരക്ഷയും ക്ഷേമവും മേഖലയ്ക്കായി 590.11 കോടി രൂപ വകയിരുത്തുന്നു.

206. നിർദ്ധനരായ രോഗികൾക്ക് സഹായം എത്തിക്കാൻ മുൻ യു.ഡി.എഫ്. കാലഘട്ടത്തിൽ കാര്യക്ഷമമായി നടപ്പിലാക്കിയ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി, ശ്രുതിതരംഗം, സ്നേഹപൂർവ്വം, സ്നേഹസ്പർശം, താലോലം, ക്യാൻസർ സുരക്ഷ, സ്നേഹ സാന്ത്വനം, പകൽവീട്, വയോമിത്രം, ആശ്വാസകിരണം, സുകൃതം അടക്കമുള്ള പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമാക്കും.

207. അർഹമായ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ നടപടി സ്വീകരിക്കും.

208. ടൈപ്പ് വൺ പ്രമേഹ രോഗബാധിതരായ കുട്ടികൾക്ക് ഗുണമേന്മയുള്ള ഇൻസുലിൻ നൽകാനും, ബ്രിട്ടിൽ (Brittle) ഡയബറ്റിക്കായ കുട്ടികൾക്ക് ഇൻസുലിൻ പമ്പ് നൽകുവാനും, കൂടുതൽ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് കണ്ടിന്വസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസർ (Continuous Glucose Monitoring Sensor) നൽകുവാനും നടപടി സ്വീകരിക്കും. ഇൻസുലിൻ പമ്പ് തദ്ദേശീയമായി നിർമ്മിക്കാൻ സർക്കാർ സഹായം നൽകും.

209. 'മിഠായി' പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുവാനും പദ്ധതിക്കായി വകയിരുത്തിയ തുക വകമാറ്റി ചെലവഴിക്കുന്നത് തടയാനും എല്ലാ

ജില്ലകളിലുമുള്ള 'മിഠായി സാറ്റലൈറ്റ്' സെന്ററുകളിൽ എൻഡോക്രൈൻ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തും. ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും.

210. സംസ്ഥാനത്ത് സാമ്പത്തിക, കുടുംബ, ആരോഗ്യ കാരണങ്ങൾ മൂലമുള്ള മാനസികാരോഗ്യ പ്രശ്നങ്ങൾ വലിയ തോതിൽ വർദ്ധിച്ചു വരികയാണ്. ഇതിനു പരിഹാരമായി സോഷ്യൽ വർക്ക് പ്രൊഫഷണലുകളുടെ സഹായം ലഭ്യമാക്കും.

**പ്രവാസി ക്ഷേമം**

211. പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കും.

**ദേവസ്വം വികസന പ്രവർത്തനങ്ങൾ**

212. ശബരിമല, ഗുരുവായൂർ, കൊട്ടിയൂർ, തിരുവല്ലം എന്നീ ക്ഷേത്രങ്ങൾ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. ഈ ക്ഷേത്രങ്ങൾ തിരുപ്പതി മോഡലിൽ വികസിപ്പിച്ച് ദേശീയ തീർത്ഥാടന കേന്ദ്രങ്ങളാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

213. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളും കുളങ്ങളും നവീകരിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

214. തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രതിവർഷം നൽകേണ്ട ആന്വിറ്റി വിഹിതം നൽകുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

215. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, കൂടുതൽ അധികാരം നൽകുന്ന

തിനും മറ്റു ദേവസ്വം ബോർഡുകൾക്ക് സമാനമാക്കുന്നതിനും നടപടി സ്വീകരിക്കും.

216. മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും, മലബാർ ദേവസ്വം ജീവനക്കാർക്ക് വേണ്ടി ഇതര ദേവസ്വം ബോർഡുകളെ പോലെ ചട്ടങ്ങൾ നിർമ്മിക്കും.

**എക്സൈസ്**

217. എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 23.31 കോടി രൂപ വകയിരുത്തുന്നു. മയക്കുമരുന്നിന്റെ ഉത്ഭവ വിതരണ ശൃംഖല കണ്ടെത്തി സമൂലമായി ഇല്ലാതാക്കാൻ മറ്റ് വകുപ്പുകളുമായി ചേർന്ന് സമഗ്രമായ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കും.

218. ലഹരി, മദ്യപാനം എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവാക്കളെയും പൊതുജനങ്ങളെയും ബോധവാന്മാരാക്കുന്നതിന് വിമുക്തി മിഷന്റെ ഭാഗമായി ലഹരിവിരുദ്ധ ക്യാമ്പയിനുകൾ സംഘടിപ്പിക്കും.

219. എക്സൈസ് വകുപ്പിന് മാത്രമായി ഒരു കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി സ്ഥാപിക്കും.

220. സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തും.

221. മയക്കുമരുന്ന് കള്ളക്കടത്ത് തടയുന്നതിന് എല്ലാ ചെക്ക് പോസ്റ്റുകളിലും AI സാങ്കേതികവിദ്യയുള്ള സിസിടിവി ക്യാമറകളും എക്സ്-റേ, ഗാമാ-റേ സ്കാനറുകളും സ്ഥാപിക്കും.

222. പുതുതലമുറ ലഹരി വസ്തുക്കൾ ഉൾപ്പെടെ എല്ലാത്തരം ലഹരി വസ്തുക്കളും തിരിച്ചറിയാനാകുന്ന വിധത്തിലുള്ള ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എല്ലാ എക്സൈസ് ഓഫീസുകളിലും ലഭ്യമാക്കും.

223. മാവേലിക്കര റെയ്ഞ്ചിൽ നിന്നും ചെട്ടിക്കുളങ്ങര, ഭരണിക്കാവ് പഞ്ചായത്തുകളും കായംകുളം റെയ്ഞ്ചിൽ നിന്നും പത്തിയൂർ പഞ്ചായത്തും നൂറനാട് റെയ്ഞ്ചിൽ നിന്നും വള്ളിക്കുന്നം പഞ്ചായത്തും ചേർത്തുകൊണ്ട് ഒരു പുതിയ മാതൃകാ റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കും.

**ഭരണ നിർവ്വഹണം**

224. സംസ്ഥാന സെക്രട്ടേറിയറ്റിനെ രാജ്യത്തെ ഏറ്റവും മികച്ചതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഉദ്യോഗസ്ഥരുടെ പ്രകടനം വിലയിരുത്തുന്നതിനും, അവരുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കും. ഫയലുകളുടെ വേഗത്തിലുള്ള നീക്കത്തിന് ഉദ്യോഗസ്ഥരുടെ തട്ടുകൾ കുറയ്ക്കുന്ന തടക്കമുള്ള ഭരണപരിഷ്കരണ നടപടികൾ കൈക്കൊള്ളും.

225. മന്ത്രിസഭാ തീരുമാനങ്ങൾ നിശ്ചിത സമയത്തിനകം ലഭ്യമാക്കുകയും സർക്കാർ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും.

**പോലീസ് വകുപ്പ്**

226. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളോട് സീറോ ടോളറൻസ് നിലപാട് സ്വീകരിക്കും. ഇത്തരം കേസുകളിൽ പരാതി അറിയിക്കാൻ രഹസ്യ സ്വഭാവമുള്ള ടോൾ ഫ്രീ ഹെൽപ്പ് ലൈൻ, പോർട്ടൽ എന്നിവ സജ്ജീകരിക്കും. മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന

തിനായി ANTF, DANSAF, SOG എന്നീ സംവിധാനങ്ങളിലൂടെ കേരള പൊലീസ് പ്രവർത്തനം വിപുലീകരിക്കും. ലഹരിവിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കൽ, ഡാർക് നെറ്റ് നിരീക്ഷണം, സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണങ്ങൾ, ബോധവത്കരണ പരിപാടികൾ എന്നിവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പി.ടി.എ. കൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കും.

227. വനിതകളെ കൂടുതൽ പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. സ്ത്രീകളും കുട്ടികളും പീഡനത്തിന് വിധേയരായ കേസുകൾ അട്ടിമറിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ സ്ത്രീകളെ അധിക്ഷേപിക്കുന്ന വ്യക്തികൾക്കെതിരെയും ശക്തവും കർശനവുമായ നിയമ നടപടി കൈക്കൊള്ളുന്നതാണ്. സ്ത്രീകൾക്ക് സുരക്ഷിതമായ യാത്ര ഉറപ്പു വരുത്തും. പ്രധാന പട്ടണങ്ങളിൽ രാത്രികാല പോലീസ് പട്രോളിംഗ് വർദ്ധിപ്പിക്കും.

228. ലഹരി ലഭ്യത കുറയ്ക്കുന്ന പ്രത്യേക ടാസ്ക് ആക്ഷൻ പ്രോട്ടോകോൾ നടപ്പാക്കി, സ്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ച് മുൻകരുതൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും ലഹരി മാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെയും സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയായ **‘ഓപ്പറേഷൻ തൂഫാന്’** 10 കോടി രൂപ വകയിരുത്തുന്നു.

229. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ ‘മകൾക്കൊപ്പം’ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്.

230. പട്ടാഴി, എടപ്പാൾ എന്നിവിടങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കും.

**ജയിൽ വകുപ്പ്**

231. 'ജയിൽ നവീകരണം', 'തടവുകാരുടെ ക്ഷേമം' എന്നീ പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യ വികസനം, സുരക്ഷാ ശക്തീകരണം, തടവുകാരുടെ പുനരധിവാസം എന്നിവ ലക്ഷ്യമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കും. ജയിലുകളിലെ തിരക്ക് കുറയ്ക്കുന്നതിനായി മണ്ണാർക്കാട്, തളിപ്പറമ്പ്, പത്തനംതിട്ട എന്നിവിടങ്ങളിലുൾപ്പെടെ വിവിധ ജയിലുകളുടെ നിർമ്മാണവും വികസനവും മുൻഗണനാ പൂർവ്വം നടപ്പിലാക്കും.

**അഗ്നിരക്ഷാ സേവന വകുപ്പ്**

232. വിവിധ നിയമസഭാ മണ്ഡലങ്ങളിൽ അഗ്നിരക്ഷാ നിലയങ്ങൾ സ്ഥാപിക്കൽ, വയനാട് ജില്ലയിലെ പുതിയ നിലയങ്ങൾ പ്രവർത്തനസജ്ജമാക്കൽ, ദേശീയപാത 66-ൽ അടിയന്തര രക്ഷാപ്രവർത്തന സംഘങ്ങളെ വിന്യസിക്കൽ എന്നിവ ഉൾപ്പെടെ അടിയന്തര പ്രതികരണ സംവിധാനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും മുൻഗണന നൽകും.

**ജുഡീഷ്യറി**

233. നീതിന്യായ സംവിധാനത്തിന്റെ കാര്യക്ഷമത, സുതാര്യത, സേവനലഭ്യത എന്നിവ മെച്ചപ്പെടുത്തുന്നതിനായി ആധുനികവൽക്കരണം, ഡിജിറ്റൽ പരിവർത്തനം, അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതാണ്. ഹൈക്കോടതിയിലും ജില്ലാ നീതിന്യായ സംവിധാനത്തിലും ICT ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സംസ്ഥാനത്തെ

വിവിധ കോടതി സമുച്ചയങ്ങളിലെ നീതിന്യായ-ഭരണ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും മുൻഗണന നൽകും. കൊച്ചിയിൽ ഒരു ആർബിട്രേഷൻ കോടതി സ്ഥാപിക്കും.

**സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ്**

234. സർവ്വേ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 17.5 കോടി രൂപ വകയിരുത്തുന്നു.

**റവന്യൂ**

235. റവന്യൂ വകുപ്പിനായി 76.70 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാനത്തെ പ്രാദേശിക ഭൂവിനിയോഗ ഭരണ സംവിധാന പ്രവർത്തനങ്ങളെ (Spatial Governance) പിന്തുണക്കുന്നതിനായി, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (KSREC), അന്തർദേശീയ നിലവാരത്തിലുള്ള 'കേരള ജിയോ–സ്പേഷ്യൽ ഗവേണൻസ് പ്ലാറ്റ്ഫോം' (K-GIS) വികസിപ്പിക്കും. സംസ്ഥാനത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഹൈ – റെസല്യൂഷൻ ഡാറ്റ/ഡി.ഇ.എം. (DEM) ഡാറ്റാ ശേഖരിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനുമായി ഒരു 'ഡ്രോൺ ലാബ് സെന്റർ' സ്ഥാപിക്കും.

236. പുതിയ ജില്ലകളും താലൂക്കുകളും രൂപീകരിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കും.

**കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ**

237. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 24.01 ലക്ഷം രൂപ വകയിരുത്തുന്നു.

**സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്**

238. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 6.31 കോടി രൂപ വകയിരുത്തുന്നു.

239. സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷനെ (SASA) "മഹലനോബിസ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ റിസർച്ച് അക്കാദമി" എന്ന് പുനർനാമകരണം ചെയ്യുകയും രാജ്യത്തെ ഒരു അന്താരാഷ്ട്ര നിലവാരമുള്ള ഡാറ്റാ ഹബ്ബായി ഉയർത്തുകയും ചെയ്യും.

**മിഷൻ ജിയോ കേരളം**

240. ഡാറ്റാധിഷ്ഠിത ഭരണ നിർവ്വഹണത്തിന്റെ ഈ പുതിയ യുഗത്തിൽ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ പോലെ തന്നെ കൃത്യതയാർന്ന സ്ഥലകാല വിവരങ്ങൾ അടിസ്ഥാന മാക്കിയുള്ള വിവര ശേഖരണം (Spatial Intelligence) പ്രധാനപ്പെട്ടതായി മാറിയിരിക്കുന്നു. അതിനാൽ KSREC യെ സംസ്ഥാനത്തെ പ്രമുഖ ജിയോ സ്പെഷ്യൽ ഗവേണൻസ് സ്ഥാപനമായി മാറ്റുന്നതിനും, ഒരു ഏകീകൃത കേരള ജിയോ സ്പേഷ്യൽ ഇന്റലിജൻസ് പ്ലാറ്റ്ഫോം/KGIS സ്ഥാപിക്കുന്ന തിനും സർക്കാർ ഉദ്ദേശിക്കുന്നു.

241. നിർമ്മിത ബുദ്ധി, തത്സമയ വിശകലനം, നൂതന ജിയോ സ്പേഷ്യൽ സാങ്കേതിക വിദ്യകൾ എന്നിവ പ്രയോജന പ്പെടുത്തുന്നതിലൂടെ സ്പേഷ്യൽ ഗവേണൻസിനെ പൊതു ഭരണത്തിന്റെ മുഖ്യധാരയായി മാറ്റുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറുന്നതാണ്. ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി KSREC പുനഃസംഘടിപ്പിക്കുകയും ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുകയും ചെയ്യുന്നതാണ്.

## ട്രഷറി വകുപ്പ്

242. ട്രഷറി വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ വകയിരുത്തുന്നു.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC)

243. സംരഭകത്വം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ചെറുകിട - ഇടത്തരം (MSME) സംരഭങ്ങളുടെ വളർച്ച പ്രോത്സാഹി പ്പിക്കുന്നതിനുമായി കെ.എഫ്.സി.യുടെ മുൻനിരപദ്ധതി യായ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി (CMEDP) ശക്തിപ്പെടുത്തും. പുതിയ MSME കളെ പിന്തുണക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം സംരംഭകർക്ക് 6% കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും. ആദ്യ അഞ്ചു വർഷത്തേക്ക് 3% പലിശ ഇളവ് (Interest Subvention) സർക്കാർ നൽകുന്നതാണ്. സംരംഭങ്ങൾ ആരംഭിക്കുന്നതിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി CMEDP-ക്കു കീഴിലുള്ള അപേക്ഷ കരുടെ ഉയർന്ന പ്രായപരിധി 50-ൽ നിന്നും 60 വയസ്സായി ഉയർത്താനും പരമാവധി വായ്പാ തുക നിലവിലുള്ള 2 കോടിയിൽ നിന്ന് 5 കോടിയായി വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കും. ഇതിലൂടെ സംരംഭകർക്ക് അവരുടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വികസി പ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതിനും കഴിയും.

## രജിസ്ട്രേഷൻ വകുപ്പ്

244. രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 27.7 കോടി രൂപ വകയിരുത്തുന്നു.

245. സംസ്ഥാനത്ത് ഭൂമിയുടെ കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട മുദ്രവിലയും രജിസ്ട്രേഷൻ ഫീസും നിർണയിക്കുന്നതിനുള്ള അടിസ്ഥാനമാണ് ന്യായവില. അതിനാൽ തന്നെ ന്യായവിലയ്ക്ക് സംസ്ഥാന വരുമാനത്തിൽ സുപ്രധാനമായ പങ്കുണ്ട്. നിലവിലുള്ള ന്യായവില പല പ്രദേശങ്ങളിലും യഥാർത്ഥ വിപണി സാഹചര്യങ്ങളെ പ്രതിഫലിപ്പി ക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ചില പ്രദേശങ്ങളിൽ നിശ്ചയിച്ചിട്ടുള്ള ന്യായവില ഭൂമിയുടെ യഥാർത്ഥ വിപണിവിലയേക്കാൾ കൂടുതലും മറ്റു ചില പ്രദേശങ്ങളിൽ നിലവിലുള്ള വിപണിവിലയേക്കാൾ കുറവുമാണ്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും ശാസ്ത്രീയവും സുതാര്യവും വിപണി യാഥാർത്ഥ്യങ്ങളോട് ചേർന്നു നിൽക്കുന്നതുമായ മൂല്യനിർണയ സംവിധാനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില സമഗ്രമായി പുനഃപരിശോധിക്കും. സാങ്കേതികവിദ്യയുടെ സഹായത്തോടെയും വസ്തുനിഷ്ഠമായ വിപണി വിവര ങ്ങളുടെയും ഫീൽഡ് തലത്തിലുള്ള ഡാറ്റയുടെയും അടിസ്ഥാനത്തിലുമായിരിക്കും ഈ പരിഷ്കരണം നടപ്പിലാക്കുക.

246. 2010-ൽ നടപ്പിലാക്കിയ ന്യായവില നിർണ്ണയവുമായി ബന്ധപ്പെട്ട കേരള സ്റ്റാമ്പ് ആക്ട് 1959 സെക്ഷൻ 28A പ്രകാരമുള്ള ധാരാളം അപ്പീൽ അപേക്ഷകൾ നിലവിൽ തീർപ്പാകാതെ കിടക്കുന്നുണ്ട്. ഇവ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി പ്രത്യേക അദാലത്തുകൾ ഉൾപ്പെടെ യുള്ള നടപടികൾ സ്വീകരിക്കുന്നതും, നിലവിലുള്ള എല്ലാ അപ്പീലുകളും 2026 ഒക്ടോബർ 31-നകം തീർപ്പാക്കുന്നതു മാണ്.

247. പേപ്പർ രഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി,

1908-ലെ രജിസ്ട്രേഷൻ ആക്ട് പ്രകാരം നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതില്ലാത്ത രേഖകൾക്കു ഡിജിറ്റൽ സ്റ്റാമ്പിംഗ് സൗകര്യം വിപുലീകരിക്കുന്നതാണ്. ഇതിലൂടെ മുദ്രവില പൂർണമായും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുകയും, സർക്കാരിന്റെ റവന്യൂ വരുമാനം വർധിക്കുകയും ചെയ്യും.

248. കേരളത്തിൽ നിന്നുള്ള ഉപഭോക്താക്കൾ എടുക്കുന്ന ഇൻഷുറൻസുകളിൽ നിന്ന് ലഭിക്കേണ്ട മുദ്രവില വരുമാനം സംസ്ഥാനത്തിനു തന്നെ ലഭ്യമാക്കുന്നതിനായി, ഇ-സ്റ്റാമ്പിംഗ് സംവിധാനം സ്വകാര്യ ഇൻഷുറൻസ് കമ്പനികളിലേക്കും വ്യാപിപ്പിക്കുന്നതാണ്. ധനകാര്യ മേഖലയിലെ ഡിജിറ്റൽ സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് നിലവിൽ ലഭ്യമായ ഇ-സ്റ്റാമ്പിംഗ് സൗകര്യം നോൺ ബാങ്കിങ് ഫിനാൻഷ്യൽ കമ്പനികൾ ഉൾപ്പെടെയുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ്.

249. കേരള സ്റ്റാമ്പ് ആക്ട്, 1959 പ്രകാരമുള്ള **അണ്ടർ വാലുവേഷൻ** കേസുകളുടെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയും അപ്പീൽ നടപടികൾ പൂർത്തിയാവുകയും ചെയ്ത ശേഷവും, നിർണയിക്കപ്പെട്ട കുടിശ്ശിക മുദ്രവില അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, അത്തരം കുടിശ്ശിക തുക ബന്ധപ്പെട്ട ആധാരത്തിലെ വസ്തുവിന്മേലുള്ള ബാധ്യതയായി (Charge on Property) കണക്കാക്കുന്നതാണ്. ഇതുവഴി സർക്കാർ കുടിശ്ശികകൾ കൂടുതൽ ഫലപ്രദമായി ഈടാക്കാൻ കഴിയുന്നതോടൊപ്പം, ഭാവിയിൽ വസ്തു വാങ്ങുന്നവർക്ക് ഇടപാടിൽ

ഏർപ്പെടുന്നതിന് മുമ്പ് ഇത്തരം ബാധ്യതകളെക്കുറിച്ച് അറിവ് ലഭിക്കുന്നതും ഉറപ്പാക്കുന്നതാണ്.

250. ഇടത്തരം മൂല്യമുള്ള ഇടപാടുകൾക്കായി സ്റ്റാമ്പ് പേപ്പറുകളുടെ ലഭ്യത പൊതുജനങ്ങൾക്ക് കൂടുതൽ സുഗമമാക്കുന്നതിനും സ്റ്റാമ്പ് പേപ്പർ വിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി, ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടർമാർക്ക് സ്റ്റാമ്പ് പേപ്പർ വിൽപ്പന നടത്തുന്നതിനുള്ള നിലവിലെ 1 ലക്ഷം രൂപ എന്ന പരിധി 3 ലക്ഷം രൂപയായി ഉയർത്തുന്നതാണ്.

**പൊതുമരാമത്ത് വകുപ്പ്**

251. പൊതുമരാമത്ത് വകുപ്പിനായി 5,952.29 കോടി രൂപ വകയിരുത്തുന്നു.

252. പൊതുമരാമത്ത് വകുപ്പ് മുഖേനയുള്ള പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുവാൻ ഒരു പുതിയ ചട്ടക്കൂട് കൊണ്ടുവരും. നിലവിലുള്ള പി.ഡബ്ല്യു.ഡി. മാനുവൽ പരിഷ്ക്കരിക്കും.

253. കേരളത്തിലെ റോഡുകളും ബൈപ്പാസുകളും ജംഗ്ഷനുകളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ആധുനികവത്കരിക്കുന്നതിനുമായി പുതിയ ‘റോഡ് ആർക്കിടെക്ച്ചർ വിംഗ്’ രൂപീകരിക്കും. അഞ്ച് വർഷം കൊണ്ട് കേരളത്തിലെ എല്ലാ പൊതുമരാമത്ത് റോഡുകളും ഘട്ടംഘട്ടമായി BM & BC നിലവാരത്തിലേക്ക് ഉയർത്തും. വിദേശ രാജ്യങ്ങളിലേതിന് സമാനമായി AI സാങ്കേതിക വിദ്യയുടെ സഹായത്തോടെ റോഡുകളുടെ പരിശോധന സംവിധാനം നടപ്പാക്കും.

## ഭക്ഷ്യപൊതുവിതരണ വകുപ്പ്

254. സപ്ലൈകോ, ഹോർട്ടികോർപ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വിതരണ ശൃംഖലയിലെ പോരായ്മകൾ പരിഹരിക്കും. ഈ ഏജൻസികളെ സ്വയം പര്യാപ്തമാക്കും. കൂടാതെ, സപ്ലൈ ചെയിൻ മാനേജ്മെന്റ് മോഡലിൽ അവശ്യവസ്തുക്കൾ സംഭരിച്ച് ആധുനികമായ രീതിയിൽ സംഭരണ സൗകര്യങ്ങൾ ഏർപ്പെടുത്തി സപ്ലൈകോയെ സ്വയംപര്യാപ്തമാക്കും. സപ്ലൈകോയ്ക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള കുടിശിക നേടിയെടുക്കുവാൻ നടപടിയെടുക്കും.

## മറ്റു പ്രധാന പദ്ധതികൾ

255. പുഞ്ചക്കൊല്ലി-അളക്കൽ ആദിവാസി ഊരിലെ നൂറുകണക്കിന് ആളുകൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ പുന്നപ്പുഴയ്ക്ക് കുറുകെ പുഞ്ചക്കൊല്ലി പാലം പണിയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

256. നിലമ്പൂർ ഗവൺമെന്റ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

257. പത്തനാപുരം ടൗൺ റിംഗ് റോഡ് നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കും. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

258. ആറന്മുള കണ്ണാടി എക്സ്ക്ലൂസീവ് എക്സിബിഷൻ സെന്റർ ആന്റ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

259. പൂന്തുറയിലെ മത്സ്യത്തൊഴിലാളികളുടെ എക്കാലത്തെയും ആവശ്യമായ പൂന്തുറ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനും പൂന്തുറ-ഇടയാർ പാലം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.

260. എൻ.എച്ച്.-66–ലെ കോഹിന്നൂരിൽ നിന്നും കോഴിക്കോട് വിമാനത്താവളത്തിലേക്ക് ഒരു എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിനായി 1 കോടി രൂപ വകയിരുത്തുന്നു.

261. വള്ളിക്കുന്ന് മണ്ഡലത്തിലെ ചേളാരിയിലും ഇരിക്കൂർ മണ്ഡലത്തിലെ ശ്രീകണ്ഠാപുരത്തും ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.

262. കരുനാഗപ്പള്ളി, ചാലക്കുടി എന്നിവിടങ്ങളിൽ റവന്യു ടവർ സ്ഥാപിക്കുന്നതിനും മഞ്ചേശ്വരം താലൂക്കിൽ മിനി സിവിൽ സ്റ്റേഷനും വടകര താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും 4 കോടി രൂപ വകയിരുത്തുന്നു.

263. ഇടക്കുളങ്ങര വ്യവസായപാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1 കോടി രൂപ വകയിരുത്തുന്നു.

264. കോട്ടയത്തെ സ്കൈവാക്കിന്റെ പ്രവൃത്തികൾ പുനരാരംഭിക്കും.

265. സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടിക്കായി 2 കോടി രൂപ വകയിരുത്തുന്നു.

266. ഗോശ്രീ-ബോൾഗാട്ടി സമാന്തര പാലം നിർമ്മിക്കുന്നതിനും ഗോശ്രീ-മാമംഗലം റോഡിന് ആവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനും നിർമ്മിക്കുന്നതിനും പ്രാരംഭ നടപടിക്കായി

1 കോടി രൂപയും ഒറ്റപ്പാലം കോടതി സമുച്ചയം നിർമ്മാണത്തിനായി പ്രാഥമിക ചെലവുകൾക്കായി 1 കോടി രൂപയും വകയിരുത്തുന്നു.

267. പൊന്നാനി തീരദേശ സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി 3 കോടി രൂപ വകയിരുത്തുന്നു. നിർമ്മാണത്തിന് ആവശ്യമായി വരുന്ന ബാക്കി തുക നബാർഡ് അടക്കമുള്ള സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കും.

268. വയനാട് വാണിയമ്പലത്ത് ROB നിർമ്മിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്. ഇതിന്റെ പ്രാരംഭ നടപടിക്കായി 5 കോടി രൂപ വകയിരുത്തുന്നു.

269. വിശുദ്ധ ചാവറയച്ചന്റെ സ്മരണ നിലനിർത്തുന്നതിനായി കുനമ്മാവ് സെന്റ് ഫിലോമിനാസ് & സെന്റ് ചാവറ തീർത്ഥാടന കേന്ദ്രത്തിന് അദ്ദേഹം ഉപയോഗിച്ചിരുന്ന 175 വർഷം പഴക്കമുള്ള മുറി, ആശ്രമ കെട്ടിടം, ചരിത്ര സാംസ്കാരിക മ്യൂസിയം എന്നിവയുടെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വകയിരുത്തുന്നു.

270. പ്രസിദ്ധമായ ആറന്മുള വള്ളംകളിയുടെ മുഖ്യ സംഘാടകരായ 52 പള്ളിയോടങ്ങൾക്ക് നൽകിവരുന്ന 10,000 രൂപയുടെ ഗ്രാന്റ് 15,000 രൂപയാക്കി വർദ്ധിപ്പിക്കുന്നു.

271. പൊന്നാനി കേന്ദ്രമാക്കി മലബാർ തിണ്ടീസ് കൾച്ചറൽ ബിനാലെ സംഘടിപ്പിക്കും.

272. വയനാട് പാക്കേജിൽ ഉൾപ്പെടുത്തി മൈസൂർ-നഞ്ചൻകോട് റോഡ് (നിലമ്പൂർ റോഡ്) നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടിക്കായി 2 കോടി രൂപ വകയിരുത്തുന്നു.

273. ആർട്ടിസ്റ്റ് നമ്പൂതിരിയുടെ സ്മരണയ്ക്കായി നമ്പൂതിരി ട്രസ്റ്റിന്റെ സഹായത്തോടെ കൾച്ചറൽ സെന്റർ ആൻഡ് മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള സഹായധനമായി 1 കോടി രൂപ വകയിരുത്തുന്നു.

274. അന്തരിച്ച പ്രശസ്ത നടൻ സലിംകുമാറിന് എറണാകുളത്ത് സ്മാരകം നിർമ്മിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

275. പ്രശസ്ത ഗസൽ ഗായകനായിരുന്ന ഉമ്പായിയുടെ നാമധേയത്തിൽ മ്യൂസിക് അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 1 കോടി രൂപ വകയിരുത്തുന്നു.

276. കോതമംഗലം നിയോജക മണ്ഡലത്തിലെ ചേലാട് ഒരു അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

277. മലപ്പുറം താലൂക്ക് ആശുപത്രിയെ ഒരു സൂപ്പർസ്പെഷ്യാലിറ്റി ജനറൽ ആശുപത്രിയാക്കി ഉയർത്തുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കായി 5 കോടി രൂപയും, മലപ്പുറത്ത് ആധുനിക രീതിയിലുള്ള ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കായി 10 കോടി രൂപയും വകയിരുത്തുന്നു.

278. എറണാകുളം മെഡിക്കൽ കോളേജിന്റെ നവീകരണ ത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.

279. കൊല്ലം ചിന്നക്കടയിൽ സ്കൈ വേ, അർബൻ പാർക്ക് എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രാഥമിക ചെലവുകൾ ക്കായി 5 കോടി രൂപ വകയിരുത്തുന്നു.

280. കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജ് നവീകരണത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

281. ശ്രീനാരായണ ഗുരുവിന് ഡൽഹിയിൽ പ്രതിമയും സാംസ്കാരിക കേന്ദ്രവും സ്ഥാപിക്കുന്നതിനായി 1 കോടി രൂപ വകയിരുത്തുന്നു.

282. കെ.യു.ഡബ്ല്യു.ജെ. നടപ്പാക്കുന്ന വിവിധ ക്ഷേമപ്രവർത്തന ങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകും.

283. നോൺ ജേണലിസ്റ്റ് പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

284. ചാലക്കുടിയിൽ പനമ്പള്ളി ഗോവിന്ദമേനോൻ സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

285. മഹാകവി ഉള്ളൂർ എസ്. പരമേശ്വര അയ്യരുടെ 150-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി ഉള്ളൂർ സ്മാരക ലൈബ്രറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് പ്രത്യേക സാമ്പത്തിക സഹായമായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

286. പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഓരാടം പാലം – മാനത്ത്മംഗലം ബൈപാസ് റോഡ് നിർമ്മാണത്തിന്റെ ഭാഗമായി പ്രഥമഘട്ട സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു.

287. അതിരപ്പള്ളിയിലെ ഇക്കോ-ഫ്രണ്ട്‌ലി ഡൈനമിക് ലൈറ്റിംഗ് പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തുന്നു.

288. പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് പദ്ധതിയുടെ അറ്റകുറ്റ പ്രവൃത്തികൾക്ക് 5 കോടി രൂപ അധികമായി വകയിരുത്തുന്നു.

289. അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിനും മറ്റ് പ്രധാനപ്പെട്ട പദ്ധതികൾക്കുമായി ഓരോ ജില്ലാ കളക്ടർക്കും പ്രതിവർഷം 50 ലക്ഷം രൂപ കോർപ്പസ് ഫണ്ടായി അനുവദിച്ചുകൊണ്ട് **ജില്ലാ കളക്ടർ ഫണ്ട്** രൂപീകരിക്കുന്നതാണ്. ഇതിനായി **7 കോടി** രൂപ വകയിരുത്തുന്നു. ഇതിന്റെ വിനിയോഗം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

290. ബാലരാമപുരം – നാവായിക്കുളം റിംഗ് റോഡ് പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തുന്നു.

291. ചാലിശ്ശേരി സി.എച്ച്.സി. കെട്ടിടത്തിനായി 2 കോടി രൂപ വകയിരുത്തുന്നു.

292. തൃത്താല നിയോജകമണ്ഡലത്തിൽ കെ.ആർ. നാരായണൻ സിവിൽ സർവ്വീസ് അക്കാഡമിക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

293. യശഃശരീരനായ മുൻ മുഖ്യമന്ത്രി ആർ. ശങ്കറിന് പട്ടത്ത് സ്മാരക മന്ദിരം നിർമ്മിക്കുന്നതിന് ആർ. ശങ്കർ ഫൗണ്ടേഷൻ ഓഫ് കേരളയ്ക്ക് 1 കോടി രൂപ വകയിരുത്തുന്നു.

**സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്**

294. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, സാങ്കേതികവിദ്യയും AI അധിഷ്ഠിത ഡാറ്റ അനലിറ്റിക്സും പ്രയോജനപ്പെടുത്തി

നിരീക്ഷണവും റിട്ടേൺ സ്ക്രൂട്ടിനിയും കൂടുതൽ കാര്യക്ഷമമാക്കും. ജി.എസ്.ടി.-ക്ക് മുമ്പുള്ള നിയമങ്ങളിലെ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തും. സർവീസ് മേഖലക്ക് പ്രാമുഖ്യം നൽകി, സെക്ടർ അധിഷ്ഠിത ഓഡിറ്റ് സംവിധാനം നടപ്പിലാക്കും. തീർപ്പാക്കുവാനുള്ള അപ്പീലുകൾ വേഗത്തിൽ തീർപ്പാക്കും. നികുതി സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താത്ത മേഖലകൾ കണ്ടെത്തി ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം മറ്റ് ധനകാര്യ, നിയന്ത്രണ ഏജൻസികളുമായുള്ള ഡാറ്റാ ഷെയറിംഗ് വർദ്ധിപ്പിക്കും.

295. വകുപ്പിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ആധുനിക ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ, AI ടൂളുകൾ എന്നിവ ഉപയോഗിച്ചുള്ള Data Driven Decision Support System നടപ്പിലാക്കും. ഇതിനായി 30 കോടി രൂപ വകയിരുത്തുന്നു.

**ലോട്ടറി വകുപ്പ്**

296. സർ, ലോട്ടറി വകുപ്പിനെ നവീകരിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന ലോട്ടറി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് സമഗ്രമായി പുനർനിർമ്മിക്കുന്നതിനോടൊപ്പം, ഏജന്റുമാർക്ക് പണരഹിത ഇടപാടുകൾ സാധ്യമാക്കുന്നതിനായി ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (E-POS) മെഷീനുകൾ ഏർപ്പെടുത്തുന്നതാണ്. ഏജന്റ് പോർട്ടൽ മുഖേന ഓൺലൈനായി ടിക്കറ്റുകൾ ആവശ്യപ്പെടുന്നതിനും ഓട്ടോമേറ്റഡ് ഇൻവോയ്സിങ് സാധ്യമാക്കുന്നതിനുമായി സെയിൽസ് മൊഡ്യൂൾ പരിഷ്കരിച്ചുകൊണ്ട് വകുപ്പിന്റെ

പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതാണ്. ഡാറ്റാ അധിഷ്ഠിത ഭരണനിർവ്വഹണത്തെ പിന്തുണയ്ക്കുന്നതിനായി, വിൽപ്പനയും ഇൻവെന്ററി പ്രവണതകളും നിരീക്ഷിക്കുന്നതിന് ആധുനിക ഡാറ്റാ അനലിറ്റിക്സ് പ്ലാറ്റ്ഫോം സജ്ജമാക്കും. കൂടാതെ, ഉത്തരവാദിത്തമുള്ള ലോട്ടറി പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുമായി പുതുതായി രൂപീകരിച്ച ഒരു സോഷ്യൽ മീഡിയ കമ്മിറ്റി നേതൃത്വം നൽകും.

**ജീവനക്കാര്യം**

297. ജീവനക്കാരുടെ ഡി.എ., പെൻഷൻകാരുടെ ഡി.ആർ. എന്നിവ മുടക്കം കൂടാതെ നൽകും.

298. ലീവ് സറണ്ടറിന്റെ കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളും.

299. ജീവനക്കാരുടെ ആരോഗ്യ സുരക്ഷാ പദ്ധതിയായ 'മെഡിസെപ്പ്' സമഗ്രമായി പരിഷ്കരിക്കും.

300. മുൻ സർക്കാർ പ്രഖ്യാപിച്ച അഷ്വേർഡ് പെൻഷൻ പദ്ധതിയിൽ അവ്യക്തത നിലനിൽക്കുന്നു. ആയതിനാൽ ഇതു സംബന്ധിച്ച് വിലയിരുത്തൽ നടത്തിയ ശേഷം നിലവിലുള്ള എൻ.പി.എസ്. പെൻഷൻ സംവിധാനം പരിഷ്കരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളും.

## ഭാഗം – IV

## വിഭവ സമാഹരണം

### ചരക്ക് സേവന നികുതി വകുപ്പ്

### ഫ്ലഡ് സെസ്സ് കുടിശ്ശിക തീർപ്പാക്കൽ പദ്ധതി 2026

301. പ്രകൃതി ദുരന്തങ്ങൾ മൂലം സംസ്ഥാനത്തിന് ആവശ്യമായ അധിക വിഭവസമാഹരണത്തിനായി 2019 ആഗസ്റ് 1 മുതൽ 2021 ജൂലൈ 31 വരെ ജി.എസ്.ടി. ബാധകമായ ബിസിനസ്സ് ടു കസ്റ്റമർ (B2C) സപ്ലൈകളിൽ ഒരു ശതമാനം ഫ്ലഡ് സെസ്സ് ഈടാക്കിയിരുന്നു. ഫ്ലഡ് സെസ്സിന്റെ കാലാവധി അവസാനിച്ചെങ്കിലും, അതുമായി ബന്ധപ്പെട്ട നിരവധി കുടിശ്ശികകൾ നിലനിൽക്കുന്നുണ്ട്.

302. മുൻ കാലങ്ങളിൽ നൽകിയിരുന്ന ഈ ഇനത്തിലെ ആംനസ്റ്റി പദ്ധതി ഹ്രസ്വ കാലത്തേക്കുള്ളവയായിരുന്നു. നികുതി ദായകരുടെ ഭാഗത്ത് നിന്നും ഇത്തരം കുടിശ്ശികകൾ തീർപ്പാക്കുന്നതിന് അവസരം വേണമെന്ന ആവശ്യം ഉന്നയിച്ചിരിക്കുന്നതിനാലും, വ്യാപാരികൾക്ക് ആശ്വാസം നൽകുന്നതിനും, **'ഫ്ലഡ് സെസ്സ് കുടിശ്ശിക തീർപ്പാക്കൽ പദ്ധതി 2026'** എന്ന ആംനസ്റ്റി പദ്ധതി പ്രഖ്യാപിക്കുന്നു.

303. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന നികുതിദായകർക്ക് കുടിശ്ശികയുള്ള ഫ്ലഡ് സെസ്സ് തുക മാത്രം ഒടുക്കുന്ന പക്ഷം, അതുമായി ബന്ധപ്പെട്ട പലിശയും പിഴയും പൂർണ്ണമായും ഒഴിവാകുന്നതാണ്.

304. ഈ പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള അവസാന തീയതി 2027 മാർച്ച് 31 ആയിരിക്കും.

**ചെറുകിട നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി - 2026**

305. ജി.എസ്.ടി. നിയമം വരുന്നതിനു മുൻപുള്ള വിവിധ നികുതി നിയമങ്ങളുമായി ബന്ധപ്പെട്ട് നിരവധി കുടിശ്ശികകൾ നിലനിൽക്കുന്നുണ്ട്. എന്നാൽ ഇതിൽ പല കുടിശ്ശികകളും വളരെ പഴക്കമേറിയതും ചെറിയ തുകകൾ ഉൾപ്പെടുന്ന വയും ആണ്.

306. ആയതിനാൽ The Kerala Surcharge on Taxes Act, The Kerala General Sales Tax Act, The Kerala Tax on Luxuries Act, The Kerala Agricultural Income Tax Act, The Kerala Value Added Tax Act, The Central Sales Tax Act എന്നീ പഴയകാല നികുതി നിയമങ്ങളുമായി ബന്ധപ്പെട്ടുള്ള, 2017-18 സാമ്പത്തിക വർഷം വരെയുള്ള നികുതി നിർണ്ണയ ഉത്തരവുകളിൽ, അമ്പതിനായിരത്തിന് (₹50,000/-) മുകളിൽ വരുന്നതും എന്നാൽ രണ്ടു ലക്ഷം (₹2,00,000/-) കവിയാത്തതുമായ നികുതി തുകയുള്ള കുടിശ്ശികകളെ, അവയുടെ പിഴയും പലിശയും അടക്കം പൂർണ്ണമായും ഒഴിവാക്കും. ഈ ആനുകൂല്യം 2027 മാർച്ച് 31 വരെ തീർപ്പാക്കുന്ന നികുതി നിർണ്ണയ ഉത്തരവുകളിലെ നികുതി കുടിശ്ശികകൾക്കു ബാധകമായിരിക്കും. എന്നാൽ ഈ ആനുകൂല്യം, കേരള പൊതു വിൽപ്പന നികുതി നിയമം - 1963 പ്രകാരമുള്ള മദ്യ വിൽപ്പനയുമായി ബന്ധപ്പെട്ട കുടിശ്ശികകൾക്കു ബാധകമായിരിക്കുകയില്ല.

**വീര്യം കുറഞ്ഞ മദ്യത്തിന്റെ വില്പന നികുതി നിരക്ക്**

307. സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യത്തിന്റെ വിപണനം അനുവദിക്കുന്നതിനായി, 2022-23-ലെ അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ

കാലയളവിൽ വിദേശ മദ്യ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭേദഗതി പ്രകാരം, 0.5% v/v മുതൽ 20% v/v വരെ ആൽക്കഹോൾ വീര്യമുള്ള, ബിയറും വൈനും ഒഴികെയുള്ള, മദ്യ ഉൽപ്പന്നങ്ങളെ 'Low Alcoholic Beverage' എന്ന ഒരു പ്രത്യേക വിഭാഗമായി പരിഗണിച്ചിട്ടുണ്ട്.

308. ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന മദ്യ ഉൽപ്പന്നങ്ങളുടെ നികുതി ഘടനയിൽ വ്യക്തത വരുത്തുന്നതിനായി അവയ്ക്ക് അനുയോജ്യമായ വില്പന നികുതി നിരക്ക്, കേരള പൊതു വിൽപ്പന നികുതി നിയമ പ്രകാരം നിശ്ചയിക്കേണ്ടതുണ്ട്.

309. ഈ സാഹചര്യത്തിൽ, 0.5% v/v മുതൽ 10% v/v വരെ വീര്യമുള്ള ഇത്തരം ഉല്പന്നങ്ങൾക്ക് 120% ശതമാനം വില്പന നികുതി നിരക്കും, 10% v/v നു മുകളിൽ 20% v/v വരെ വീര്യമുള്ളവയ്ക്കു 175% വില്പന നികുതി നിരക്കും നിശ്ചയിക്കുന്നു.

**സംസ്ഥാന ചരക്ക് സേവന നികുതി നിയമം**

310. ജിഎസ്ടി കൗൺസിലിന്റെ ശിപാർശയെ തുടർന്ന് കൊണ്ടുവന്ന 2026-ലെ യൂണിയൻ ഫിനാൻസ് ആക്ട് പ്രകാരം, 2017-ലെ കേന്ദ്ര ചരക്ക് സേവന നികുതി നിയമത്തിൽ ഉൾപ്പെടുത്തിയ ഭേദഗതികൾക്ക് അനുസൃതമായി 2017-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലും ഭേദഗതികൾ വരുത്തും.

**മോട്ടോർ വാഹന വകുപ്പ്**

311. പൊതു ഗതാഗത മേഖലയെ സംരക്ഷിക്കുന്നതിനായി സ്റ്റേജ് കാരിയേജ് ബസുകൾക്ക് നിലവിലെ ത്രൈമാസ നികുതി യിൽ 50 ശതമാനം ഇളവ് അനുവദിക്കുന്നു.

312. കേരളത്തിലേക്ക് രജിസ്ട്രേഷനായി കൂടുതൽ ഓൾ ഇന്ത്യ ടൂറിസ്റ്റ് ബസുകൾ എത്തുന്നതിനും അന്തർ സംസ്ഥാന യാത്രാ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുമായി ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് (AITP) ബസുകളുടെ ത്രൈമാസ നികുതി കുറയ്ക്കുന്നു.

| AITP | നിലവിലെ നികുതി | പരിഷ്കരിച്ച നികുതി |
|---|---|---|
| സീറ്റ് ഒന്നിന് | 2000 | 900 |
| സ്ലീപ്പർ ഒന്നിന് | 3000 | 1500 |

നിലവിലെ ത്രൈമാസ നികുതിയായ സീറ്റ് ഒന്നിന് 2000 രൂപ എന്ന നിരക്ക് 900 രൂപ ആയും, സ്ലീപ്പർ ഒന്നിന് നിലവിലെ 3000 രൂപ എന്നത് 1500 രൂപ ആയും കുറയ്ക്കുന്നു .

313. കേരളത്തിലേക്ക് കൂടുതൽ ട്രെയിലർ വാഹനങ്ങളുടെ രജിസ്ട്രേഷനുകൾ ആകർഷിക്കുന്നതിനായി ട്രെയിലർ വാഹനങ്ങളുടെ ത്രൈമാസ നികുതി സ്ലാബുകൾ ഏകീകരിച്ച് പരിഷ്കരിക്കുന്നു.

| Gross Vehicle Weight of Trailer | നിലവിലെ നികുതി | പരിഷ്കരിച്ച നികുതി |
|---|---|---|
| 15,000 kg to 20,000 kg | ₹2,550 + ₹130 per 250 kg excess | ₹2,550 + ₹130 per 250 kg excess |
| Above 20,000 kg | ₹5,150 + ₹250 per 250 kg excess | |

20 ടണ്ണിന് മുകളിൽ ഭാരമുള്ള ട്രെയിലർ വാഹനങ്ങളുടെ അധിക നികുതി ചുമത്തിയിരുന്ന സ്ലാബ് ഒഴിവാക്കി,

15 ടണ്ണിന് മുകളിൽ ഭാരമുള്ള വാഹനങ്ങളുടെ നികുതി നിരക്കിലേക്ക് കുറച്ചു.

314. ഇലക്ട്രിക് വാഹനങ്ങളുടെ നികുതിഘടന പരിശോധിച്ചു പരിഷ്കരിക്കുന്നു .

| ഇലക്ട്രിക് വാഹന വില | നിലവിലെ നികുതി | പരിഷ്കരിച്ച നികുതി |
|---|---|---|
| Up to ₹10 lakh | 5% | 3% |
| ₹10–15 lakh | 5% | 5% |
| ₹15–20 lakh | 8 % | 5% |
| ₹20–30 lakh | 10 % | 10 % |
| ₹30–40 lakh | 10 % | 10 % |
| Above ₹40 lakh | 10 % | 15% |

10 ലക്ഷം രൂപ വരെ വിലയുള്ള ഇലക്ട്രിക്ക് വാഹനങ്ങളുടെ റോഡ് നികുതി നിലവിലെ 5% ൽ നിന്നും 3% ആയി കുറച്ചു. 15 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെ വിലയുള്ള ഇലക്ട്രിക്ക് വാഹനങ്ങളുടെ റോഡ് നികുതി നിലവിലെ 8% ൽ നിന്നും 5% ആയി കുറച്ചു. 40 ലക്ഷം മുതൽ വിലയുള്ള ഇലക്ട്രിക്ക് വാഹനങ്ങളുടെ റോഡ് നികുതി നിലവിലെ 10% ൽ നിന്നും 15% ആയി വർധിപ്പിച്ചു. മറ്റു നികുതി നിരക്കുകളിൽ മാറ്റമില്ല.

315. ഭിന്നശേഷിക്കാർക്ക് മോട്ടോർ വാഹന നികുതി ഇളവ് ലഭിക്കുന്ന വാഹനത്തിന്റെ മൂല്യപരിധി നിലവിലുള്ള 7 ലക്ഷം രൂപയിൽ നിന്ന് 15 ലക്ഷം രൂപയായി ഉയർത്തുന്നു.

316. 50% പിഴ മാത്രം അടച്ച് ഇ-ചെല്ലാനുകൾ തീർപ്പാക്കുന്നതിനായി ഇ-ചെല്ലാൻ ആംനസ്റ്റി പദ്ധതി നടപ്പിലാക്കുന്നതാണ്.

**രജിസ്ട്രേഷൻ വകുപ്പ്**

317. 1986 മുതൽ 2023 വരെയുള്ള കാലയളവിൽ ഏകദേശം ₹703 കോടി രൂപയുടെ കുടിശ്ശിക മുദ്രവിലയുമായി ബന്ധപ്പെട്ട 1,46,355 മുദ്രവില അണ്ടർ വാലുവേഷൻ കേസുകൾ നിലവിലുണ്ട്. ഈ സാഹചര്യം, ഇത്തരം കേസുകളുടെ തീർപ്പാക്കലിനും കുടിശ്ശിക പിരിവിനുമായി നിലവിലുള്ള സംവിധാനത്തിൽ പരിഷ്കാരങ്ങൾ അനിവാര്യ മാണെന്ന് വ്യക്തമാക്കുന്നു. അതിനാൽ, തീർപ്പാകാതെ അവശേഷിക്കുന്ന മുദ്രവില അണ്ടർ വാലുവേഷൻ കേസുകളിൽ പൊതുജനങ്ങൾക്ക് ആശ്വാസം നൽകുന്നതി നായും സർക്കാർ വരുമാന സമാഹരണം ശക്തിപ്പെടുത്തുന്ന തിനുമായി ഇളവുകളോടു കൂടിയ ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (One-Time Settlement Scheme) നടപ്പിലാക്കുന്നതാണ്.

318. 2010 മാർച്ച് 31 വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട് ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന അണ്ടർ വാലുവേഷൻ കേസുകളിൽ ദീർഘകാലമായി നിലനിൽ ക്കുന്ന ചെറുകിട ബാധ്യതകൾ അവസാനിപ്പിക്കുന്നതിനായി അന്തിമ ഉത്തരവ് പ്രകാരം നിർണ്ണയിക്കപ്പെട്ട അധിക മുദ്രവില 10,000 രൂപയിൽ താഴെയായ കേസുകളിലെ ബാധ്യത ഒറ്റത്തവണ നടപടിയായി എഴുതിത്തള്ളുന്നതാണ്. ഈ നടപടിയിലൂടെ ഉയർന്ന മൂല്യമുള്ള വരുമാന ശേഖരണ നടപടികളിൽ സർക്കാരിന് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുകയും ചെയ്യും.

319. പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി, നിലവിൽ അർഹതയുള്ള ഫ്ലാറ്റുകൾക്കും അപ്പാർട്ട്മെന്റുകൾക്കും അനുവദിച്ചിട്ടുള്ള 4 ശതമാനം മുദ്രവില നിരക്ക്, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (K-RERA) രജിസ്റ്റർ ചെയ്ത വില്ലകൾക്കും ബാധക മാക്കുന്നതാണ്.

320. കേരള സ്റ്റാമ്പ് ആക്ട്, 1959 പ്രകാരം ലഭ്യമായ എല്ലാ അപ്പീൽ പരിഹാര മാർഗങ്ങളും പൂർത്തിയായ ശേഷവും, അണ്ടർവാലുവേഷൻ കേസിൽ നിർണയിക്കപ്പെട്ട അധിക മുദ്രവില അന്തിമ ഉത്തരവിന്റെ തീയതി മുതൽ അറുപത് ദിവസത്തിനകം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, കുടിശ്ശിക തുകയിന്മേൽ യഥാർത്ഥ അടവ് തീയതി വരെ പ്രതിമാസം 1 ശതമാനം (പ്രതിവർഷം 12 ശതമാനം) നിരക്കിൽ പലിശ ഈടാക്കുന്നതാണ്.

## ഭാഗം – V

## ഉപസംഹാരം

321. സർ, വികസനമെന്നത് കേവലം പശ്ചാത്തല സൗകര്യ വികസനമല്ല. മറിച്ച്, ജനങ്ങളോടുള്ള കരുതലും അവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന ഒന്നായിരിക്കണം എന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്.

322. പദ്ധതികളും പരിപാടികളും വേഗത്തിലാക്കിക്കൊണ്ട് വികസനത്തിന്റെ ഫലങ്ങൾ എല്ലാ കേരളീയരിലേക്കു മെത്തിക്കാൻ സഹായകരമാകുന്ന, ഡാറ്റാ അധിഷ്ഠിതവും

ജനതയെ ഹൃദയത്തോട് ചേർക്കുന്നതുമായ ഒരു ഭരണസംവിധാനം കെട്ടിപ്പടുക്കുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

323. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ദുർബലർക്കും കരുതലും സഹായവും ഉറപ്പാക്കുന്ന, ചലനാത്മകവും ഊർജ്ജ സ്വലവുമായ, സാങ്കേതികവിദ്യയോടൊപ്പം സാമൂഹ്യ നീതിയിലും അധിഷ്ഠിതമായ ഒരു സംവിധാനമായിരിക്കുമത്.

324. എല്ലാ ജനവിഭാഗങ്ങൾക്കിടയിലും സഹകരണവും ഐക്യവും ഉറപ്പു വരുത്തിക്കൊണ്ട്, കേരള ജനതയുടെ പിന്തുണയോടെയും മഹനീയമായ ഈ സഭയുടെ സഹകരണത്തോടെയും സഹാനുഭൂതിയുള്ള ഭരണം (Governance with Empathy) കാഴ്ചവെച്ചുകൊണ്ട് ഭാവിതലമുറയ്ക്ക് അഭിമാനത്തോടെയും ആത്മവിശ്വാസ ത്തോടെയും സ്വായത്തമാക്കാവുന്ന ഒരു "പുതുയുഗ വികസിത കേരളം" നമുക്ക് ഒരുമിച്ച് സൃഷ്ടിക്കാം.

325. വിധിയുമായുള്ള മുഖാമുഖം (Tryst with destiny) എന്ന വിശ്വവിഖ്യാതമായ പ്രസംഗത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആധുനികവും സമഭാവന നിറഞ്ഞതും, സമൃദ്ധിയുള്ളതുമായ ഒരു നാടിനെ സ്വപ്നം കണ്ടു. അദ്ദേഹത്തിന്റെ ഈ വാക്കുകൾ നമുക്ക് ഹൃദയത്തിൽ കുറിക്കാം:-

326. "ഭാവി നമ്മളെ വിളിക്കുകയാണ്. ഏത് ദിശയിലാണ് നമ്മൾ പോകേണ്ടത്? എത്ര കഠിനമായ അദ്ധ്വാനമാണ് ചെയ്യേണ്ടത്? കൃഷിക്കാരും, തൊഴിലാളികളുമായുള്ള സാധാരണ പൗരൻമാർക്ക് എല്ലാ അവസരങ്ങളും പൂർണ്ണ സ്വാതന്ത്ര്യവും ഉറപ്പാകണം. പട്ടിണിയെ, രോഗാവസ്ഥകളെ, വിദ്യാഭ്യാസത്തിന്റെ കുറവിനെ ശക്തമായി നേരിടണം. ജനാധിപത്യവും സമ്പദ്സമൃദ്ധിയും പുരോഗമനോന്മുഖമായ

ഒരു നാടിനെ കെട്ടിപ്പടുക്കാനായി പ്രയത്നിക്കുക. എല്ലാവർക്കും നീതിയും ജീവിതത്തിന്റെ നിറവും പ്രദാനം ചെയ്യുന്ന സാമൂഹ്യ–രാഷ്ട്രീയ-സാമ്പത്തിക സംവിധാനം കെട്ടിപ്പടുക്കുകയാവണം നമ്മുടെ ആത്യന്തിക ലക്ഷ്യം".

327. സർ, 2026-27–ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന്റെ സംക്ഷിപ്ത രൂപം ഞാൻ അവതരിപ്പിക്കുകയാണ്.

## 2026-27 –ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്

(രൂപ കോടിയിൽ)

| | |
|---|---|
| റവന്യൂ വരവ് | 1,69,646.37 |
| റവന്യൂ ചെലവ് | 2,05,001.67 |
| റവന്യൂ കമ്മി | (-) 35,355.30 |
| മൂലധന ചെലവ് (തനി) | (-) 19,651.41 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 1,398.65 |
| പൊതുകടം (തനി) | 52,364.13 |
| പൊതുകണക്ക് (തനി) | 4,000.00 |
| ആകെ കമ്മി | (-) 41.23 |
| വർഷാരംഭ രൊക്ക ബാക്കി | (-) 382.45 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 423.68 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | (-) 1,080.95 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 1,504.63 |

സർ,

2026-27–ലെ പുതുക്കിയ ബജറ്റ് സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിക്കുന്നു.

**ജയ് ഹിന്ദ്**

Printed by the Superintendent of Government Presses
at the Government Central Press, Thiruvananthapuram-2026

Cover Design: Godfrey Das